# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6 -1115/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/10/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6 -1115/25 തീയ്യതി: 16/10/2025

## പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രഞ്ജിത്ത് കുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2025 | 30-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-08-2025 | 30-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. രാജേഷ് എം, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ എസ് നായർ, ഓഡിറ്റ് ഓഫീസർ
ശ്രീ. മഹേഷ്കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (23.8.2025 മുതൽ)
ശ്രീമതി അശ്വതി വി നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ (25.8.2025 മുതൽ)

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മോഹനൻ പി എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. സുനിൽകുമാർ എൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രശാന്ത് കുമാർ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 13-09-2024 |
| ശ്രീ. ഷൈജു സി | അസിസ്റ്റന്റ് സെക്രട്ടറി | 14-09-2024 | 31-03-2025 |
| ശ്രീമതി ഷൈജ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 15-10-2024 |
| ശ്രീ. ശ്രീജിത്ത് രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 16-10-2024 | 06-01-2025 |
| ശ്രീ. പ്രവീൺ സി ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-01-2025 | 29-03-2025 |
| ശ്രീ. ശ്രീജിത്ത് രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 30-03-2025 | 31-03-2025 |
| ശ്രീ. സുജിത് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തുലാപ്പള്ളി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. വിഭു ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, റാന്നി പെരുനാട് സർക്കിൾ | 01-04-2024 | 15-01-2025 |
| ശ്രീ. മനോജ് വൈ | വില്ലേജ് എക്സ്റ്റൻഷൻ | 16-01-2025 | 31-03-2025 |

| | | | |
|---|---|---|---|
| | ഓഫീസർ, റാന്നി പെരുനാട് സർക്കിൾ | | |
| ഡോ. ദീപ ദിവാകരൻ | മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 01-04-2024 | 31-03-2025 |
| ഡോ. പാർവ്വതി കെ ആർ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പൻസറി, | 01-04-2024 | 08-01-2025 |
| ഡോ. ജ്യോതി എം | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പൻസറി, | 09-01-2025 | 31-03-2025 |
| ഡോ. അരുൺകുമാർ എ വി | വെറ്ററിനറി സർജൻ | 01-04-2024 | 13-03-2025 |
| ഡോ. വിഷ്ണു നാരായണൻ | വെറ്ററിനറി സർജൻ | 14-03-2025 | 31-03-2025 |
| ശ്രീമതി സ്വപ്ന എസ് പിള്ള | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-10-2024 |
| ശ്രീ. പ്രശാന്ത് പി വി | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-11-2024 | 31-03-2025 |
| ശ്രീമതി രഞ്ജിനി പി കെ | ഫിഷറീസ് ഓഫീസർ | 01-04-2024 | 04-09-2024 |
| ശ്രീമതി അമല ജിജി | ഫിഷറീസ് ഓഫീസർ | 05-09-2024 | 31-03-2025 |
| ശ്രീമതി ശ്രീതി റ്റി എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി അർച്ചന യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ. ബിജു തോമസ് | പ്രധാനദ്ധ്യാപകൻ, ജി.എൽ.പി.എസ്, അട്ടത്തോട് | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു കെ ബേബി | പ്രധാനദ്ധ്യാപിക, ജി.എൽ.പി.എസ്, കക്കാട് | 01-04-2024 | 18-06-2024 |
| ശ്രീമതി മേരി തോമസ് | പ്രധാനദ്ധ്യാപിക, ജി.എൽ.പി.എസ്, | 19-06-2024 | 31-03-2025 |

| | | | |
|---|---|---|---|
| | കക്കാട് | | |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ട് ചെയ്തതിൽ കൃത്യതയില്ല. | 1-1-4 |
| 6 | ശബരിമല ഗ്രാന്റുകളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. | 1-1-5 |
| 7 | ഷെഡ്യൂൾ B4 ലെ ബാലൻസ് തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. | 1-1-6 |
| 8 | ഫിക്സഡ് അസറ്റ് മൂല്യത്തേക്കാൾ 2.5 ഇരട്ടി തുക ഡിപ്രീസിയേഷൻ കണക്കാക്കി. ഫിക്സഡ് അസറ്റിൽ വർദ്ധനവ് ഇല്ല. | 1-1-7 |
| 9 | ഇൻവെസ്റ്റ്മെന്റ് തുക പിൻവലിച്ചതിന്റെ രേഖകൾ ലഭ്യമല്ല. | 1-1-8 |
| 10 | ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകയുടെ വിനിയോഗ വിവരം കൃത്യമല്ല. | 1-1-9 |
| 11 | NREGS റീക്കുപ്പ്മെന്റിൽ വ്യക്തതയില്ല. | 1-1-10 |
| 12 | വസ്തുനികുതി സർചാർജ് ഇനത്തിലെ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-11 |
| 13 | വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | പ്രയർ പിരീഡ് ഇൻകം ഷെഡ്യൂളിലെ തുകയ്ക്ക് കൃത്യതയില്ല. | 1-1-13 |
| 15 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. | 1-1-14 |
| 16 | ബഡ്ജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം. | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ 76.04 ലക്ഷം രൂപ നഷ്ടമായി. | 1-11 |

| | | |
|---|---|---|
| 26 | മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 1.89കോടി രൂപയുടെ സർക്കാർ ഗ്രാന്റ് നഷ്ടപ്പെടുത്തി. | 1-12 |
| 27 | KMMC ചട്ടങ്ങൾ പാലിക്കാതെ വലിയ തോതിൽ മണ്ണെടുപ്പിനു അനുമതി നൽകി. | 1-13 |
| 28 | വസ്തുനികുതി നിർണ്ണയത്തിൽ അപാകം-പഞ്ചായത്തിന് നികുതി നഷ്ടം | 1-14 |
| 29 | മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 30 | വസ്തു നികുതിയിനത്തിൽ വൻ തുക ഈടാക്കാനവശേഷിക്കുന്നു | 1-16 |
| 31 | വസ്തുനികുതി പുനർ നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 32 | 2.55 ലക്ഷം രൂപ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു. | 1-18 |
| 33 | ഗ്രാമവണ്ടി-വികസനഫണ്ട് വിനിയോഗിച്ചത് നിയമവിരുദ്ധം | 1-19 |
| 34 | തെരുവ് വിളക്കിനാവശ്യമായ ഉപകരണങ്ങളുടെ വാങ്ങൽ സാമ്പത്തിക മിതത്വം പാലിക്കുന്നില്ല | 1-20 |
| 35 | തെരുവുവിളക്ക് പരിപാലനം - പൊതു അപാകതകൾ | 1-21 |
| 36 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവിന് തുക അധികമായി അനുവദിച്ച് നൽകി | 1-22 |
| 37 | ബോട്ടിൽബൂത്ത് സ്ഥാപിക്കൽ - നല്കിയ വിലയുടെ മൂല്യമുള്ള സാധനം ലഭിച്ചില്ല | 1-23 |
| 38 | ശബരിമല തീർത്ഥാടനം ബാരിക്കേഡ് സ്ഥാപിക്കൽ - മൂല്യ നിർണ്ണയത്തെ അധികരിച്ച് തുക നല്കി | 1-24 |
| 39 | ഇക്കോഷോപ്പ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക പാഴായി | 1-25 |
| 40 | വാട്ടർ കിയോസ്ക് വെള്ളം നിറക്കൽ -വാട്ടർ അതോറിറ്റി കൈപറ്റിയത് അധിക നിരക്ക് | 1-26 |
| 41 | പ്രവൃത്തി NON PMC ആയി ചെയ്യുന്നതിന് അനുമതി ഇല്ലാത്ത സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചു | 1-27 |
| 42 | കംപ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് കരാർ- അസാധുവായ കരാറിന് തുക നല്കി | 1-28 |
| 43 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതിലെ അപാകതകൾ | 1-29 |
| 44 | മരണമടഞ്ഞ ഗുണഭോക്താക്കളുടെ സാമൂഹ്യ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല | 1-30 |
| 45 | ടെണ്ടർ നടപടികളില്ലാതെ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി | 1-31 |
| 46 | മാമ്പാറ LP സ്കൂളിനു മൈക്ക്സെറ്റും അനുബന്ധ സാമഗ്രികകളും വാങ്ങിയതിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. | 1-32 |

| | | |
|---|---|---|
| 47 | പകൽ വീട് നിർമ്മിക്കുന്നതിന് മുൻപ് സാധനങ്ങൾ വാങ്ങി | 1-33 |
| 48 | വാട്ടർ ചാർജ്ജിനത്തിൽ അധിക തുക ഒടുക്കി | 1-34 |
| 49 | അങ്കണവാടികളിലെ ഫർണ്ണീച്ചർ വിതരണത്തിലെ അപാകതകൾ | 1-35 |
| 50 | നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. | 1-36 |
| 51 | നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാകുന്നില്ല | 1-37 |
| 52 | കാർഷിക കർമ്മസേനയുടെ അടിസ്ഥാന സൗകര്യം - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-38 |
| 53 | ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല | 1-39 |
| 54 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - രേഖകൾ അപൂർണ്ണം | 1-40 |
| 55 | വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-41 |
| 56 | അങ്കണവാടികൾക്ക് പത്രവും കാർട്ടൂൺ പ്രസിദ്ധീകരണങ്ങളുടെയും വിതരണ രേഖകളില്ല | 1-42 |
| 57 | അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിലുണ്ടായിരുന്ന പകുതിയോളം പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 1-43 |
| 58 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൂടുന്നതിൽ ചട്ട ലംഘനം | 1-44 |
| 59 | സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സുകൾ സകർമ്മയിൽ രേഖപ്പെടുത്തുന്നില്ല | 1-45 |
| 60 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം | 1-46 |
| 61 | നിക്ഷേപ പ്രവൃത്തികൾ - പൊതു അപാകതകൾ | 1-47 |
| 62 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പിരിച്ചെടുത്ത തുക നിർജ്ജീവ അവസ്ഥയിൽ | 1-48 |
| 63 | ശബരിമല ഫണ്ട് വിനിയോഗം-അവലോകനം | 1-49 |
| 64 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-50 |
| 65 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-51 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവിന് തുക അധികമായി അനുവദിച്ച് നൽകി | 3-1 |
| 2 | ഇക്കോഷോപ്പ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക പാഴായി | 3-2 |
| 3 | കാർഷിക കർമ്മസേനയുടെ അടിസ്ഥാന സൗകര്യം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-3 |
| 4 | പകൽ വീട് നിർമ്മിക്കുന്നതിന് മുൻപ് സാധനങ്ങൾ വാങ്ങി | 3-4 |

| | | |
|---|---|---|
| 5 | അങ്കണവാടികളിലെ ഫർണ്ണീച്ചർ വിതരണത്തിലെ അപാകതകൾ | 3-5 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13/06/25-ലെ 2(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

16/10/2025

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3762384 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5919834 രൂപയാണ്. അംഗീകരിക്കപ്പെട്ട

അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. 2024-25-ലെ വസ്തുനികുതി തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസമാണ് (31.03.2025-ൽ) നടത്തിയിട്ടുള്ളത്. ഉദാഹരണത്തിന് Receivables For Property Tax On Residential Buildings (Current) ₹2266869 രൂപ 31.03.2025-ലാണ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല.**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ട്രഷറിയിൽ ബേസിക്, ടൈഡ് എന്നീ ഇനങ്ങളിൽ യഥാക്രമം 830034, 6774864 രൂപ വരവുണ്ടായിരുന്നു. എന്നാൽ ഈ തുക വാർഷിക കണക്കിൽ വരവായി ഉൾപ്പെട്ടിട്ടില്ല. PFMS വഴി ബാങ്ക് അക്കൌണ്ടിൽ ബേസിക് ഇനത്തിൽ 3885000 രൂപ വരവുണ്ടായിരുന്നു. എന്നാൽ വാർഷിക കണക്കിൽ 3418258 രൂപയാണ് വരവായി എടുത്തിട്ടുള്ളത്. ഷെഡ്യൂൾ B4 പ്രകാരമുള്ള നീക്കിബാക്കിയും Rp 40 (B) യും തമ്മിൽ പൊരുത്തപ്പെടുന്നില്ല. PFMS ടൈഡ് ഗ്രാന്റിനത്തിൽ 13417001 +495553 (Interest) രൂപ നീക്കിബാക്കിയുണ്ട്. ബേസിക് ഗ്രാന്റിനത്തിൽ 6855214 രൂപയാണ് ബാലൻസ് ഉള്ളത്. വാർഷിക കണക്കുകൾ പ്രകാരം ബേസിക് ഗ്രാന്റിനത്തിൽ 7502159 രൂപയും ടൈഡ് ഗ്രാന്റിനത്തിൽ 13265609 രൂപയും ബാലൻസ് കാണിച്ചിട്ടുള്ളത്

**1-1-5 ശബരിമല ഗ്രാന്റുകളുടെ അക്കൗണ്ടിംഗ് കൃത്യമല്ല.**

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നീക്കിബാക്കി വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1539505 രൂപ നീക്കിബാക്കി ഉണ്ടായിരുന്നു. ശബരിമല ഗ്രാന്റിനത്തിൽ തൻവർഷം ലഭിച്ച വരവു ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഷെഡ്യൂൾ B4 പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റായി ലഭിച്ചതിൽ ബാലൻസ് ഉള്ള 219574 രൂപ മാത്രമാണ് ഷെഡ്യൂൾ B4-ൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്പെഷ്യൽ ഗ്രാന്റ് വരവിലോ ചെലവിലോ രേഖപ്പെടുത്തിയിട്ടില്ല.

| ഇനം | ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|
| ശബരിമല ഗ്രാന്റ് - ജനറൽ പർപ്പസ് ഫണ്ട് | 1500000 | 1280426 | 219574 |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 2357000 | 2024938 | 332062 |

**1-1-6 ഷെഡ്യൂൾ B4 ലെ ബാലൻസ് തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.**

താഴെ പറയുന്ന തുക ബാലൻസ് ആയി മുൻവർഷങ്ങളിലെ വാർഷിക കണക്കിൽ കാണിച്ചു വരുന്നുണ്ട്. എന്നാൽ ഈ തുക ഏതു വർഷം ലഭിച്ച തുകയാണെന്നോ എത്ര ചെലവഴിച്ചെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖകളും ലഭ്യമല്ല. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എന്ന ഇനത്തിൽ മുൻവർഷം 878263 രൂപ ബാലൻസ് ഉണ്ടായിരുന്നു. തൻവർഷം ഇത് 1265320 രൂപയായി വർദ്ധിച്ചിട്ടുണ്ട്. എപ്രകാരം ഈ തുക വർദ്ധിച്ചു എന്നതിനുള്ള കണക്കുകൾ ലഭ്യമല്ല.

| Code | Head | Amount |
|---|---|---|
| 320200301 | Grants- Crematorium | 160,000 |
| 320200304 | Grant For Solid Waste Management | 1,265,320 |
| 320200399 | Grants-Other Purposes | 3,418,492 |
| 320400199 | Other Financial Institutions | 350,000 |

**1-1-7 ഫിക്സഡ് അസറ്റ് മൂല്യത്തേക്കാൾ 2.5 ഇരട്ടി തുക ഡിപ്രീസിയേഷൻ കണക്കാക്കി. ഫിക്സഡ് അസറ്റിൽ വർദ്ധനവ് ഇല്ല.**

2023-24, 2024-25 എന്നീ രണ്ടു സാമ്പത്തിക വർഷങ്ങളിലുമായി ഫിക്സഡ് അസറ്റ് മൂല്യം 8776576 രൂപയാണ് ഷെഡ്യൂൾ B-11 ൽ കാണിച്ചിരിക്കുന്നത്. തൻവർഷം അസറ്റ് വർദ്ധനവ് ഉണ്ടായിട്ടില്ല. ഫിക്സഡ് അസ്സറ്റ് ഇനങ്ങൾ വേർതിരിച്ച് കാണിച്ചിട്ടുമില്ല. ഷെഡ്യൂൾ B-11(E) പ്രകാരം Capital Expenses (Infrastructure) ഇനത്തിൽ തൻവർഷം

78529894 രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ തുക അസറ്റിൽ പ്രതിഫലിക്കുന്നില്ല. കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷവും ഡിപ്രീസിയേഷൻ ഇനത്തിൽ കോടികൾ കുറവു ചെയ്തിട്ടുണ്ട്. B-11 (A) ഷെഡ്യൂൾ പ്രകാരം 2023-24-ൽ ₹2,98,69,217 രൂപ കുറവു ചെയ്തപ്പോൾ 2024-25-ൽ ₹3,44,81,321 രൂപ കുറവു ചെയ്തിട്ടുണ്ട്.

**1-1-8 ഇൻവെസ്റ്റ്മെന്റ് തുക പിൻവലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.**

2023-24 വാർഷിക കണക്കുകൾ പ്രകാരം ഷെഡ്യൂൾ B-12 Investment -Equity Shares ഇനത്തിൽ 469000 രൂപ ഗ്രാമപഞ്ചായത്തിനുണ്ടായിരുന്നു. 2024- 25 വാർഷിക കണക്കിൽ ഈ ഹെഡ്ഡിൽ തുക രേഖപ്പെടുത്തിയിട്ടില്ല. ഷെയറുകൾ വിറ്റ് തുക പിൻവലിച്ചതിന്റെയോ അത് തനതു ഫണ്ടിൽ നിക്ഷേപിച്ചതിന്റെയോ രേഖകൾ ലഭ്യമല്ല.

**1-1-9 ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകയുടെ വിനിയോഗ വിവരം കൃത്യമല്ല.**

ഷെഡ്യൂൾ B18- Loans, Advances, Deposits - നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണ് തൻവർഷവും KWA, GWD, PWD, ANERT എന്നീ ഏജൻസികളുടെ കാര്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽനിന്നും അവ ക്രമപ്രകാരം ഒഴിവാക്കേണ്ടതാണ്. സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷന് വേണ്ടി KSEB-യിൽ തൻവർഷം വിവിധ പദ്ധതികളിലൂടെ 654795 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-10 NREGS റിക്കൂപ്പ്മെന്റിൽ വ്യക്തതയില്ല.**

2023-24 വർഷത്തെ വാർഷിക കണക്കുകളിൽ NREGS-ന് 3179051 രൂപയും രജിസ്റ്ററിൽ 3073971 രൂപയും അഡ്വാൻസ് ആയി നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തമ്മിൽ 105080 രൂപയുടെ വ്യത്യാസം കാണുന്നുണ്ട്. തൻവർഷം 2901897 രൂപ NREGS-ൽ നിന്നും തനതു ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.

**1-1-11 വസ്തുനികുതി സർചാർജ് ഇനത്തിലെ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല**

**ഷെഡ്യൂൾ ബി-15:** Receivable For Surcharge On Property Tax (Current) ആയി 568224 രൂപപയും, Receivable For Surcharge On Property Tax (Arrears) ആയി 64523 രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. മുൻവർഷ കുടിശ്ശികയായ 1214846 (422565+792281) രൂപയിൽ തൻവർഷം കുടിശ്ശികയായി 64523 രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1150323 രൂപ വരവു വന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല.

**1-1-12 വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B-15, B-9 എന്നിവ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-13 പ്രയർ പിരീഡ് ഇൻകം ഷെഡ്യൂളിലെ തുകയ്ക്ക് കൃത്യതയില്ല.**

**ഷെഡ്യൂൾ ഐ-19:** Prior Period Income ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതിൽ തന്നെ മൈനസ് തുകയാണ് വന്നിട്ടുള്ളത്. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| Code | Head | Amount |
|---|---|---|
| 190100101 | Prior Period Income-Property Tax | -1,080,257 |
| 190100102 | Prior Period Income - Profession Tax Institutions/ Professionals/ Traders | 600 |
| 190200201 | Prior Period Income - License Fees | 500 |
| 190200401 | Prior Period Income - Other Incomes | -1,621,828 |

## 1-1-14 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല.

എ) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

ബി) ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-2 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് 9.2.2024-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 13.3.2025-ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| *ഇനം* | *പ്രതീക്ഷിച്ചത്* | | *യഥാർത്ഥത്തിലുള്ളത്* | |
|---|---|---|---|---|
| | പഴയത് | പുതുക്കിയത് | റസീപ്റ്റ് & പേയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
| മുന്നിരിപ്പ് | 9421340 | 2179770 | 42235602 | |
| വരവ് | 398020072 | 399723819 | 55024390 | 186076159 |
| ആകെ | 407441412 | 401903589 | 97259992 | |
| ചെലവ് | 400727913 | 399209154 | 51262006 | 180498895 |
| നീക്കിയിരിപ്പ് | 6713499 | 2694435 | 45997986 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
|---|---|---|
| മുന്നിരിപ്പ് | 42235602 | |
| വരവ് | 55024390 | 186076159 |
| ആകെ | 97259992 | |
| ചെലവ് | 51262006 | 180498895 |
| നീക്കിയിരിപ്പ് | 45997986 | |

## 1-4 ഗ്രാന്റ് വിനിയോഗം.

| ഫണ്ട് | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക/ ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23057000 | 23057000 | 20574987 | 2482013 |
| വികസന ഫണ്ട് (SCP) | 0 | 8233000 | 8233000 | 4152704 | 4080296 |
| വികസന ഫണ്ട് (TSP) | 0 | 4024000 | 4024000 | 3497774 | 526226 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 10934809 | 8961000 | 19895808 | 6478808 | 13417001 + (495553-Interest) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)- Treasury | 0 | 6774864 | 6774864 | 0 | 6774864 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) | 6388472 | 3885000 | 10273472 | 3418258 | 6855214 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied)- Treasury | 0 | 830034 | 830034 | 0 | 830034 |
| ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാസ്ട്രക്ച്ചർ | 886835 | 339000 + 18359 (Int) | 1244194 | 705970 | 538224 |
| ഹെൽത്ത് ഗ്രാന്റ് - സബ് സെന്റർ | 8432112 | 237929 | 8670041 | 0 | 8670041 |
| ഹെൽത്ത് ഗ്രാന്റ് - വെൽനെസ്സ് സെന്റർ | 58615 | 552722 | 611337 | 43306 | 568031 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 27703000 | 27703000 | 13385476 | 14317524 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 7179000 | 7179000 | 2517199 | 4661801 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| ICDS | 1363389 | 2167544 | 3530933 | 457135 | 3073798 |
| MGNREGS | 1342956 | 1573203 | 2916159 | 2901897 | 14262 |
| **സംസ്ഥാനാവിഷ്കൃത പദ്ധതികൾ** | | | | | |
| സാക്ഷരത | 21988 | 0 | 21988 | 0 | 21988 |
| ശബരിമല ഗ്രാന്റ് | 1539505 | 3857000 | 5396505 | 3305364 | 2091141 |
| ശുചിത്വ മിഷൻ | 69000 | 0 | 69000 | 0 | 69000 |
| വരൾച്ച ദുരിതാശ്വാസ ഗ്രാന്റ് | 17763 | 0 | 17763 | 0 | 17763 |
| ബയോഡൈവേഴ്സിറ്റി | 453177 | 387514 | 840691 | 271676 | 569015 |

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ**

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1958431 |
| വികസന ഫണ്ട് (ജനറൽ) | അങ്കണവാടി അധിക വേതനം | 1296600 |
| വികസന ഫണ്ട് (എസ്.സി.പി.) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 373487 |
| വികസന ഫണ്ട് (എസ്.സി.പി.) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 546909 |

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് വർഷം 302 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 204 എണ്ണം നടപ്പിലാക്കി (67.55%). വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വകയിരുത്തലും ചെലവ് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | | | വകയിരുത്തിയ തുക | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | ആകെ | | പുതിയത് | സ്പിൽ ഓവർ | ആകെ | | |
| സെക്രട്ടറി | 66 | 27 | 93 | 33459359 | 27 | 25 | 52 | 16023926 | 47.9 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 8 | 20 | 5183550 | 4 | 7 | 11 | 1720163 | 33.2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 29 | 40 | 69 | 47155468 | 11 | 35 | 46 | 19566996 | 41.5 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 7 | 4 | 11 | 61514346 | 3 | 3 | 6 | 13895346 | 22.6 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 6 | 10 | 16 | 67219192 | 4 | 6 | 10 | 8146490 | 12.1 |
| കൃഷി ഓഫീസർ | 27 | 4 | 31 | 8398945 | 26 | 4 | 30 | 4235881 | 50.4 |
| വെറ്ററിനറി സർജൻ | 8 | 3 | 11 | 2145000 | 6 | 3 | 9 | 1584794 | 73.9 |
| മെഡിക്കൽ ഓഫീസർ, സാമൂഹികആരോഗ്യ കേന്ദ്രം | 4 | 6 | 10 | 3786636 | 1 | 6 | 7 | 2020535 | 53.3 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം ആശുപത്രി | 3 | 0 | 3 | 950000 | 3 | 0 | 3 | 884102 | 93.1 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 8 | 20 | 9086890 | 10 | 8 | 18 | 5061847 | 55.7 |
| എച്ച്.എം, ഗവ. എൽ.പി.എസ്, കക്കാട് & അട്ടത്തോട് | 12 | 2 | 14 | 2445061 | 8 | 1 | 9 | 1375850 | 56.3 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 0 | 2 | 2081500 | 2 | 0 | 2 | 1460389 | 70.2 |
| ഫിഷറീസ് ഓഫീസർ | 2 | 0 | 2 | 110000 | 1 | 0 | 1 | 24000 | 21.9 |
| **ആകെ** | **190** | **112** | **302** | **243535947** | **106** | **98** | **204** | **76000319** | **31.2** |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1342956 | 1573203 | 2916159 | 2901897 | 14262 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 33325423 | 33325423 | 33325423 | - |
| ആകെ | 1342956 | 34898626 | 36241582 | 36227320 | 14262 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2321 | 34255400 |
| വിധവാ പെൻഷൻ | 988 | 15057400 |
| കർഷക തൊഴിലാളി പെൻഷൻ | 220 | 3334400 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 292 | 4489200 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 272000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2025 തീയതിയിൽ 11.00 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1229 (ആയിരത്തി ഇരുനൂറ്റി ഇരുപത്തിയൊമ്പത് രൂപ മാത്രം) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്ത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും സാമ്പത്തിക സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. സമ്മിശ്ര സ്വഭാവമുള്ള സംവിധാനമാണ് പഞ്ചായത്തിലുള്ളതെന്ന് ഓഡിറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

- പഞ്ചായത്തിന്റെ സാമ്പത്തിക നില വ്യക്തമാക്കുന്ന വാർഷികകണക്ക് കൃത്യതയോടെ തയ്യാറാക്കാൻ ഓഡിറ്റ് വർഷം കഴിഞ്ഞിട്ടില്ല. അപാകതകൾ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.
- പഞ്ചായത്തിന്റെ തനത് വരുമാന മാർഗ്ഗങ്ങൾ യഥാവിധി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഓഡിറ്റ് വർഷം വീഴ്ചയുണ്ടായിട്ടുണ്ട്.
- പഞ്ചായത്തിലെ പദ്ധതി/പദ്ധതിയേതര ചെലവുകളുടെ ഫയലുകൾ പരിശോധിച്ചതിൽ ചില ഫയലുകൾ സ്വയം വിശദീകരിക്കുന്നവ (Self Explanatory) ആയിരുന്നില്ല . അധിക വിശദീകരണങ്ങൾ നല്കുന്നതിന് നിലവിലുള്ള ജീവനക്കാർക്കും കഴിയുമായിരുന്നില്ല.
- സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.
- മരണപ്പെട്ടവരുടെ പേരുവിവരം പെൻഷൻ ഡേറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കുന്നതിൽ വന്ന വീഴ്ച സർക്കാരിന് ധനനഷ്ടത്തിന് കാരണമായിട്ടുണ്ട്.
- പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനങ്ങൾ യഥാസമയം മിനിറ്റ്സിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിച്ചാൽ മാത്രമേ കുറ്റമറ്റ രീതിയിൽ പഞ്ചായത്തിന്റെ ഭരണം മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ. ഭരണസമിതിയുടെ ശ്രദ്ധ മേൽ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.3.2017 | 2011-12 മുതൽ 2015-16 വരെ | 16.5.2017 |
| പെർഫോമൻസ് ഓഡിറ്റ് | 18.4.2022 | 4/2021 മുതൽ 12/2021 വരെ | 16.6.2022 |

## 1-11 ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ 76.04 ലക്ഷം രൂപ നഷ്ടമായി.

GO(Rt)No.4802/2024/Fin, 18/06/2024, G.O(Rt) No. 2075/2025/Fin, 04/03/2025 എന്നീ ഉത്തരവുകൾ പ്രകാരം ടൈഡ് ഗ്രാന്റിനത്തിൽ യഥാക്രമം 3387432, 3387432 രൂപയും ബേസിക് ഗ്രാന്റിനത്തിൽ യഥാക്രമം 414797, 414796, 441 രൂപയും സബ്ട്രഷറിയിലുള്ള ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ചെലവഴിക്കാനാകാത്തത് വീണ്ടും അനുവദിച്ചതു പ്രകാരമാണ് ഈ തുക 2024-25 സാമ്പത്തിക വർഷം ലഭിച്ചത്. എന്നാൽ ലഭിച്ച തുകയിൽ നിന്നും യാതൊരു ചെലവും ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാമായിരുന്ന 76.04 ലക്ഷം രൂപ ഭരണതലത്തിലെ വീഴ്ച മൂലം നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)- Treasury | 6774864 | 0 | 6774864 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied)- Treasury | 830034 | 0 | 830034 |
| **ആകെ** | | | **7604898** |

ഇത്രയും തുക നഷ്ടമായതിനു ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/26.08.2025) ഉദ്യോഗസ്ഥർ ഓഡിറ്റിനു മറുപടി നൽകിയില്ല. ഉദ്യോഗസ്ഥ തലത്തിലെയും ഭരണതലത്തിലെയും വീഴ്ച കാരണം 76.04 ലക്ഷം രൂപ നഷ്ടമായതിന്മേൽ ഭരണസമിതി തലത്തിൽ തുടർനടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. സർക്കാരിനെ സമീപിച്ച് നഷ്ടമായ തുക തിരികെ ലഭിക്കാൻ സാധിക്കുമോ എന്ന തലത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-12 മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 1.89കോടി രൂപയുടെ സർക്കാർ ഗ്രാന്റ് നഷ്ടപ്പെടുത്തി.

മെയിന്റനൻസ് ഗ്രാന്റ് – റോഡ്, നോൺ റോഡ് ഇനത്തിൽ ആകെ 18979325 രൂപ സർക്കാർ ഗ്രാന്റ് നഷ്ടപ്പെടുത്തിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിന്റെ ഭൂരിഭാഗം തുകയും റോഡ് ഫണ്ടിനത്തിൽ ലഭിക്കുന്ന തുകയും പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹണം നടത്തുന്നത് അസിസ്റ്റന്റ് എഞ്ചിനീയറാണ്. ലാപ്സാക്കിയ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക/ ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 27703000 | 27703000 | 13385476 | 14317524 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 7179000 | 7179000 | 2517199 | 4661801 |
| ആകെ | 0 | 34882000 | 34882000 | 15902675 | 18979325 |

ഗ്രാന്റ് ലഭിച്ചിട്ടും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നതു മൂലമാണ് സർക്കാർ ഗ്രാന്റ് നഷ്ടപ്പെട്ടത്. 2024-25 സാമ്പത്തിക വർഷം വെറും 69 മരാമത്ത് പദ്ധതികൾക്ക് മാത്രമാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇതിൽ 44 പദ്ധതികൾക്ക് മാത്രമാണ് ചെലവുണ്ടായിട്ടുള്ളത്. 25 പദ്ധതികൾ നടപ്പായിട്ടില്ല. 2023-24 ലും 77 പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ 36 പദ്ധതികൾ മാത്രമാണ് നടപ്പായത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | **വകയിരുത്തിയത്** | | | **ചെലവഴിച്ചത്** | | | **ചെലവഴിക്കാത്തത്** | | |
|---|---|---|---|---|---|---|---|---|---|
| | സ്പിൽ ഓവർ | പുതിയത് | **ആകെ** | സ്പിൽ ഓവർ | പുതിയത് | **ആകെ** | സ്പിൽ ഓവർ | പുതിയത് | **ആകെ** |
| 2023-24 | 16 | 61 | **77** | 11 | 25 | **36** | 5 | 36 | **41** |
| 2024-25 | 40 | 29 | **69** | 35 | 9 | **44** | 5 | 20 | **25** |

**<u>സർക്കാർ ഗ്രാന്റിന് ആനുപാതികമായ പദ്ധതികൾ തയ്യാറാക്കിയില്ല</u>**

2024-25 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ ആകെ 27703000 രൂപ ലഭിച്ചിരുന്നു. എന്നാൽ 24858618 രൂപയുടെ പദ്ധതികൾ മാത്രമാണ് ഈ ഗ്രാന്റിൽ നിന്നും വാർഷിക പദ്ധതിയിൽ വകയിരുത്തിയത്. 2844382 രൂപയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ചിരുന്നില്ല. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ ആകെ 7179000 രൂപ തൻ വർഷം ലഭിച്ചിരുന്നു. എന്നാൽ 5479000 രൂപയുടെ പദ്ധതികൾ മാത്രമാണ് തുക വകയിരുത്തിയിരുന്നത്. 1711000 രൂപയ്ക്ക് പദ്ധതികൾ തയ്യാറാക്കിയില്ല. ഇപ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ **ആകെ 4555382 രൂപയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ചില്ല.**

സ.ഉ (സാധാ) നം.2513/2024/Lsgd; 20-12-2024 ഉത്തരവു പ്രകാരം ബജറ്റ് അപ്പന്റിക്സ്-4 പ്രകാരമുള്ള മുഴുവൻ തുകയും റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതിനാൽ പദ്ധതികൾ പുതുക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അനുമതി നൽകിയിരുന്നു. എന്നാൽ ഈ ആനുകൂല്യം ഗ്രാമപഞ്ചായത്ത് വിനിയോഗിക്കാത്തതിനാൽ 45.55 ലക്ഷം രൂപ കൂടി നഷ്ടമായിട്ടുണ്ട്.

മേൽ വിവരിച്ച അപാകതകൾ സംബന്ധിച്ച് ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/30.08.2025) അസിസ്റ്റന്റ് എഞ്ചിനീയർ
മറുപടി നൽകിയിട്ടില്ല. സർക്കാർ ഗ്രാന്റ് യഥാവിധി വിനിയോഗിക്കാത്തത് ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചയാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും ഈ നഷ്ടത്തിൽ ഉത്തരവാദിത്തമുണ്ട്. സർക്കാർ ഗ്രാന്റ് ലാപ്സാക്കിയത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-13 KMMC ചട്ടങ്ങൾ പാലിക്കാതെ വലിയ തോതിൽ മണ്ണെടുപ്പിനു അനുമതി നൽകി.</u>

സാധാരണ മണ്ണ്, മറ്റ് മിനറലുകളായ പാറ, ചെങ്കല്ല്, ക്ലേ, സിലിക്ക എന്നിവ ഖനനം ചെയ്യുന്നതിന് Kerala Minor Mineral Concession Rules-2015, Kerala Minerals (Illegal Mining, Storage & Transportation) Rules-2015 എന്നീ ചട്ടങ്ങളാണ് ബാധകം. G.O(P) No.38/2023/ID; 31.03.2023 വിജ്ഞാപന പ്രകാരം കേരള മൈനർ മിനറൽ കൺസെഷൻ

റൂൾസിൽ ഭേദഗതി വരുത്തി. ഇതു പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 3000 Sq.Ft വരെയുള്ള (278.7 $M^2$) കെട്ടിടനിർമ്മാണത്തിനു വേണ്ടി മണ്ണ് സൈറ്റിൽ നിന്നും മാറ്റുന്നതിനു തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി Movement Permit (Form-S) ഉം Mineral Transit Pass (Form O(A))-യിൽ നൽകണം (KM(IS&T) Rules). ഇതിനായി KMMCS റൂൾസിലെ ഷെഡ്യൂൾ -1 പ്രകാരമുള്ള റോയൽറ്റി അപേക്ഷകൻ സർക്കാരിൽ അടവാക്കണം.

KMMC റൂൾ 14 (l)(A) പ്രകാരം മണ്ണ് എടുത്തു മാറ്റേണ്ട ഏരിയ മാർക്ക് ചെയ്യേണ്ടതും മാർക്ക് ചെയ്ത ഏരിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയ + കെട്ടിടത്തിനു വേണ്ട തുറന്ന സ്ഥലം (Open Space) ൽ കൂടുതലാകാനും പാടില്ല. സുരക്ഷാ വ്യവസ്ഥകളും ഡ്രൈവ് എവേ ഏരിയയും ഇതിൽ ഉൾപ്പെടുന്നു. 1.5 M ആഴത്തിൽ മണ്ണ് എടുത്തു മാറ്റുന്ന പക്ഷം 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 10(3) പ്രകാരമുള്ള സുരക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

എന്നാൽ താഴെ പറയുന്ന അപേക്ഷകയുടെ മണ്ണെടുപ്പിനുള്ള പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും ഈ വ്യവസ്ഥകൾ പാലിച്ചില്ല എന്നു കണ്ടു. കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയും ഓപ്പൺ സ്പേസും കണക്കാക്കാതെ വലിയ ഏരിയയിൽ നിന്നും വലിയ തോതിൽ മണ്ണ് മാറ്റുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

**<u>ഫയൽ നം. 400365/BPTO01/GPO/2024/979 ; 27.02.2024</u>**

ചെറിയ വീട് (79.75 $M^2$) വയ്ക്കുന്നതിനു 627.9 $M^2$ സ്ഥലത്തെ മണ്ണ് വലിയ തോതിൽ എടുത്തു മാറ്റുന്നതിനു ഗ്രാമപഞ്ചായത്ത് അധികൃതർ അനുമതി നൽകിയിട്ടുള്ളത്. 2166 $M^3$/4332 ടൺ മണ്ണ് എടുത്തു മാറ്റുന്നതിനാണ് അനുമതി നൽകിയത്. കൊല്ലമുള വില്ലേജിലെ 55/2 സർവ്വെ നമ്പരിൽ ഉൾപ്പെട്ട ശ്രീമതി സുനിത, മരുതിമൂട്ടിൽ, നാറാണംതോട്, തുലാപ്പള്ളി പി ഒ എന്നയാളുടെ സ്ഥലത്തു നിന്നുമാണ് ഇത്രയധികം മണ്ണ് എടുത്തു മാറ്റുന്നതിനു അനുമതി നൽകിയത്. ഇതിനായി 173280 രൂപ സർക്കാരിലേക്ക് റോയൽറ്റി അടവാക്കിയിരുന്നു.

KMMC റൂൾ 14 (l)(A) പ്രകാരം അനുവദനീയമായ ഏരിയയിൽ അധികരിച്ച് മണ്ണെടുപ്പിനു അനുമതി നൽകിയതിനു സൈറ്റ് പരിശോധിച്ച സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥനും ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/26.08.2025) പെർമിറ്റിനു ശുപാർശ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

ഇലവുങ്കൽ കണമല നാഷണൽ ഹൈവേ റോഡിൽ റോഡ് നിരപ്പിൽ നിന്നും 7.5 മീറ്റർ ഉയരത്തിലുള്ള പ്ലോട്ടിലെ വീട് നിർമ്മാണത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമായി മണ്ണ് നീക്കേണ്ട വിസ്തൃതിയിൽ അധികരിച്ച് പെർമിറ്റ് നൽകേണ്ടതായി വന്നു എന്നു മറുപടി നൽകി. വീടിന്റെ പിറക് വശത്ത് 5 മീറ്ററിൽ നിന്നും 1.5 മീറ്റർ ഉയരത്തിൽ തട്ട് തട്ടായി മണ്ണ് മാറ്റുന്നതിനാണ് പെർമിറ്റ് നൽകിയതെന്നും അറിയിച്ചു. ഇതോടൊപ്പം 7.1 M ഉയരത്തിലും 2.20 മീറ്റർ ബേസ് വിഡ്ത്തിലും ഉള്ള സംരക്ഷണ ഭിത്തിയുടെ പ്ലാനും അംഗീകരിച്ചിട്ടുണ്ട് എന്നും മറുപടി നൽകി. എന്നാൽ അപേക്ഷകൻ മണ്ണ് എടുത്തു മാറ്റിയത് മേൽ പ്ലാൻ പ്രകാരമല്ല എന്നു ഓഡിറ്റിനു ലഭ്യമാക്കിയ ഫോട്ടോകളിൽ നിന്നും വ്യക്തമാണ്. വീടിന്റെ പിറക് വശത്ത് 5 മീറ്ററിൽ നിന്നും 1.5 മീറ്റർ ഉയരത്തിൽ തട്ട് തട്ടായല്ല മണ്ണ് മാറ്റിയിട്ടുള്ളത്. സൈറ്റിൽ പാറ ആയതിനാൽ നൽകിയ പാസ്സുകൾ മുഴുവനായി ഉപയോഗിക്കാതെ ഗ്രാമപഞ്ചായത്തിൽ തിരികെ നൽകിയിട്ടുണ്ട്. റീട്ടെയിനിംഗ് വാൾ നിർമ്മിക്കാത്ത പക്ഷം ലാന്റ് സ്ലൈഡിനു സാധ്യതയുണ്ടാകുന്നതിനാൽ അടിയന്തിരമായി പെർമിറ്റ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ അപേക്ഷകനു നിർദ്ദേശം നൽകേണ്ടതും തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഭാവിയിൽ മണ്ണെടുപ്പിനുള്ള പെർമിറ്റ് നൽകുമ്പോൾ KMMC റൂൾ 14 (l)(A) പ്രകാരം മണ്ണ് എടുത്തു മാറ്റേണ്ട ഏരിയ മാർക്ക് ചെയ്യേണ്ടതും മാർക്ക് ചെയ്ത ഏരിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയ + കെട്ടിടത്തിനു വേണ്ട തുറന്ന സ്ഥലം (Open Space)-ൽ കൂടുതലാകാനും പാടില്ല എന്ന വ്യവസ്ഥ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>1-14 വസ്തുനികുതി നിർണ്ണയത്തിൽ അപാകം-പഞ്ചായത്തിന് നികുതി നഷ്ടം</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പ്രകാരം (കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ് (7)-ാം ഉപവകുപ്പ്) 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. 2024-25 വർഷം നികുതി നിർണ്ണയം നടത്തിയ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

1) പഞ്ചായത്ത് ഒന്നാം വാർഡിൽ (മുക്കം) ശ്രീ എബ്രഹാം മാത്യു, മുണ്ടപ്ലാക്കൽ ഹൗസ്, മാടമൺ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 1/389A എന്ന് നമ്പർ നല്കിയതും 499.52 ചതുരശ്ര മീറ്റർ തറസിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന്റെ പ്രവേശന മാർഗ്ഗം 8 മീറ്ററിലധികം വീതിയുള്ള മണ്ണാറകുളഞ്ഞി – പമ്പ സംസ്ഥാന പാതയിൽനിന്നുമാണ് എന്ന് ലൊക്കേഷൻ പ്ലാൻ പ്രകാരം വ്യക്തമാണ്. എന്നാൽ നികുതി നിർണ്ണയത്തിന് പ്രസ്തുത റോഡിന്റെ വീതി 1.5

മീറ്ററിലധികവും 5 മീറ്ററിൽ താഴെയും എന്നുള്ള ഗണത്തിലാണ് പരിഗണിച്ചിട്ടുള്ളത് . അപാകതമൂലം പഞ്ചായത്തിനും ലൈബ്രറി കൗൺസിലിനുമുണ്ടായ പ്രതിവർഷ നഷ്ടം ചുവടെ ചേർക്കുന്നു.

| 1/389A(പാർപ്പിടാവശ്യം) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|
| അടിസ്ഥാന നികുതി @ 10.50,<br>(23-24 വർഷം 1@ 10) | 5244.960 | 5244.96 |
| റോഡ് വീതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 00 | 1048.99 |
| തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 15% | 786.744 | 786.74 |
| ആകെ | 6031.704 (6032 പൂർണ്ണസംഖ്യയിൽ) | 697080. (7081 പൂർണ്ണസംഖ്യയിൽ) |
| ലൈബ്രറി സെസ് 5% | 302 | 354 |
| സർവ്വീസ് ചാർജ് 30% | 1810 | 2124 |
| ആകെ | 8144 | 9559 |
| പഞ്ചായത്തിന് പ്രതി വർഷ നഷ്ടം 1363 രൂപ (9559-8144-52)<br>ലൈബ്രറി കൗൺസിലിനുള്ള നഷ്ടം 52 രൂപ ( 354-302) | | |

2) പഞ്ചായത്ത് രണ്ടാം വാർഡിൽ (പെരുനാട്) ശ്രീ അയ്യപ്പൻ, ജ്യോതി ഭവൻ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 2/464 B ,C D എന്ന് നമ്പർ നല്കിയതും (പാർപ്പിടാവശ്യ+വാണിജ്യാവശ്യം) 114.34 ചതുരശ്രമീറ്റർ തറസിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന്റെ പ്രവേശന മാർഗ്ഗം 8 മീറ്ററിലധികം വീതിയുള്ള അത്തിക്കയം-മാടത്തും മൂഴി റോഡിൽ നിന്നും ആണ്. എന്നാൽ നികുതി നിർണ്ണയത്തിന് പ്രസ്തുത റോഡിന്റെ വീതി 1.5 മീറ്ററിലധികവും 5 മീറ്ററിൽ താഴെയും എന്നുള്ള ഗണത്തിലാണ് പരിഗണിച്ചിട്ടുള്ളത് . അപാകതമൂലം പഞ്ചായത്തിനും ലൈബ്രറി കൗൺസിലിനുമുണ്ടായ പ്രതിവർഷ നഷ്ടം ചുവടെ ചേർക്കുന്നു.

| **2/464 B, 77.61 M2(പാർപ്പിടം)** | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|
| അടിസ്ഥാന നികുതി 77.61 @ 8.4 2023-24 ൽ 8/ ച മീ | 651.924 | 651.924 |
| റോഡ് വീതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 00 | 130.385 |
| ആകെ | 651.924 (പൂർണ്ണസംഖ്യയിൽ 652) | 782.309 (പൂർണ്ണസംഖ്യയിൽ 782) |
| ലൈബ്രറി സെസ് 5% | 33 | 39 |
| സർവ്വീസ് ചാർജ് 30% | 196 | 235 |
| ആകെ | 881 | 1056 |
| ലൈബ്രറി കൗൺസിലിന് നഷ്ടം 6രൂപ (39-33)<br>പഞ്ചായത്തിന് നഷ്ടം 169രൂപ (1056-881-6) | | |

| **2/464 C, 14.69 M2(വാണിജ്യം)** | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|
| അടിസ്ഥാന നികുതി 14.69@ 57.75<br>2023-24 ൽ 55/ ച മീ | 836.7975 | 836.7975 |

| | | |
|---|---|---|
| റോഡ് വീതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 00 | 167.3595 |
| ആകെ | 837 (പൂർണ്ണസംഖ്യയിൽ) | 1004 (പൂർണ്ണസംഖ്യയിൽ) |
| ലൈബ്രറി സെസ് 5% | 42 | 50 |
| സർവ്വീസ് ചാർജ് 30% | 252 | 301 |
| ആകെ | 1131 | 1355 |
| ലൈബ്രറി കൗൺസിലിനുള്ള നഷ്ടം 8 രൂപ ( 50-42)<br>പഞ്ചായത്തിന് പ്രതി വർഷ നഷ്ടം 216 രൂപ (1355-1131-8) | | |
| **2/464 D, 27.51 M2 (വാണിജ്യം)** | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
| അടിസ്ഥാന നികുതി 27.51@ 57.75<br>2023-24 ൽ 55/ ച മീ | 1588.7025 | 1588.7025 |
| റോഡ് വീതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 00 | 317.7405 |
| ആകെ | 1589 (പൂർണ്ണസംഖ്യയിൽ) | 1906 (പൂർണ്ണസംഖ്യയിൽ) |
| ലൈബ്രറി സെസ് 5% | 80 | 95 |
| സർവ്വീസ് ചാർജ് 30% | 477 | 572 |
| ആകെ | 2146 | 2573 |
| ലൈബ്രറി കൗൺസിലിന് നഷ്ടം 15 രൂപ(95-80)<br>പഞ്ചായത്തിന് നഷ്ടം 412 രൂപ (2573-2146-15) | | |
| ആകെ നഷ്ടം പഞ്ചായത്ത് 797 രൂപ (169+216+412)<br>ലൈബ്രറി കൗൺസിസിൽ 29 രൂപ (6+8+15) | | |

തെറ്റായ നികുതി നിർണ്ണയം മൂലം മേൽ പറഞ്ഞ രണ്ട് കെട്ടിടങ്ങളിൽ നിന്ന് മാത്രമായി പഞ്ചായത്തിന് പ്രതിവർഷം 2160 രൂപയും ലൈബ്രറി കൗൺസിലിന് 81 രൂപയും നഷ്ടം ഉണ്ടാകുന്നുണ്ട്. സമാന തീതിയിൽ വിവിധ വാർഡുകളിലായി ധാരാളം കെട്ടിടങ്ങൾ 5 മീറ്ററിന് മുകളിൽ വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശനം ഉള്ളവ 5 മീറ്ററിൽ താഴെ വീതി കാണിച്ചതു മൂലം നികുതി നഷ്ടം വന്നിട്ടുള്ളതായാണ് കാണുന്നത്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ23/29-08-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. മേൽ പറഞ്ഞ രണ്ട് കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് പഞ്ചായത്തിനുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കേണ്ടതും, 2024-25 വർഷം നികുതി നിർണ്ണയിക്കപ്പെട്ടതും സമാന രീതിയിൽ നികുതി നഷ്ടം ഉണ്ടായിട്ടുള്ളതുമായ മറ്റ് കെട്ടിടങ്ങൾ കണ്ടെത്തി നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്. അപാകത പരിഹരിക്കാത്തതുമൂലമുള്ള നഷ്ടം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 21 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 19 ടവറുകൾ 2024 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. നികുതി അടവാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നം./ കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കാനുള്ള വസ്തുനികുതി (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) | കാലയളവ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ച്ചർ | 9/803 | 22 | 82703 | 2018 രണ്ടാം അർദ്ധവർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ |
| റിലയൻസ് കമ്യൂണിക്കേഷൻ ലിമിറ്റഡ് | 13/573 | 20 | 109037 | 2013ഒന്നാം അർദ്ധവർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45/30.08.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ടവറുടമകളിൽ നിന്ന് വസ്തുനികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വസ്തു നികുതിയിനത്തിൽ വൻ തുക ഈടാക്കാനവശേഷിക്കുന്നു

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തൽ അനുസരിച്ച് വസ്തുനികുതിയിനത്തിൽ **2133491** രൂപ ഈടാക്കാനവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Receivables For Property Tax On Residential Buildings (Current) | 889946 |
| Receivables For Property Tax On Residential Buildings (Arrears) | 331505 |
| Receivables For Property Tax On Non- Residential Buildings (Current) | 707207 |
| Receivables For Property Tax On Non- Residential Buildings (Arrears) | 204833 |
| ആകെ | **2133491** |

കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിവരം, തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/30.08.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

തൻവർഷം വസ്തുനികുതിയനത്തിൽ 65 ശതമാനം തുകമാത്രമാണ് പിരിച്ചെടുത്തിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാ നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ഇ.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വസ്തുനികുതിയിനത്തിൽ 90 ശതമാനം തുക പിരിച്ചെടുക്കാത്തത് വികസനഫണ്ടിന്റെ അലോട്ട്മെന്റിൽ നിന്ന് ഒരു ശതമാനം തുക കുറവ് ചെയ്യാൻ ഇടയാക്കും. നികുതി പിരിവിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ജീവനക്കാരുടെയും അടിയന്തരശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വസ്തുനികുതി പുനർ നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ,

വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോടുചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർക്കുന്നതു മൂലവും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതുവഴിയും ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ.(എം.എസ്) നം.77/2023തസ്വഭവ തീയതി 22.03.2023 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനാ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത്, ഫീൽഡ് പരിശോധന നടത്തി വിവരം ശേഖരിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും വിവരശേഖരണം, നികുതി പുനർനിർണ്ണയം എന്നിവയുടെ പുരോഗതി സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കാനമാവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/29.08.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരശേഖരണം, നികുതി പുനർനിർണ്ണയം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-18 2.55 ലക്ഷം രൂപ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു.</u>

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നിരവധി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാടകയിനത്തിൽ 255737 രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി വ്യക്തമായിട്ടുണ്ട്. എന്നാൽ തൻവർഷത്തെ കുടിശ്ശികയായി വാർഷിക കണക്കിൽ തുകയൊന്നും കാണിച്ചിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം, റൂം നമ്പർ | വാടക തുക + 9% CGST+9% SGST | കുടിശ്ശിക കാലയളവ് | ആകെ കുടിശ്ശിക |
|---|---|---|---|---|
| 1 | ശ്രീദേവി, താന്നിമൂട്ടിൽ,<br>പെരുനാട് പി.ഒ<br>പെരുനാട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ്, റൂം നമ്പർ - 8 | 2025+182+182<br>=2389 | മെയ് 2024 മുതൽ മാർച്ച് 2025 വരെ (11 മാസം) | 2389 X 11<br>=26279 |
| 2 | ബിനു വി വി, വയറൻ മരുതിയ്ക്കൽ, പെരുനാട് പി ഒ<br>മഠത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 4 | 7812 + 703 +703<br>=9218 | ജനുവരി 2025 മുതൽ മാർച്ച് 2025 വരെ (3 മാസം) | 9218 X 3 = 27654 |
| 3 | മാനേജർ, KSFE, പെരുനാട്<br>മഠത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 8 | 12500+1125+1125<br>= 14750 | 2025, മാർച്ച്<br>(ഒരു മാസം) | 14750 |
| 4 | ആശ പി വി, വെളുത്താല കുഴിയിൽ, മാമ്പാറ പി ഒ<br>മഠത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 13 | 1151 + 104 +104<br>=1359 | ഫെബ്രുവരി 2025 മുതൽ മാർച്ച് 2025 വരെ<br>(2 മാസം) | 1359 X 2 = 2718 |
| 5 | ആശ പി വി, വെളുത്താല കുഴിയിൽ, മാമ്പാറ പി ഒ<br>മഠത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ -14 | 1151 + 104 +104<br>=1359 | ഫെബ്രുവരി 2025 മുതൽ മാർച്ച് 2025 വരെ<br>(2 മാസം) | 1359 X 2 = 2718 |
| 6 | ആശ പി വി, വെളുത്താല കുഴിയിൽ, മാമ്പാറ പി ഒ<br>മഠത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ -15 | 1151 + 104 +104<br>=1359 | ഫെബ്രുവരി 2025 മുതൽ മാർച്ച് 2025 വരെ -<br>(2 മാസം) | 1359 X 2 = 2718 |
| 7 | പ്രശാന്ത് പി ആർ, പുളിയ്ക്കൽ, മാമ്പാറ പി ഒ, | 1151 +104 +104 = | ഫെബ്രുവരി 2025 മുതൽ മാർച്ച് 2025 വരെ - | 1359 X 2 = 2718 |

| | | | | |
|---|---|---|---|---|
| | മാത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 16 | 1359 | (2 മാസം) | |
| 8 | പ്രശാന്ത് പി ആർ, പുളിയ്ക്കൽ, മാമ്പാറ പി ഒ,<br>മാത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 17 | 1184 + 107 +107 =1398 | ഫെബ്രുവരി 2025 മുതൽ മാർച്ച് 2025 വരെ – (2 മാസം) | 1398x2=2796 |
| 9 | ആശ പി വി, വെളുത്താല കുഴിയിൽ, മാമ്പാറ പി ഒ<br>മാത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ -18 | 13879 + 1249 + 1249 = 16377 | ഫെബ്രുവരി 2025 മുതൽ മാർച്ച് 2025 വരെ – (2 മാസം) | 16377 X 2 = 32754 |
| 10 | റീജിയണൽ മാനേജർ , കൺസ്യൂമർ ഫെഡ്, പത്തനംതിട്ട<br>മാത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 10 | 3284 + 296 +296 = 3876 | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ - 12 മാസം | 3876 X 12 = 46512 |
| 11 | റീജിയണൽ മാനേജർ , കൺസ്യൂമർ ഫെഡ്, പത്തനംതിട്ട<br>മാത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 11 | 3284 + 296 +296 = 3876 | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ - (12 മാസം) | 3876 X 12 = 46512 |
| 12 | റീജിയണൽ മാനേജർ , കൺസ്യൂമർ ഫെഡ്, പത്തനംതിട്ട<br>മാത്തുംമൂഴി ശബരിമല ഇടത്താവള കോംപ്ളക്സ് റൂം നമ്പർ - 12 | 3284 + 296 +296 = 3876 | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ - (12 മാസം) | 3876 X 12 = 46512 |
| | **ആകെ** | | | **2,54,641** |

കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും വാർഷിക കണക്കിൽ ഈ തുക രേഖപ്പെടുത്താതിരുന്നതിനും ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/27.08.2025) അധികൃതർ മറുപടി നൽകിയില്ല. കുടിശ്ശിക തുക യഥാസമയം രേഖപ്പെടുത്താതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ ഭരണസമിതി വിശദീകരണം തേടേണ്ടതാണ്. ഇത്രയും കുടിശ്ശിക സമയബന്ധിതമായി ഈടാക്കാതിരുന്നത് ഉദ്യോഗസ്ഥ തലത്തിലെ ഗുരുതരമായ വീഴ്ചയായി ചൂണ്ടിക്കാട്ടുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 ഗ്രാമവണ്ടി-വികസനഫണ്ട് വിനിയോഗിച്ചത് നിയമവിരുദ്ധം**

| | |
|---|---|
| പ്രോജക്ട്/നമ്പർ | ഗ്രാമ വണ്ടി, 43/2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട് - ₹600000<br>തനത് ഫണ്ട് -₹303546 |
| ചെലവ് | വികസനഫണ്ട് - ₹150688 ബിൽ നം *തീ 13*/20-09-2024 |

| | |
|---|---|
| | വികസനഫണ്ട് – ₹290705 ബിൽ നം *തീ 09*/05-09-2024<br>വികസനഫണ്ട് – ₹140157 ബിൽ നം *തീ 15*/10-10-2024<br>തനത് ഫണ്ട് – ₹303546/-ചെക്ക് നം /തീ(ലഭ്യമായില്ല) |

പൊതുഗതാഗത സൗകര്യം കുറവുള്ള സ്ഥലങ്ങളിലേക്കും, ഗ്രാമപ്രദേശങ്ങളിലേക്കും, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലേക്കും പൊതു ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആരംഭിച്ച പദ്ധതിയാണ് ഗ്രാമവണ്ടി. ഇന്ധനച്ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുമെന്ന വ്യവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന റൂട്ടിൽ നിർദ്ദേശിക്കുന്ന സമയത്ത് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതാണ് പദ്ധതി. ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം ആരംഭിച്ച ഗ്രാമവണ്ടി (പ്രോജക്ട് നം. 43/25) പദ്ധതിക്കായി 581550 രൂപ വികസനഫണ്ടിൽനിന്നും 303546 രൂപ തനത് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | തുക | ഫണ്ടിനം | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 3/24 | 290705 | വികസനഫണ്ട് | *09*/05-09-2024 |
| 2 | 4/24 | | | |
| 3 | 5/24 | 150688 | വികസനഫണ്ട് | *13*/20-09-2024 |
| 4 | 6/24 | 140157 | വികസനഫണ്ട് | *5*/10-10-2024 |
| 5 | 7/24 | 303540 | തനത് ഫണ്ട് | ലഭ്യമായില്ല |
| 6 | 8/24 | | | |
| **ആകെ വികസനഫണ്ട് – ₹581550** | | | **ആകെ തനത് ഫണ്ട് – ₹303546** | |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2022-ലെ സ.ഉ.(സാധാ)നം.704/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എസ്.സി.പി, റ്റി.എസ്.പി. വിഹിതമടക്കമുള്ള വികസനഫണ്ട് പദ്ധതിക്കായി വിനിയോഗിക്കാൻ പാടില്ലെന്നും, തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ട്, സംഭാവന, സ്പോൺസർഷിപ്പ് മുതലായവ മാത്രമേ പദ്ധതിക്കായി വിനിയോഗിക്കാവൂ എന്നും നിർദ്ദേശിച്ചിരുന്നു. സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഗ്രാമവണ്ടി ബസുകൾ സ്പോൺസർ ചെയ്യാനാകും എന്നതും ഈ പദ്ധതിയുടെ പ്രത്യേകതയായിരുന്നു. ഇതിന് വിരുദ്ധമായാണ് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത്.

2023 ജൂലൈ 23-ന് ആരംഭിച്ച ഗ്രാമവണ്ടി 2024 ഒക്ടോബർ 21-ന് സർവ്വീസ് അവസാനിപ്പിക്കുകയും ചെയ്തു. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് സർവ്വീസ് മുടങ്ങാനിടയായത്. മേൽ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച വികസന ഫണ്ട്, തനത് ഫണ്ടിൽ നിന്ന് റീക്കൂപ്പ് ചെയ്യുന്നതാണെന്ന് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും റീക്കൂപ്പ് ചെയ്തിട്ടില്ല. വികസന ഫണ്ട് ചെലവഴിക്കുവാൻ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടുമില്ല. 2023-24 ഓഡിറ്റ് റിപ്പോർട്ട് ഖ 1-30 പ്രകാരം വികസന ഫണ്ട് വിനിയോഗിച്ചത് ക്രമവിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ചെങ്കിലും ആയത് അവഗണിച്ച് തുടർന്നും വികസനഫണ്ട് വിനിയോഗിച്ചത് അംഗീകരിക്കാവുന്നതല്ല. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/25-08-2025) മറുപടിയായി 22-03-2022-ലെ സ.ഉ.(സാധാ)നം.704/2022/തസ്വഭവ നമ്പർ ഉത്തരവിൽ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് നിർദ്ദേശമുള്ളതായും ആയത് പ്രകാരം സാധൂകരണത്തിന് അപേക്ഷിച്ചിട്ടുള്ളതായും മറുപടി നല്കി.

ഉത്തരവ് പരിശോധിച്ചതിൽ വികസന ഫണ്ട് ഉപയോഗിക്കുന്നത് തടഞ്ഞിട്ടുള്ളതായാണ് കാണുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തെറ്റിദ്ധരിപ്പിക്കുന്നതും സർക്കാർ ഉത്തരവിന്റെ ലംഘനവുമാണ്. ഈ സാഹചര്യത്തിൽ സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നില്ല. നിയമവിരുദ്ധമായി വികസന ഫണ്ടിൽനിന്നും ചെലവഴിച്ച തുക തനത് ഫണ്ടിൽനിന്നും സർക്കാരിലേക്ക് തിരിച്ചടക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കാത്ത പക്ഷം സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്. ആയത് വരെ ഈ ഇനത്തിലുള്ള **581550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

## <u>1-20 തെരുവ് വിളക്കിനാവശ്യമായ ഉപകരണങ്ങളുടെ വാങ്ങൽ സാമ്പത്തിക മിതത്വം പാലിക്കുന്നില്ല</u>

1).

| | |
|---|---|
| പ്രോജക്ട്/നമ്പർ | തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ –. ക്രൂസിന് തുക നല്കൽ (374/25) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | ₹500000 |
| ചെലവ് | ₹592229<br>(ആകെ ചെലവ് ₹592229, ബാക്കി തുക പ്രോജക്റ്റ് നം. 373/25-ൽ നിന്നും നല്കി)<br>₹500000 (415/12-03-2025)<br>₹92229 (416/12-03-2025) |

15/07/2015-ലെ സ.ഉ(സാധാ) നം 2134/2015/തസ്വഭവ പ്രകാരം 7 പഞ്ചായത്തുകൾക്കാവശ്യമായ (പത്തനംതിട്ട ഉൾപ്പെടുന്നില്ല) തെരുവുവിളക്കുകളും അനുബന്ധ സാധനങ്ങളും ഉൾപ്പെടെ മുഴുവൻ പ്രവൃത്തികളും KREWS വഴി നേരിട്ട് ചെയ്യുന്നതിന് അനുമതി നല്കിയിരുന്നു. എന്നാൽ കെൽട്രോൺ, KREWS, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നിവ പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നു എന്നും സാധന വില മാർക്കറ്റ് വിലയേക്കാൾ കൂടുതലാണെന്നും പരാതി വന്നതിനെ തുടർന്ന് 25/07/2016-ലെ സ.ഉ(സാധാ) നം. 2238/2016/തസ്വഭവ പ്രകാരം ടെണ്ടർ നടപടികളിലൂടെ സാധനങ്ങൾ വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നല്കുകയും ചെയ്തു. വാങ്ങലുകൾക്ക് പെർഫോമൻസ് ഗ്യാരന്റി വാങ്ങി കരാറിലേർപ്പെടണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

5/04/2017-ലെ സ.ഉ(സാധാ) നം. 1093/2017/തസ്വഭവ പ്രകാരം കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയുടെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) പൂർണ്ണമായും സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്.

മേൽ ഉത്തരവുകൾ പ്രകാരം KREWS-ൽനിന്നും അവർ ഉൽപ്പാദിപ്പിക്കുന്നതൊഴികെയുള്ള സാധനങ്ങൾ നേരിട്ട് വാങ്ങാൻ കഴിയില്ലെന്നിരിക്കെ 2024-25 വർഷം KREWS-ൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങിയതു മൂലം വൻ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടായതായി കാണുന്നു. പഞ്ചായത്തിൽ KREWS-ൽനിന്ന് സാധനങ്ങൾ നേരിട്ട് വാങ്ങിയതും തൊട്ടടുത്ത പഞ്ചായത്തായ വടശ്ശേരിക്കരയിൽ 2024-25-ൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങിയതുമായ വിലകളുടെ താരതമ്യ പത്രിക ചുവടെ ചേർക്കുന്നു.

| KREWS-ൽ നിന്നും വാങ്ങിയത് ( ഇൻവോയ്സ് നം KREWS/E39/24-25 തീ 8-11-2024) | | | | | ഓപ്പൺ ടെണ്ടർ വഴി തൊട്ടടുത്ത പഞ്ചായത്തായ വടശ്ശേരിക്കരയിൽ വാങ്ങിയ വില | |
|---|---|---|---|---|---|---|
| ക്ര നം | ഇനം | എണ്ണം | വില(18% ജി.എസ്.റ്റി. അടക്കം) | വില | വില (18% ജി.എസ്.റ്റി. അടക്കം) | വില |
| 1 | LED Bulb 18 Watts | 1500 | 328.27 | 492405 | 168 | 252000 |
| 2 | Pendant Holder | 1000 | 20.80 | 20800 | 14 | 14000 |
| 3 | Shade | 500 | 45.31 | 22655 | 34 | 17000 |
| 4 | 1.5 Mm Aluminium Wire | 6 | 427.16 | 2562.96 | 250 | 1500 |
| 5 | Insulation Tape | 50 | 11.33 | 566.50 | 10 | 500 |
| 6 | Silicon Weather Clear | 10 | 398.40 | 3984 | 398.4 | 3984 |
| | ആകെ | | | 542973.46 | | 288984 |
| ആകെ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 542973-288984=253989 | | | | | | |

പൊതുമാർക്കറ്റിൽനിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതും KREWS-ൽനിന്നും നേരിട്ടു വാങ്ങുന്നതും, ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതും തമ്മിൽ താരതമ്യം ചെയ്തതിൽ KREWS-ൽനിന്നും നേരിട്ടു വാങ്ങുന്നത് പഞ്ചായത്തിന് കനത്ത ബാധ്യത വരുത്തുന്നതാണെന്ന് കാണുന്നു.

2).

| | |
|---|---|
| പ്രോജക്റ്റ്/നമ്പർ | തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ തുക നല്കൽ, 373/25 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | ₹500000 |
| ചെലവ് | ആകെ ചെലവ് – ₹468150<br>₹375921 (476/17-03-2025)<br>₹92229 (416/12-03-2025 )<br>( ₹92229 - പ്രോജക്ട് നം. 374/25-ലെ ചെലവ് തുക) |

31/08/201-ലെ സ.ഉ(സാധാ) നം. 2330/2018/തസ്വഭവ പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് പൂർണ്ണമായും സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്.

യുണൈറ്റഡ് ഇലക്ട്രിക്കൽസ് വിതരണം ചെയ്തിട്ടുള്ളത് ക്രോംപ്റ്റൺ കമ്പനിയുടെ ബൾബുകളാണ്. ഇവ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഉൽപ്പാദിപ്പിക്കുന്നതല്ലാത്തതിനാൽ നേരിട്ട് വാങ്ങാൻ കഴിയില്ലെന്നിരിക്കെ 2024-25 വർഷം യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങിയതു മൂലം വൻ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടായതായി കാണുന്നു. പഞ്ചായത്തിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിന്നും വാങ്ങിയതും തൊട്ടടുത്ത പഞ്ചായത്തായ വടശ്ശേരിക്കരയിൽ 2024-25 ൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങിയതുമായ വിലകളുടെ താരതമ്യ പത്രിക ചുവടെ ചേർക്കുന്നു.

| യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിന്നും വാങ്ങിയത് ( ഇൻവോയ്സ് നം UEI/653/24-25 തീ 3-1-2025) | | | | | ഓപ്പൺ ടെണ്ടർ വഴി തൊട്ടടുത്ത പഞ്ചായത്തായ വടശ്ശേരിക്കര യിൽ വാങ്ങിയ വില | |
|---|---|---|---|---|---|---|
| ക്ര നം | ഇനം | എണ്ണം | വില (18% ജി.എസ്.റ്റി. അടക്കം) | വില | വില (18% ജി.എസ്.റ്റി. അടക്കം) | വില |
| 1 | LED Bulb 18 Watts | 1000 | 306 | 306000 | 168 | 168000 |
| 2 | Pendant Holder | 1000 | 24 | 24000 | 14 | 14000 |
| 3 | Shade | 500 | 57 | 28500 | 34 | 17000 |
| 4 | 1.5 Mm Aluminium Wire | 40 | 408 | 16320 | 250 | 10000 |
| 5 | Insulation Tape | 100 | 11 | 1100 | 10 | 1000 |
| | ആകെ | | | 375920 | | 210000 |
| ആകെ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 375920-210000 = 165920 | | | | | | |

പൊതുമാർക്കറ്റിൽ നിന്നും ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതും യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിന്നും നേരിട്ടു വാങ്ങുന്നതും തമ്മിൽ താരതമ്യം ചെയ്തതിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് നിന്നും നേരിട്ടു വാങ്ങുന്നത് പഞ്ചായത്തിന് കനത്ത ബാധ്യത വരുത്തുന്നതാണെന്ന് കാണുന്നു.

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 10/26-08-2025 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് നല്കിയ മറുപടിയിൽ സമയബന്ധിതമായി സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനാണ് സർക്കാർ നിയന്ത്രിത സ്ഥാപനമായ KREWS/UEI-ന് പർച്ചേസ് ഓഡർ നല്കിയതെന്ന മറുപടി നല്കി. എന്നാൽ തനതു വരുമാനം പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം പരിഗണിച്ച് ചെലവഴിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതായാണ് കാണുന്നത് (പൊതു മാർക്കറ്റ് നിരക്കിനേക്കാൾ മൂന്ന് ഇരട്ടി വിലക്ക് സാധനങ്ങൾ വാങ്ങുന്നത് ഉദാഹരണമാണ്). ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ അനുമതി ഇല്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നത് നിയമാനുസൃതമല്ലെന്നും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്നതാണെന്നും ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാതിരുന്ന സെക്രട്ടറി മേൽ പറഞ്ഞ വിധമുള്ള നഷ്ടത്തിന് ഉത്തരവാദിയാകുന്നതാണ്. ഭരണ വകുപ്പ് വിഷയം പരിശോധിച്ച് നേരിട്ട് വാങ്ങിയതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതാണ്.

## 1-21 തെരുവുവിളക്ക് പരിപാലനം - പൊതു അപാകതകൾ

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ തെരുവ് വിളക്ക് പരിപാലന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്റ്റിന്റെ നം./പേര് | അടങ്കൽ തുക/ ഫണ്ടിനം | ചെലവ് തുക | പ്രവൃത്തി ഏറ്റെടുത്ത കാറുകാരൻ |
|---|---|---|---|---|
| 1 | 373/25 തെരുവ് വിളക്കുകൾക്ക് പരിപാലനം – സാമഗ്രികൾ വാങ്ങൽ | ₹500000 (ധ.ക ഗ്രാ.) | ₹468150 (ധ.ക ഗ്രാ) | KREWS |
| 2 | 374/25, തെരുവ് വിളക്കുകൾക്ക് സാധനങ്ങൾ വാങ്ങൽ (S.O) | ₹500000 (ധ.ക ഗ്രാ) | ₹500000 (ധ.ക ഗ്രാ) | KREWS, United Electricals |
| 3 | 333/25, തെരുവുവിളക്ക് പരിപാലനം കൂലിച്ചെലവ് | ₹200000 (വികസന ഫണ്ട്) ₹200000 (ധ.ക.ഗ്രാ) | ₹200000 (വികസനഫണ്ട്) ₹100000 (ധ.ക ഗ്രാ) | വിജയൻ എ.ആർ. |
| 4 | 301/25, തെരുവുവിളക്ക് പരിപാലനം കൂലിച്ചെലവ് | ₹300000 (ശബരിമല സ്പെഷ്യൽ ഫണ്ട്) | ₹300000 (ശബരിമല സ്പെഷ്യൽ ഫണ്ട്) | പ്രദീപ് കുമാർ |

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവുവിളക്ക് പരിപാലനം കാര്യക്ഷമമായും, പഞ്ചായത്തിന്റെ പ്രത്യേകതയായ ശബരിമല തീർത്ഥാടനം പരിഗണിച്ചും, പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം ഉൾക്കൊണ്ടും കുറ്റമറ്റ രീതിയിൽ നടത്തേണ്ടതുണ്ട്. 2024-25 ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളും, പരിഹാരമാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റിന്റെ ഭാഗമായി വാങ്ങിയ തെരുവുവിളക്കുപകരണങ്ങളുടെ ആവശ്യകത നിശ്ചയിച്ചിട്ടുള്ളത് എപ്രകാരമെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. തെരുവുവിളക്കുകൾ വാങ്ങുകയും, നിലവിലുണ്ടായിരുന്നവ മെയിന്റനൻസ് നടത്തുകയും ചെയ്യുന്നതിന് വാർഡ്തല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് അപൂർണ്ണമായ കണക്കാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്.

<u>**പരിഹാര നടപടി**</u>

***പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ തെരുവുവിളക്കുകളുടെയും (പോസ്റ്റ് നമ്പർ ഉൾപ്പെടെ) കണക്കെടുത്ത് നിലവിലുള്ള രജിസ്റ്റർ പൂർണ്ണമാക്കുക. വാർഡ് തല പരാതി രജിസ്റ്റർ പരിപാലിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യകതാ നിർണ്ണയം നടത്തി തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക***

2. പഞ്ചായത്ത് വാങ്ങുന്ന ലൈറ്റുകളും, അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളില്ല. ഓഡിറ്റ് വർഷം 2500 LED ബൾബുകൾ വാങ്ങുകയും 2420 ലൈറ്റുകൾ നന്നാക്കുകയും ചെയ്തതായി കാണുന്നു. മുൻവർഷങ്ങളിൽ സ്ഥാപിച്ച ലൈറ്റുകളിൽ വാറന്റി ഉള്ളവയും ഇത്തരത്തിൽ മാറ്റിയതായി കണക്കാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതിൽ ഒരു വാർഡിൽ ശരാശരി 150-നും 200-നും ഇടയിൽ തെരുവുവിളക്കുകളാണ് ഉള്ളത്. അതിനനുസരിച്ചുള്ള LED ബൾബുകൾ ആണ് ഓരോ വർഷവും വാങ്ങുന്നത്. ഇതിൽ നിന്നും വാങ്ങുന്ന LED ബൾബുകളുടെ വാറന്റി ആനുകൂല്യം പഞ്ചായത്ത് ഉപയോഗിക്കുന്നില്ല എന്ന് വ്യക്തമാണ്. LED ബൾബുകളുടെ വാങ്ങൽ സംബന്ധമായ അപാകത പ്രത്യേക ഖണ്ഡികയായി ചേർത്തിട്ടുള്ളതു കൂടി കാണുക.

***തെരുവുവിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ വിതരണം ചെയ്യുകയും, വിതരണം ചെയ്യപ്പെട്ട ഉപകരണങ്ങളുടെ വിനിയോഗവിവരം മെയിന്റനൻസ് ഏറ്റെടുത്ത കരാറുകാരനിൽ നിന്നും എഴുതി വാങ്ങി (വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തണം) സ്റ്റോക്കിൽ കുറവ് വരുത്തുക. വാറന്റി കാലയളവിൽ കേടു വരുന്ന ലൈറ്റുകൾ പഞ്ചായത്തിൽ ശേഖരിച്ച് യഥാസമയം വിതരണക്കാരനിൽനിന്നും മാറ്റി വാങ്ങുക. (നിലവിൽ വാറന്റി കാലയളവിൽ കേടായ ബൾബുകൾ മാറ്റി വാങ്ങാത്തതു മൂലം വലിയ സാമ്പത്തിക നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടാകുന്നത്) പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുമ്പോൾ കേടായ പഴയ ഉപകരണങ്ങൾ എന്ത് ചെയ്യുന്നു എന്നത് സംബന്ധിച്ച് കരാറിൽ വ്യവസ്ഥകൾ ചെയ്യുക.***

3. ക്രമ നം. 4 ആയുള്ള പ്രോജക്റ്റ് പ്രകാരം തെരഞ്ഞെടുത്ത കരാറുകാരൻ നിയമാനുസൃതമുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് ഇല്ലാത്ത ആളാണെന്ന് ഫയലിൽനിന്നും വ്യക്തമാണ്. തദ്ദേശ വകുപ്പിന്റെ 15/9/2011-ലെ 3055/(ഡി എ-3) സർക്കുലർ പ്രകാരം ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഉള്ള കരാറുകാരിൽ നിന്നും മാത്രം ടെണ്ടർ ക്ഷണിക്കണം എന്ന നിർദ്ദേശം ഉള്ളതിനാൽ ലൈസൻസ് ഇല്ലാത്ത റിട്ടയേർഡ് ജീവനക്കാരന് കരാർ നല്കിയത് നിയമവിരുദ്ധമാണ്.

4. തൻവർഷം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് 132 രൂപ/പോസ്റ്റ് എന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ മുൻവർഷം 190 രൂപ/പോസ്റ്റ് എന്ന നിരക്കിലാണ് കരാർ നല്കിയിരുന്നത് ( ചെലവ് തുക നല്കിയത് 2024-25-ൽ). സമീപ പഞ്ചായത്തുകളിൽ 100 മുതൽ 120 രൂപ വരെ നിരക്കിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് കരാറെടുക്കുമ്പോൾ 190 രൂപ/ പോസ്റ്റ് നിരക്ക് രേഖപ്പെടുത്തിയ ആളുമായി നെഗോസിയേഷൻ പോലും നടത്താതെയാണ് കരാർ ഉറപ്പിച്ച് നൽകിയിട്ടുള്ളത്. അപാകങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/26-08-2025) മറുപടിയായി ശബരിമല സീസൺ കാരണമുള്ള അടിയന്തിര പ്രധാന്യവും പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുമാണ് അപാകതക്ക് കാരണമെന്ന് അറിയിച്ചു.

<u>പരിഹാര നടപടി</u>

***നവംബർ മുതൽ ഫെബ്രുവരി വരെയുള്ള 4 മാസക്കാലയളവാണ് ശബരിമല സീസൺ എന്നതിനാൽ മുന്നൊരുക്കപ്രവർത്തനങ്ങളാണ് പഞ്ചായത്തിൽ അനിവാര്യമായിട്ടുള്ളത്. സാമ്പത്തിക വർഷം ആരംഭിക്കുമ്പോൾ തന്നെ തെരുവുവിളക്ക് പരിപാലന പ്രോജക്ടുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ഒക്ടോബർ മാസത്തോടെ പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കുകയും വേണം.***

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവു വിളക്ക് പരിപാലനം കുറ്റമറ്റ രീതിയിലും ഫലപ്രദമായും പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താല്പര്യങ്ങൾക്ക് ഇണങ്ങുംവിധവും നടത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## <u>1-22 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവിന് തുക അധികമായി അനുവദിച്ച് നൽകി</u>

ലൈഫ് ഭവനപദ്ധതിയുമായി (പ്രോജക്ട് നം-132/24, 17/25) ബന്ധപ്പെട്ട്, സുജ, ചരുവിൽ പുത്തൻവീട്, പെരുനാട് എന്ന ഗുണഭോക്താവിന് തുക അനുവദിച്ചതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നും അധിക തുക അനുവദിച്ച് നൽകിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| അക്കൗണ്ട് നമ്പർ | നൽകിയ തുകയും അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതിയും | ആകെ അർഹമായ തുക | അധികമായി നൽകിയ തുക |
|---|---|---|---|
| 3303890781 | 40000/24-07-2023 | 400000 രൂപ | 100000 രൂപ |
| | 160000/04-11-2023 | | |
| | 100000/04-10-2024 | | |
| | 40000/23-11-2024 | | |
| | 60000/22-01-2025 | | |
| | 100000/24-03-2025 | | |
| | ആകെ- 500000 രൂപ | | |

മുകളിൽ പറഞ്ഞത് പ്രകാരം 200000 രൂപ 2023-24 സാമ്പത്തിക വർഷത്തിലും 300000 രൂപ 2024-25 സാമ്പത്തിക വർഷത്തിലുമായി ആകെ 500000 രൂപയാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. തുക അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-18/26-08-2025) നൽകിയിരുന്നു. അധികമായി തുക നൽകിയ വിവരം ഗുണഭോക്താവിനെ അറിയിച്ചിട്ടുണ്ടെന്നും 100000രൂപ ഒരു മാസത്തിനകം ഗുണഭോക്താവ് തിരികെ അടക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. അധികമായി നൽകിയ 100000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-23 ബോട്ടിൽബൂത്ത് സ്ഥാപിക്കൽ - നല്കിയ വിലയുടെ മൂല്യമുള്ള സാധനം ലഭിച്ചില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 300/25, ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| അടങ്കൽ | ₹525000 |
| ചെലവ് | ₹129100 (ബിൽ നം./തീ. - 542/24-03-2025)<br>₹105000 (ബിൽ നം./തീ. - 376/25-02-2025)<br>₹290900 (ബിൽ നം./തീ. - 543/24-03-2025) |

മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുകയും 5.25 ലക്ഷം രൂപ ചെലവ് ചെയ്ത് 21 ബോട്ടിൽ ബൂത്തുകൾ വാങ്ങി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നല്കിയത് ഉൾപ്പെടെ 3 ക്വട്ടേഷനുകൾ ലഭിക്കുകയും കുറവ് തുക രേഖപ്പെടുത്തിയ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് പ്രവൃത്തി നല്കുകയുമാണ് ചെയ്തത്. 2.15 മീറ്റർ നീളവും 2.30 മീറ്റർ ചുറ്റളവും ഉള്ള ബോട്ടിൽ ബൂത്തിന് യൂണിറ്റ് ചെലവ് 25000 രൂപയാണ് രേഖപ്പെടുത്തിയത്. എന്നാൽ നിർമ്മിക്കുന്നതിന് ഉപയോഗിച്ച മെറ്റീരിയൽ വ്യക്തമാക്കിയിട്ടില്ല. സ്റ്റെയിൻലസ് സ്റ്റീൽ, ജി.ഐ., മൈൽഡ് സ്റ്റീൽ എന്നിവ ഉപയോഗിക്കുമ്പോൾ വ്യത്യസ്ത നിരക്കാണെന്നതിനാൽ ഉപയോഗിക്കുന്ന മെറ്റീരിയൽ പ്രധാനമാണ്. പ്രാഥമിക പരിശോധനയിൽ മൈൽഡ് സ്റ്റീലിൽ (MS) നിർമ്മിച്ച് പെയിന്റ് ചെയ്ത ബോട്ടിൽ ബൂത്താണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. ഇതിന് സമീപ പഞ്ചായത്തുകളിൽ ഓപ്പൺ ടെണ്ടർ നടത്തി വാങ്ങിയപ്പോൾ 11000 രൂപ മുതൽ 15000 രൂപ വരെ ചെലവിൽ സ്ഥാപിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങാത്തതു കാരണം 1 യൂണിറ്റിന് കുറഞ്ഞത് 10000 രൂപ പ്രകാരം 21 യൂണിറ്റിന് 210000 രൂപ അധികച്ചെലവ് വന്നിട്ടുള്ളതായി കാണുന്നു.



അപാകതയിലുള്ള വിശദീകരണം ആരാഞ്ഞ്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/25-08-2025) ലഭ്യമാക്കിയ മറുപടിയിൽ അക്രഡിറ്റേഷൻ ഉള്ള സ്ഥാപനമായതിനാലാണ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചതെന്നും ഗുണ നിലവാരം ഉറപ്പാക്കിയാണ് സാധനം വാങ്ങിയതെന്നും മറുപടി നല്കി. മലിന്യസംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശുചിത്വമിഷന്റെ എംപാനൽഡ് ലിസ്റ്റിൽ ഉണ്ടെങ്കിലും ടെണ്ടർ ഇല്ലാതെ നേരിട്ട് വിതരണം ചെയ്യുന്നതിന് (Non PMC) അനുമതി ഉള്ളതായി കാണുന്നില്ല. വിഷയം എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് പരിശോധിപ്പിച്ച് യഥാർത്ഥ മൂല്യം നിർണ്ണയിക്കേണ്ടതും പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായെങ്കിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്. ആയതു വരെ ഈ ഇനത്തിലുള്ള **525000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

## 1-24 ശബരിമല തീർത്ഥാടനം ബാരിക്കേഡ് സ്ഥാപിക്കൽ - മൂല്യ നിർണ്ണയത്തെ അധികരിച്ച് തുക നല്കി

| | |
|---|---|
| പ്രോജക്ട്/നമ്പർ | ശബരിമല തീർത്ഥാടനം - ബാരിക്കേഡ് സ്ഥാപിക്കൽ, (21/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | ശബരിമല സ്പെഷ്യൽ ഫണ്ട് |
| അടങ്കൽ | ₹150000 |
| ചെലവ് | ₹99000 (ചെക്ക് നം. XY-0170537/21-03-2025) |

ശബരിമല മകരവിളക്ക് ഉത്സവത്തിനോടനുബന്ധിച്ച് അയ്യൻമല, നെല്ലിമല, അട്ടത്തോട് എന്നിവിടങ്ങളിൽ ബാരിക്കേഡ് കെട്ടി തീർത്ഥാടകർക്ക് സംരക്ഷണം ഒരുക്കുന്നതിന് ശ്രീ. രതീഷ് മോൻ, രതീഷ് ഭവൻ എന്നയാൾ സമർപ്പിച്ച സിംഗിൾ ടെണ്ടർ 28/10/2024-ൽ ചേർന്ന ഭരണസമിതി അംഗീകരിക്കുകയും എസ്റ്റിമേറ്റ് നിരക്കായ 100000 രൂപയിൽനിന്ന് 1% കുറഞ്ഞ തുകയായ 99000 രൂപയ്ക്ക് കരാർവെയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു (എസ്റ്റിമേറ്റായി പരിഗണിച്ചത് മുൻവർഷത്തെ ചെലവ് തുകയാണെന്ന് സെക്രട്ടറി അറിയിച്ചു).

പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരൻ 99000 രൂപയുടെ ബില്ല് സമർപ്പിച്ച് തുക ആവശ്യപ്പെട്ടതിനെ തുടർന്ന് സെക്രട്ടറി മേൽ പറഞ്ഞ പ്രകാരം തുക നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് 79500 രൂപയാണ് അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരൻ ഹാജരാക്കിയ വൗച്ചർ പരിശോധിച്ചതിൽ ബാരിക്കേഡ് നിർമ്മിക്കുകയും തീർത്ഥാടകർക്ക് കുടിവെള്ളം വിതരണം ചെയ്യുകയും ചെയ്തതിന്റെ ചെലവായാണ് 99000 രൂപ ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഭരണസമിതിയോ, സെക്രട്ടറിയോ ജല വിതരണത്തിന് ശ്രീ. രതീഷിനെ ചുമതലപ്പെടുത്തിയതായി കാണുന്നില്ല. അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/25-08-2025) നല്കിയ മറുപടിയിൽ ഏതാനം വർഷങ്ങളായി ബാരിക്കേഡ് നിർമ്മിക്കുന്ന ഭാഗത്ത് വാട്ടർകിയോസ്ക് സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുന്നതും കരാറുകാരൻ തന്നെയാണെന്ന് അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. ഭരണസമിതി വിഷയം പരിശോധിച്ച് ചെയ്ത പ്രവൃത്തിക്ക് മാത്രമാണ് കരാറുകാരന് തുക നല്കിയതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയത് വരെ മൂല്യ നിർണ്ണയത്തിൽ കൂടുതലായി നല്കിയ **19500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

## 1-25 ഇക്കോഷോപ്പ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക പാഴായി

ഗ്രാമപഞ്ചായത്തിലെ തേനീച്ച കർഷകരെ സഹായിക്കുന്നതിനായി തേൻ കൃഷി സംസ്കരണം, വിപണനം എന്നിവക്കായി ഒരു ഇക്കോഷോപ്പ് സജ്ജീകരിച്ചിരുന്നു. എന്നാൽ നിലവിൽ ഷോപ്പ് പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക പാഴ്ചെലവായി ഓഡിറ്റ് കണക്കാക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേരും, നമ്പരും | തേൻ കൃഷി സംസ്കരണം, വിപണനം - ഇക്കോഷോപ്പ് ( 103/24, 227/25) |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കൃഷി ഓഫീസർ |
| വകയിരുത്തിയ തുക | ₹549600 (വികസന ഫണ്ട്)<br>₹549600 (മറ്റുള്ളവ)<br>ആകെ - ₹1099200 |
| ചെലവഴിച്ച തുക,<br>ബിൽ നമ്പരും തീയതിയും | ₹235308 (ബിൽ നമ്പർ - 4/09-05-2024)<br>₹20000 (ബിൽ നമ്പർ - 237/26-12-2024)<br>₹42169 (ബിൽ നമ്പർ - 432/15-03-2025)<br>₹30000 (ബിൽ നമ്പർ - 499/19-03-2025)<br>ആകെ - ₹327477 |

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് റാന്നി പെരുനാട് കൃഷി ഭവന്റെ നിയന്ത്രണത്തിൽ ശബരി ഹണി വില്ലേജ് തേനീച്ച കർഷക സംഘം ആരംഭിച്ചതാണ് ശബരി ഹണി ഇക്കോഷോപ്പ്. ഗ്രാമപഞ്ചായത്തിലെ തേനീച്ച കർഷകരെ സഹായിക്കുന്നതിനായി പെരുനാട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിൽ കൃഷി ഓഫീസർ സജ്ജമാക്കിയതാണ് ഇക്കോഷോപ്പ്. തേനിന്റെ സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കിയാണ് ഇക്കോഷോപ്പ് സ്ഥാപിച്ചത്. തേൻ സംസ്കരണത്തിനായുള്ള ഉപകരണങ്ങൾ, ഓഫീസ് ഫർണ്ണീഷിംഗ്, കെട്ടിട വാടക എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചത്. ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവിനം | വാങ്ങിയ സ്ഥാപനം | ബീൽ നമ്പരും തീയതിയും | ആകെ ബിൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | തേൻ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ | കെയ്ക്കോ തിരുവനന്തപുരം | 3041A/23-24 തീ.25-03-2024 | 470617 | 235308 |
| 2 | ഓഫീസ് സജ്ജീകരണ ചെലവ് | കെയ്ക്കോ തിരുവനന്തപുരം | 374A/24-25 തീ. 18-10-2024 | 84338 | 42169 |

മേൽപ്പറഞ്ഞത് കൂടാതെ 22-11-2024-ൽ തേനീച്ച കർഷകർക്ക് പരിശീലനത്തിനായി 20000 രൂപയും 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് മാസം വരെയുള്ള 12 മാസത്തെ വാടകയിനത്തിൽ (2500x12 = 30000 രൂപ) 30000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഇക്കോഷോപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറും ശബരി ഹണി വില്ലേജ് സംഘത്തിന്റെ

പ്രസിഡന്റ്/സെക്രട്ടറിയുമായി കരാർ ചമച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പദ്ധതിയിൽ എത്ര കർഷകർ അംഗമായിരുന്നെന്നോ ഇക്കോഷോപ്പിന്റെ പ്രവർത്തനം എപ്രകാരമായിരുന്നെന്നോ ബോധ്യപ്പെട്ടിട്ടില്ല.

തേൻ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി കെയ്കോ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബിൽ നമ്പർ 3041A/23-24 തീ. 25-03-2024 പ്രകാരം സെക്രട്ടറി/പ്രസിഡന്റ്, ശബരി ഹണി വില്ലേജ് ഇക്കോഷോപ്പ്, പെരുനാട് എന്ന കാർഷിക സംഘമാണ് 470617 രൂപ ചെലവഴിച്ചത്. ഇതിന്റെ 50% തുകയായ 235308 രൂപയാണ് തേൻ സംസ്കരണത്തിനായി വാങ്ങിയ ഉപകരണങ്ങൾക്കായി ചെലവഴിച്ചത്. പ്രസ്തുത ഉപകരണങ്ങൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നോ അവ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ള കാര്യങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (32/30-08-2025 ) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ഇക്കോഷോപ്പ് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇക്കോഷോപ്പ് പുനരാരംഭിക്കുന്നത് എവിടെയാണെന്നോ എങ്ങനെയാണെന്നോ വ്യക്തമല്ല.

റാന്നി പെരുനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിലെ ഒരു കടമുറിയിലാണ് ഇക്കോഷോപ്പ് സജ്ജീകരിച്ചത്. കെയ്കോ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബിൽ നമ്പർ 374A/24-25 Dtd 18-10-2024 പ്രകാരം സെക്രട്ടറി/പ്രസിഡന്റ്, ശബരി ഹണി വില്ലേജ് ഇക്കോ ഷോപ്പ്, പെരുനാട് എന്ന കാർഷിക സംഘമാണ് 84338 രൂപ ചെലവഴിച്ചത്. ഇതിന്റെ 50% തുകയായ 42169 രൂപയാണ് ഓഫീസ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ചിരിക്കുന്നത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇക്കോഷോപ്പ് നിലവിൽ പ്രവർത്തിക്കുന്നില്ല. ഇക്കോഷോപ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ മറ്റൊരു സ്ഥാപനമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ഒരു ആസ്തിയിൽ നടത്തിയ നിർമ്മാണ പ്രവർത്തനമായതിനാലും പദ്ധതി നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാലും ഓഫീസ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക പൂർണ്ണമായും പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇക്കോഷോപ്പിന്റെ വാടകയിനത്തിൽ 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് വരെയുള്ള 12 മാസത്തെ തുകയായ 60000 രൂപ ആവശ്യപ്പെട്ട് കൊണ്ടുള്ള റാന്നി പെരുനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിയുടെ 16-03-2025-ലെ കത്തിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിൽ 30000 രൂപ (സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ അൻപത് ശതമാനം തുക) അനുവദിച്ച് നൽകിയിരുന്നു. ആയതിനാൽ ഒരു വർഷക്കാലം മാത്രം ഇക്കോഷോപ്പ് പ്രവർത്തിച്ചിരുന്നതായി അനുമാനിക്കാവുന്നതാണ്. തുടക്കം കുറിച്ച് ഒരു വർഷത്തിനകം തന്നെ പദ്ധതി പ്രവർത്തനം അവസാനിച്ചതായി ഇതിൽനിന്നും വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുടങ്ങികിടക്കുന്ന ഇക്കോഷോപ്പിന്റെ പ്രവർത്തനം പുനരാരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളിൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച യാതൊരുവിധ രേഖകളുമില്ല. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെടുന്ന ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല.


ഇക്കോഷോപ്പ് നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാലും തേൻ സംസ്കരണത്തിനായി വാങ്ങിയ ഉപകരണങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമല്ലാത്തതിനാലും കർഷകർക്കുണ്ടായ പ്രയോജനം ബോധ്യപ്പെടാത്ത സാഹചര്യത്തിലും ഓഫീസ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുകയായ 42169 രൂപയും തേൻ സംസ്കരണത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 235308 രൂപയും ഉൾപ്പെടെ **277477 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** പ്രസ്തുത തുക സെക്രട്ടറി/പ്രസിഡന്റ്, ശബരി ഹണി വില്ലേജ് തേനീച്ച കർഷക സംഘത്തിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 വാട്ടർ കിയോസ്ക് വെള്ളം നിറക്കൽ -വാട്ടർ അതോറിറ്റി കൈപറ്റിയത് അധിക നിരക്ക്

| | |
|---|---|
| പ്രോജക്ട്/നമ്പർ | ശബരിമല തീർത്ഥാടനം, വാട്ടർ അതോറിറ്റിക്ക് കുടിവെള്ള വിതരണത്തിനായി തുക ഒടുക്കു വരുത്തൽ (22/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | ശബരിമല സ്പെഷ്യൽ ഫണ്ട് |
| അടങ്കൽ | ₹1000000 |
| ചെലവ് | ₹280000 (BRN 24051152000600912741/19-11-2024)<br>₹320000 (BRN 24051152000600907071/15-11-2024) |

ശബരിമല തീർത്ഥാടന കാലയളവിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാങ്കുകളിൽ (വാട്ടർ കിയോസ്ക്) വെള്ളം നിറക്കുന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റിയെ ആണ് ഏൽപ്പിച്ചിരുന്നത്. വാട്ടർ അതോറിറ്റി നല്കിയ എസ്റ്റിമേറ്റുകൾ പ്രകാരം 900 കിലോലിറ്റർ വെള്ളം നിറക്കുന്നതിന് 320000 രൂപയും 850

കിലോലിറ്റർ വെള്ളം നിറക്കുന്നതിന് 280000 രൂപയും വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടന കാലത്തെ തിരക്ക് പ്രമാണിച്ച് പ്രോജക്ട് മാനേജ്മെന്റ് കൺസൽറ്റന്റ് എന്ന നിലയിൽ സ്ഥാപനത്തെ കുടിവെള്ള വിതരണം ഏൽപ്പിച്ചതായാണ് കാണുന്നത്. എസ്റ്റിമേറ്റ് വിവരം ചുവടെ ചേർക്കുന്നു. നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.



**ABSTRACT ESTIMATE**

DEPOSIT-ME-1200-CWSS to Pampa and Sabarimala(Deposit work Perunad Grama Panchayath)--Temporary water supply arrangements during festival season at various places of Perunadu Grama Panchayath Part-1-General Civil Work

| Sl No | Specification | Quantity | Rate | Amount |
|---|---|---|---|---|
| 1 | **Temporary water supply arrangement** | | | |
| 1.001 | OD139156/2024-2025 | | | |
| | Temporary water supply arrangements during festival season ME-1200 in Perunadu Grama Panchayath. Supplying drinking water from Perunadu Madathummoozhy pump house using tanker/temporary PVC tanks arranged vehicle suitable capacity to various places in Perunadu Grama Panchayath | | | |
| | Net Total | 900.000Kilo litre | @241.07/Kilo litre | 216963.00 |
| 1.002 | OD139155/2024-2025 | | | |
| | Placing pvc tanks supplied by TDB/Panchayat/Police at suitable elevated places after leveling the site ,cutting threading laying and jointing 25/20 mm GI pipes & specials and providing tap connections (3nos average) for each tank , fixing in ground using poles , reapers etc.complete including loading and unloading the tank, cost of taps, pipes and other fittings etc..complete as per the direction of departmental officers | | | |
| | Net Total | 10.000no | @1878.11/no | 18781.10 |
| | | | Heading Total(Rs) | 235744.10 |
| | | | Total Estimation PAC | 235744.10 |

| Sl No | Description | | Percentage/LS | Amount |
|---|---|---|---|---|
| 2 | **Lumsum Heading** | | | |
| 2.001 | Advertisement/Publicity charges | | | |
| | | 0.00 | 0.00% | 15000.00 |
| 2.002 | Centage Charge for Deposite Works (11.02) | | | |
| | | 235744.10 | 11.02% | 25979.00 |
| | | | Total Lumsum Amount | 40979.00 |
| 3 | **Extra Charges** | | | |
| 2.001 | Provision for GST | | | |
| | | 235744.10 | 18.00% | 42433.94 |
| | | | Grand Total | 319157.04 |
| | | | Round off | 842.96 |
| | | | Rounded Total(Rs) | 320000.00 |
| | Rupees Three Lakh Twenty Thousand | | | |

**ABSTRACT ESTIMATE**

DEPOSIT-ME-1200-CWSS to Pampa and Sabarimala(Deposit work Perunad Grama Panchayath)--Temporary water supply arrangements during festival season at various places of Perunadu Grama Panchayath Part-2-General Civil Work

| Sl No | Specification | Quantity | Rate | Amount |
|---|---|---|---|---|
| 1 | **Temporary water supply arrangement** | | | |
| 1.001 | OD150010/2024-2025 | | | |
| | Temporary water supply arrangements during festival season ME-1200 in Perunadu Grama Panchayath. Supplying drinking water from Perunadu Madathummoozhy pump house using tanker/temporary PVC tanks arranged vehicle suitable capacity to various places in Perunadu Grama Panchayath | | | |
| | Net Total | 850.000Kilo litre | @241.07/Kilo litre | 204909.50 |
| | | | Heading Total(Rs) | 204909.50 |
| | | | Total Estimation PAC | 204909.50 |

| Sl No | Description | | Percentage/LS | Amount |
|---|---|---|---|---|
| 2 | **Lumsum Heading** | | | |
| 2.001 | Centage Charge for Deposite Works (11.02) | | | |
| | | 204909.50 | 11.02% | 22581.03 |
| 2.002 | Advertisement/Publicity charges | | | |
| | | null | null% | 15000.00 |
| | | | Total Lumsum Amount | 37581.03 |
| 3 | **Extra Charges** | | | |
| 2.001 | Provision for GST | | | |
| | | 204909.50 | 18.00% | 36883.71 |
| | | | Grand Total | 279374.24 |
| | | | Round off | 625.76 |
| | | | Rounded Total(Rs) | 280000.00 |
| | Rupees Two Lakh Eighty Thousand | | | |

1) പ്രോജക്ട് മാനേജ്മെന്റ് കൺസൽറ്റന്റ് എന്ന നിലയിൽ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ, വാട്ടർ അതോറിറ്റി, സെക്രട്ടറി, ജലവിതരണത്തിന് ടെണ്ടർ നടപടികളിലൂടെ ചുമതലഏൽപ്പിച്ച കരാറുകാരൻ എന്നിവർ ചേർന്ന് ത്രികക്ഷി കരാർ വെക്കേണ്ടതും, സെന്റേജ് ചാർജ് വാട്ടർ അതോറിറ്റിക്കും, കരാർ തുക പ്രവൃത്തി ചെയ്ത ആൾക്കും നേരിട്ട് നല്കുകയാണ് വേണ്ടിയിരുന്നത്. എന്നാൽ കരാറില്ലാതെ തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

2) Notification No.2/2017-Central Tax (Rate) New Delhi, The 28th June, 2017 Sl. No. 99 പ്രകാരം സംസ്ഥാനത്തിനുള്ളിലുള്ള വെള്ളം നീക്കത്തിന് ( Water [Other Than Aerated, Mineral, Purified, Distilled, Medicinal, Ionic, Battery, De-Mineralized And Water Sold In Sealed Container]) ജി.എസ്.റ്റി. ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ 2 എസ്റ്റിമേറ്റുകളിലായി ജി.എസ്.റ്റി ഇനത്തിൽ നല്കിയ 79318 രൂപ (36883.71+42433.94) തിരികെ ലഭിക്കേണ്ടതായിരുന്നു.

3) മേൽ പറഞ്ഞ 2 എസ്റ്റിമേറ്റുകൾ പ്രകാരം നിക്ഷേപ പ്രവൃത്തിയായാണ് ചെയ്തതെങ്കിൽ ടെണ്ടർ നടപടികൾ ഇല്ലാത്തതിനാൽ പരസ്യചാർജിനത്തിൽ 30000 രൂപ (15000*2) വാട്ടർ അതോറിറ്റി ഈടാക്കിയത് തിരികെ ലഭിക്കേണ്ടതായിരുന്നു.

മേൽ പറഞ്ഞ വിഷയങ്ങളിലുള്ള മറുപടി ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/26-08-2025), നിക്ഷേപ പ്രവൃത്തിയായാണ് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് എന്ന് മറുപടി നല്കി. വാട്ടർ അതോറിറ്റി പുറം കരാർ നല്കിയാണ് പ്രവൃത്തി നിർവ്വഹിച്ചതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് നേരിട്ട് ഏറ്റെടുക്കാൻ കഴിയാത്ത പ്രോജക്ടുകൾക്കാണ് തുക നിക്ഷേപിക്കുന്നത് എന്നതിനാൽ സർക്കാർ അക്രഡിറ്റ് ഏജൻസി എന്ന നിലയിൽ പ്രോജക്ട് മാനേജ്മെന്റ് കൺസൽറ്റന്റായാണ് വാട്ടർ അതോറിറ്റി പ്രവൃത്തി നിർവ്വഹിച്ചത് എന്ന് വ്യക്തമാണ്. ആയതിനാൽ മറുപടി സ്വീകരിക്കാവുന്നതല്ല. വാട്ടർ അതോറിറ്റിയിൽനിന്നും ചെലവ് വിശദാംശങ്ങൾ വാങ്ങേണ്ടതും അധിക തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ പ്രവൃത്തിക്ക് ജി.എസ്.റ്റി ബാധകമല്ലാത്തതിനാൽ ഈ ഇനത്തിൽ നല്കിയ 79318 രൂപ തിരികെ വാങ്ങേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ നിർവ്വഹണ രീതികളെകുറിച്ച് വ്യക്തത വരുത്തി മാത്രം

പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്ന എന്നും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-27 പ്രവൃത്തി NON PMC ആയി ചെയ്യുന്നതിന് അനുമതി ഇല്ലാത്ത സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചു

റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം യുണൈറ്റ് ഇലക്ട്രിക്കൽസിനെ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ച് മിനിമാസ്റ്റ് സ്ഥാപിക്കൽ, സോളാർമിനിമാസ്റ്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായാണ് (PMC) അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റ് ഇലക്ട്രിക്കൽസിനെ നിശ്ചയിച്ചിരുന്നത്. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/ നമ്പർ | ഫണ്ടിനം | ചെലവ് |
|---|---|---|
| 338/25, മുക്കം ഗുരുമന്ദിരം, കിഴക്കേ മാമ്പറ ഗുരുമന്ദിരം എന്നിവിടങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 2 എണ്ണം | ₹200000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ₹199600 (ബിൽ നം./ തീയതി 580/26-03-2025) |
| 103/25, എസ്.സി. കോളനികളിൽ സൗരോർജ ലൈറ്റ് സ്ഥാപിക്കൽ | ₹750000 (വികസനഫണ്ട് എസ്.സി.പി) | ₹723000 (ബിൽ നം./ തീയതി 60/30-03-2025) |

സ.ഉ(അച്ചടി) 67/2021/ഫിൻ തീ. 28-4-2021 പ്രകാരം PMC ആയി പ്രോജക്ട് ഏറ്റെടുക്കുന്ന സർക്കാർ ഏജൻസികൾ PMC എന്ന നിലയിൽ ചെയ്യേണ്ട കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പാലിക്കുന്നതിൽ ഏജൻസി ഗുരുതരമായ പിഴവ് വരുത്തിയതായി കാണുന്നു. പ്രസ്തുത ഉത്തരവ് ഖ. 8-2 പ്രകാരം നിലവിലുള്ള DSR നിരക്കിൽ Price Software-ൽ തയ്യാറാക്കുന്ന (MorD, MORTH, CPWD) എസ്റ്റിമേറ്റ് ഇനങ്ങൾക്കാണ് ടെണ്ടർ ക്ഷണിക്കേണ്ടതെങ്കിലും ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പകരം യൂണിറ്റ് കോസ്റ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ഉപയോഗിച്ചിരിക്കുന്ന സാധനങ്ങളുടെ വില, ഗുണ നിലവാരം ഒന്നും തന്നെ പരിശോധിക്കപ്പെട്ടിട്ടില്ല.

ഉത്തരവ് ഖ. 3-1 പ്രകാരം ലിമിറ്റഡ് ടെണ്ടറിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസി സുതാര്യമായ ടെണ്ടർ നടപടികളിലൂടെ (സർക്കാരിന്റെ ഇ-ടെണ്ടർ സൈറ്റ് വഴി) കരാറുകാരനെ കണ്ടെത്തുകയും ടെണ്ടർ വിദാംശങ്ങൾ പ്രവൃർത്തി ഏൽപ്പിക്കുന്ന വകുപ്പിന് നല്കുകയും ചെയ്യണം. എന്നാൽ പ്രവൃത്തി യുണൈറ്റഡ് ഇലക്ട്രിക്കൽസ് നേരിട്ട് ഏറ്റെടുത്ത് ചെയ്തതായാണ് കാണുന്നത്.

സർക്കാർ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ, പൊതുമരാമത്ത് മാന്വൽ, വിവിധ സർക്കുലറുകൾ എന്നിവ പാലിക്കുന്നതിൽ ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 15/26-08-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലിമിറ്റഡ് ടെണ്ടറിലൂടെയാണ് അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തതെന്ന് മറുപടി നല്കി. എന്നാൽ പ്രോജക്ട് മാനേജ്മെന്റ് കൺസൽറ്റന്റായി ( നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യേണ്ട നടപടികൾ) പ്രവൃത്തി നിർവ്വഹണം ചെയ്യുന്നതിന് മാത്രമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസിന് അനുമതി ഉള്ളത്. എന്നാൽ അനുമതി ഇല്ലാത്ത സ്ഥാപനത്തിന് പ്രവൃത്തി നേരിട്ട് നല്കിയ സെക്രട്ടറിയുടെ നടപടി നിയമാനുസൃതമല്ല.

ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ 2 പ്രവൃത്തികളുടെ അളവ് പുസ്തകം, ഉപയോഗിച്ച സാധനങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കി എഞ്ചിനീയറിംഗ് വിഭാഗം മൂല്യ നിർണ്ണയം നടത്തേണ്ടതും, അധിക തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. പുറം കരാർ നല്കിയാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസ് പ്രവൃത്തി നിർവ്വഹിച്ചതെങ്കിൽ ടെണ്ടർ വിശദാംശങ്ങൾ, കരാർവ്യവസ്ഥകൾ എന്നിവ ലഭ്യമാക്കി യഥാർത്ഥ ചെലവ് മാത്രമേ ഏജൻസി കൈപ്പറ്റിയിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്, ആയത് വരെ ഈ ഇനത്തിലുള്ള ചെലവ് **922600 രൂപ (199600+723000) തടസ്സപ്പെടുത്തുന്നു.**

## 1-28 കംപ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് കരാർ-അസാധുവായ കരാറിന് തുക നല്കി

| | |
|---|---|
| പ്രോജക്ട്/നമ്പർ | കംപ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് കരാർ, 67/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | ₹150000 |
| ചെലവ് | ₹150000 (ബിൽ നം./തീ. 10/13-09-2024) |

പഞ്ചായത്തിൽനിന്നും നല്കിയ ലിസ്റ്റ് പ്രകാരമുള്ള കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക മെയിന്റനൻസ് നടത്തുന്നതിന് 150686 രൂപ നിശ്ചയിച്ച് കെൽട്രോണുമായി കരാറിലേർപ്പെട്ടിട്ടുള്ളതാണ്. കരാർ തുകയായ 150686 പരിമിതപ്പെടുത്തി 150000 രൂപ 13-09-2024 തീയതിയിൽ നല്കിയിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം 25-03-2024 മുതൽ 24-03-2025 വരെയാണ് AMC കാലയളവ്. കരാർ വ്യവസ്ഥ 2.8 പ്രകാരം തുക മുൻകൂറായി നല്കിയിരിക്കണം. തുക നല്കിയത് 13-09-2024 തീയതിയിലായതിനാൽ കരാർ വ്യവസ്ഥ പഞ്ചായത്ത് ലംഘിച്ചതായും അസാധുവായ കരാറിനാണ് 150000 രൂപ നല്കിയതെന്നും കാണുന്നു. അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/26-08-2025) മറുപടിയായി 2024-25 വാർഷിക പദ്ധതിയിലാണ് തുക വകയിരുത്തി അംഗീകാരം ലഭിച്ചതെന്നും കെൽട്രോൺ ഈ കാലയളവിലും AMC വ്യവസ്ഥ പ്രകാരമുള്ള സേവനം നല്കിയെന്നും അറിയിച്ചു.

***AMC കരാർ വ്യവസ്ഥ പ്രകാരം തുക മുൻകൂർ നല്കണമെന്നിരിക്കെ ആയതിൽ വീഴ്ചവരുത്തിയതിലൂടെ കരാർ ലംഘനം ഉണ്ടായിട്ടുണ്ട്. നിയമസാധുത ഇല്ലാത്ത കരാർ പ്രകാരമാണ് തുക നല്കിയത്. തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ച് കരാർ ചമക്കാത്ത പക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി നേരിട്ട് ഉത്തരവാദിയാകുന്നതാണ്.***

## 1-29 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതിലെ അപാകതകൾ

കുടുംബശ്രീ സംരംഭക യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് 2024-25 വർഷം പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. സംരംഭക യൂണിറ്റുകളുടെ ഒരു സ്വഭാവവും ഇല്ലാതെ ഏതാനും ഗ്രൂപ്പുകൾക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| *പ്രോജക്ടിന്റെ പേര്, നമ്പർ* | കുടുംബശ്രീ സംരംഭക യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് (258/25) |
| *വകയിരുത്തൽ* | ₹450000 (വികസന ഫണ്ട് - ജനറൽ) |
| *ചെലവ്* | ₹450000 |
| *ചെലവ് വിവരം* | ട്രഷറി ബിൽ നം. 240511520032016358887/22.3.2025 - ₹450000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 45 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ റിവോൾവിംഗ് ഫണ്ട് നൽകിയ കുടുംബശ്രീ യൂണിറ്റുകളുടെ അപേക്ഷ ഫാറം, അഫിലിയേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്ക്, 01.04.2022 മുതൽ 31.3.2024 വരെയുള്ള കുടുംബശ്രീ അക്കൗണ്ടിംഗ് ആന്റ് ഓഡിറ്റിംഗ് സർവ്വീസിസ് സൊസൈറ്റിയുടെ റിപ്പോർട്ട് എന്നിവയുടെ പകർപ്പ് എന്നിവയാണ് അനുബന്ധമായി ഹാജരാക്കിയിട്ടുള്ളത്.

സ.ഉ(കൈ.) 115/2022/ത.സ്വ.ഭ.വ തീയതി 28.5.2022 പ്രകാരമുള്ള പതിനാലാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.9.1(l) പ്രകാരം കുടുംബശ്രീ തൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്ന തുക തിരികെ നൽകുകയും ആയത് മറ്റ് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകേണ്ടതാണ്. എന്നാൽ റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുള്ള യൂണിറ്റുകൾ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടുകളിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ രേഖകൾ ഒന്നും ലഭ്യമല്ല. മാത്രവുമല്ല, അയൽക്കൂട്ട പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ട സത്യപ്രസ്താവനയിൽ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ധനസഹായം അയൽക്കൂട്ടത്തിലെ ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളെ എപ്രകാരമാണ് തെരഞ്ഞെടുത്തത് എന്നും വ്യക്തതയില്ല. പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഇപ്രകാരം ഒരു പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങളും ഇല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/29.8.2025) മറുപടിയായി പ്രസ്തുത യൂണിറ്റുകളിൽ നിന്ന് തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കുന്നത് വരെ **450000 രൂപ തടസ്സപ്പെടുത്തുന്നു.** സമയബന്ധിതമായി തുക തിരികെ ഈടാക്കാത്ത പക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതായിരിക്കും

2)

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് (230/25) |
| വകയിരുത്തിയ തുക | ₹373000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹373000 |
| ബിൽ നമ്പരും തീയതിയും | 240511520033700455676 /09-05-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വി.ഇ.ഒ |

മേൽ പ്രോജക്ട് പ്രകാരം 37 കുടുബശ്രീ യൂണിറ്റുകൾക്ക് 10000 രൂപയും 1 യൂണിറ്റിന് 3000 രൂപയും ഉൾപ്പെടെ 373000 രൂപയാണ് റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുള്ളത്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുടുംബശ്രീ തൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത്. കൂടാതെ ഗ്രൂപ്പുകൾ തിരികെ നൽകുന്ന ഫണ്ട് മറ്റ് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകണം.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളത് നൽകിയ ഫണ്ട് ആന്തരിക വായ്പാ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. കുടുംബശ്രീ യൂണിറ്റുകൾ സംരംഭ പ്രവർത്തനങ്ങൾക്കായി റിവോൾവിംഗ് ഫണ്ട് വിനിയോഗിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഭിച്ച റിവോൾവിംഗ് ഫണ്ട് വിനിയോഗിച്ച് സംരംഭങ്ങൾ നടത്തി അതിന്റെ ലാഭ വിഹിതത്തിൽ നിന്നുമുള്ള തുക മറ്റ് യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി തിരികെ നൽകിയതായും രേഖയില്ല. പ്രസ്തുത വിഷയത്തിൽ ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-25/29-08-2025 ) നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഏഴ് കുടുംബശ്രീ യൂണിറ്റുകൾ സംരംഭങ്ങൾ നടത്തുന്നതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നു. തുക കൈപ്പറ്റിയ ബാക്കിയുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. ആകെ ചെലവ് തുകയായ 373000 രൂപയിൽ വ്യക്തമായ രേഖകൾ ഹാജരാക്കാത്തതിന്റെ അടിസ്ഥാനത്തിൽ **303000 രൂപ (ഏഴ് യൂണിറ്റുകൾക്ക് നൽകിയ തുകയായ 70000 രൂപ ഒഴികെ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, ഫോട്ടോ ഗ്രാഫ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-30 മരണമടഞ്ഞ ഗുണഭോക്താക്കളുടെ സാമൂഹ്യ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല

ക്ഷേമപെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാൻറെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്നെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). 22.11.24 തീയതിയിലെ സർക്കുലർ നം.65/2024/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തത വരുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ ആക്ടീവ് പെൻഷണേഴ്സ് ലിസ്റ്റ്, പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെത്ത് റിപ്പോർട്ടുകൾ എന്നിവയിന്മേൽ ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തിട്ടില്ല എന്ന് കണ്ടു. പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിലുണ്ടായിട്ടുള്ള വീഴ്ചമൂലം ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും പെൻഷൻ തുക കൈമാറിയിട്ടുണ്ട്. ഈ ഇനത്തിൽ 14400 രൂപ കൈമാറിയിട്ടുള്ളതായാണ് പ്രാഥമിക പരിശോധനയിൽ കണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ് നം. | പെൻഷണർ ഐ.ഡി | നിലവിലെ പെൻഷൻ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേക്ക് അനർഹമായി ക്രെഡിറ്റ് ചെയ്ത തുക | വിതരണ സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | രാജൻ ടി.എസ് | 12 | 104000202568 | ആക്ടീവ് | 04/01/2025 | 4x1600=6400 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 2x1600=3200 | തുക ബാങ്കിന് കൈമാറി |
| 2 | മോഹനൻ പിള്ള | 2 | 104000202635 | ആക്ടീവ് | 31/05/2025 | 2x1600=3200 | തുക ബാങ്കിന് കൈമാറി |
| 3 | രാമക്ക | 4 | 104000200925 | ആക്ടീവ് | 28/06/2025 | 1x500=500 | ലഭ്യമല്ല |
| | | | | | | 1x1100=1100 | തുക സഹകരണ ബാങ്കിന് കൈമാറി |
| 4 | മഹലത്ത് ബീവി | 3 | 104000600552 | ആക്ടീവ് | 04/07/2025 | - | പെൻഷൻ സസ്പെന്റ്ചെയ്തിട്ടില്ല |

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020/ധന.). മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണം സംബന്ധിച്ച വിവരം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ).

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് പുറത്ത് മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടുവെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്.)നം.97/2020/ധന. തീ. 23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/29.08.2025) മരണപ്പെട്ടവരെ പെൻഷൻ സൈറ്റായ സേവനയിൽ നിന്ന് അടിയന്തിരമായി സസ്പെന്റ് ചെയ്ത് അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക സർക്കാരിലേയ്ക്ക് തിരിച്ച് അടവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കാളുടെ മരണശേഷം അധികമായി അനുവദിച്ച ക്ഷേമപെൻഷൻ തുക തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-31 ടെണ്ടർ നടപടികളില്ലാതെ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി</u>

കക്കാട് മാമ്പാറ LP സ്കൂൾ, അട്ടത്തോട് ട്രൈബൽ LP സ്കൂൾ എന്നീ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിന 2024-25 സാമ്പത്തിക വർഷം രണ്ടു പദ്ധതികൾ തയ്യാറാക്കി 4.75 ലക്ഷം രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ചെലവഴിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികൾ നടത്താതെ SIDCO എന്ന സ്ഥാപനത്തിൽ നിന്നും SIDCO ഉൽപ്പാദിപ്പിക്കാത്ത സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | 206/2023-24, കക്കാട് മാമ്പാറ LPS ന ഫർണിച്ചർ, | 208/2023-24, അട്ടത്തോട് ട്രൈബൽ LPS ന ഫർണിച്ചർ, |
| ഫണ്ട് വകയിരുത്തിയത് | ₹238000, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | ₹238000, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവഴിച്ചത്, ബിൽ നം, തീയതി | ₹237517, Bill No 9/25.03.2025 | ₹237993, Bill No 8/25.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.ട്രൈബൽ L P സ്കൂൾ, അട്ടത്തോട് | ഹെഡ്മാസ്റ്റർ, ഗവ.ട്രൈബൽ L P സ്കൂൾ, അട്ടത്തോട് |
| ഏജൻസി | Sidco, തിരുവല്ല | Sidco, തിരുവല്ല |

സ.ഉ (സാധാ) നം.134/2024/SPD, തീയതി 25.11.2024 ഉത്തരവ് പ്രകാരം തടി/സ്റ്റീൽ ഫർണിച്ചറുകൾ, ആശുപത്രി ഫർണിച്ചറുകൾ എന്നിവ സിഡ്കോ നിരക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ അനുമതിയുണ്ട്. സ.ഉ (സാധാ) നം. 97/2022/SPD; 23.12.2022 ഉത്തരവ് പ്രകാരം സിഡ്കോ ഉൽപ്പാദിപ്പിക്കുന്ന ഫർണിച്ചറുകളുടെ വില സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. ഈ നിരക്കുകൾ പ്രകാരം ആഞ്ഞിലിത്തടിയിലുള്ള ഡെസ്കും ബെഞ്ചും വാങ്ങിച്ചിട്ടുള്ളത് അംഗീകരിക്കുന്നു. എന്നാൽ സിഡ്കോ ഉൽപ്പന്നമല്ലാത്ത പ്ലാസ്റ്റിക് ആം ചെയർ, പോഡിയം, സ്ക്രീൻ എന്നിവ വാങ്ങിയത് ക്രമപ്രകാരമല്ല. സിഡ്കോ ഹാജരാക്കിയ ഇൻവോയിസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫർണിച്ചറുകൾ ലഭ്യമായ സ്കൂൾ | ബിൽ നം, തീയതി | ഇനം, നിരക്ക് | എണ്ണം | ആകെ |
|---|---|---|---|---|
| കക്കാട് മാമ്പാറ LPS | TVLA.24-25/103; 18.03.2025 | Anjiliwood Desk 180x42.5x75 Cm ₹3942 | 9 | 35478 |
| | | Anjiliwood Bench (4Legs) – 180x30x45 Cm, ₹3587 | 9 | 32283 |
| | | Plastic Arm Chair, ₹700 | 95 | 66500 |
| | | Podium (Stainless Steel), ₹15425 | 1 | 15425 |
| | | Screen Made Of Hardwood Stand& 8mm Plywood 250 Cmx180 Cm ₹8600 | 6 | 51600 |
| | **ആകെ** | **18% GST (₹36231) ഉൾപ്പെടെ** | | **237517** |
| അട്ടത്തോട് ട്രൈബൽ LPS | | Anjiliwood Desk 180x42.5x75 Cm ₹3942 | 16 | 63072 |
| | | Anjiliwood Bench (4Legs) – 180x30x45 Cm, ₹3587 | 16 | 57392 |
| | | Plastic Arm Chair, ₹700 | 94 | 65800 |
| | | Podium (Stainless Steel), ₹15425 | 1 | 15425 |
| | **ആകെ** | **18% GST (₹36304) ഉൾപ്പെടെ** | | **237993** |

സ.ഉ(അച്ചടി) നം. 259/2010/തസ്വഭവ; തീയതി 08.11.2010 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. നേരിട്ട് വാങ്ങുന്നതിനു അനുമതിയില്ലാത്ത വാങ്ങലുകളിൽ പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ ബാധകമാണെന്ന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.20-ലും (സ.ഉ (കൈ) നം.115/2022/Lsgd; 28.05.2022 ) നിർദ്ദേശിച്ചിട്ടുണ്ട്.

മതിപ്പുവില 100000 രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകൾക്കും ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ഇംഗ്ലീഷ്, മലയാളം ദിനപ്പത്രത്തിലും പരസ്യം നൽകേണ്ടതും ടെണ്ടർ ഫോറം വിതരണം നടത്തേണ്ടതുമായിരുന്നു. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെ സിഡ്കോ ഉൽപ്പാദിപ്പിക്കാത്ത പ്ലാസ്റ്റിക് കസേര ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയതിനു ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.26/29.08.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കാത്തതിനാൽ ബഞ്ചിന്റെയും ഡെസ്കിന്റെ വില കിഴിച്ചുള്ള തുകയായ **₹253405 രൂപ (66500+15425+51600+65800+15425=214750 + 18% GST) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.

## 1-32 മാമ്പാറ LP സ്കൂളിനു മൈക്ക്സെറ്റും അനുബന്ധ സാമഗ്രികകളും വാങ്ങിയതിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

കക്കാട് മാമ്പാറ LP സ്കൂളിനു ചെയറും മൈക്ക്സെറ്റും വാങ്ങുന്നതിനു 2024-25 സാമ്പത്തിക വർഷം പദ്ധതി തയ്യാറാക്കി 96840 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ചെലവഴിച്ചിരുന്നു. ലിമിറ്റഡ് ടെണ്ടർ നടപടികൾ

നടത്താതെയാണ് തിരുവല്ല, കൈമണ്ണിൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 96840 രൂപയുടെ സാധനസാമഗ്രികൾ വാങ്ങിയിരുന്നത്. ആംപ്ലിഫയർ, മൈക്കുകൾ, മിക്സർ എന്നിവയാണ് വാങ്ങിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 385/2023-24, മാമ്പാറ LPS ന കസേര, മൈക്ക്സെറ്റ് |
| ഫണ്ട് വകയിരുത്തിയത് | ₹96840 – വികസന ഫണ്ട് (ജനറൽ) |
| ചെലവഴിച്ചത്, ബിൽ നം, തീയതി | ₹96840, Bill No 5/18.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.ട്രൈബൽ L P സ്കൂൾ, അട്ടത്തോട് |
| ഏജൻസി | കൈമണ്ണിൽ ഏജൻസീസ്, തിരുവല്ല. |

സ.ഉ(അച്ചടി) നം. 259/2010/തസ്വഭവ; തീയതി 08.11.2010 ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. നേരിട്ട് വാങ്ങുന്നതിനു അനുമതിയില്ലാത്ത വാങ്ങലുകളിൽ പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ ബാധകമാണെന്ന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.20 ലും (സ.ഉ (കൈ) നം.115/2022/Lsgd; 28.05.2022 ) നിർദ്ദേശിച്ചിട്ടുണ്ട്.

മതിപ്പുവില 50000-ന മുകളിലും 100000 രൂപയിൽ താഴെയുമുള്ള എല്ലാ വാങ്ങലുകൾക്കും ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി കുറഞ്ഞത് 5 പേരിൽ നിന്നും മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കേണ്ടതാണ്. അംഗീകൃത വിതരണക്കാർക്ക് ഇതിനായി ടെണ്ടർ രേഖകൾ അയച്ചു കൊടുക്കേണ്ടതാണ്. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചാണ് കൈമണ്ണിൽ ഏജൻസീസ്, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. A.R ഏജൻസീസ്, തിരുവനന്തപുരം, പ്രസാദ് ഇലക്ട്രോണിക്സ്, മാവേലിക്കര എന്നീ രണ്ടു സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഫയലിൽ ലഭ്യമാണ്. മേൽ വിവരിച്ച അപാകതകൾക്ക് ഓഡിറ്റിനു വിശദീകരണം നൽകേണമെന്നാരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/29.08.2025) ഹെഡ്മാസ്റ്റർ മറുപടി നൽകിയില്ല. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കാത്തതിനാൽ വികസനഫണ്ട് (ജനറൽ) ൽ നിന്നും ചെലവഴിച്ച ₹96840 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തുന്നതിന് ഭരണസമിതി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

## 1-33 പകൽ വീട് നിർമ്മിക്കുന്നതിന് മുൻപ് സാധനങ്ങൾ വാങ്ങി

| | |
|---|---|
| *പ്രോജക്ട് പേര്, നം.* | പകൽ വീട് (326/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹400000 (വികസന ഫണ്ട് - ജനറൽ) |
| *ചെലവ്* | ₹253980 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 24051152003801666072/24.3.2025 – ₹202580<br>ട്രഷറി ബിൽ നം. 24051152003801684050/25.3.2025 - ₹51400 |

പഞ്ചായത്തിൽ ആരംഭിക്കുന്ന പകൽ വീടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്-

1. Samsung TV -1- 33500

2. Refrigerator Whirlpool- 1- 17900

3. Office Table – 2- 14200

4. Steel Cupboard -2- 32400

5. Cot Single – 2 – 21600

6. Office Chair – Wood- 2- 12400

7. Plastic – Arm Chair – 100- 69000

8. Plastic- Armless Chair- 50- 33500

9. Mattress-Single- 2 – 10500

10. TV Stand – 1 - 14100

പ്രസ്തുത സാധനങ്ങൾ സൂക്ഷിച്ചിട്ടുള്ളത് പെരുനാട് മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന ഹോമിയോ ഡിസ്പെൻസറി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള വയോജന ക്ലബ്ബിന്റെ കാര്യാലയത്തിലാണ്. ഭൗതിക പരിശോധനയിൽ Plastic – Arm Chair ഇനത്തിൽ 30 എണ്ണം മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്. Plastic- Armless Chair ഒന്നും കാണപ്പെട്ടില്ല. ഇലക്ട്രിക് സാധനങ്ങളിൽ ടെലിവിഷനും റെഫ്രിജെറേറ്ററും നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല എന്നത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (41/30.8.2025) മറുപടി ലഭ്യമായിട്ടില്ല. വിഷയം ഓഡിറ്റിന്റെ സമാപന യോഗത്തിൽ അവതരിപ്പിച്ചപ്പോൾ പ്രസ്തുത കെട്ടിടത്തിന്റെ സമീപമുള്ള സ്ഥലത്ത് പകൽവീട് നിർമ്മിക്കാൻ 2025-26-ൽ പ്രോജക്റ്റ് വെച്ചിട്ടുണ്ട് എന്ന് പ്രസിഡന്റ് അറിയിച്ചു. എന്നാൽ ഇപ്രകാരമൊരു പ്രോജക്റ്റ് 2025-26-ലെ ഡി.പി.സി അംഗീകരിച്ച പ്രോജക്റ്റുകളുടെ ലിസ്റ്റിലില്ല. കെട്ടിടം പോലുമില്ലാത്ത പകൽ വീടിന് സാധനങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. ഇലക്ട്രോണിക് സാധനങ്ങൾ പ്രവർത്തിക്കാതിരുന്നാൽ ആയത് കേടാകുകയും വാറന്റി സംവിധാനത്തിന്റെ പ്രയോജനം ലഭിക്കാതെയും വരാൻ സാദ്ധ്യതയുണ്ട്.
ഭൗതിക പരിശോധനയിൽ കാണപ്പെടാത്ത സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Cot Single | 2 | 21600 |
| 2 | Mattress-Single | 2 | 10500 |
| | | **ആകെ** | **32100** |

രണ്ട് കട്ടിലിന്റെയും മെത്തകളുടെയും വിലയായ **32100 രൂപ നിരാകരിക്കുകയും 221880 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** പകൽ വീടിന് കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്റ്റ് പോലും ആവിഷ്കരിക്കാതെ ആയതിലേക്കുള്ള ഇലകട്രോണിക് സാധനങ്ങളും ഫർണ്ണീച്ചറുകളും മുൻകൂട്ടി വാങ്ങിയത് അംഗീകരിക്കുന്നില്ല. ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്കുള്ള വാറണ്ടി പിരീഡ് ലഭിക്കാതെയുള്ള കഷ്ടനഷ്ടങ്ങൾക്ക് നിർവഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും. വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 വാട്ടർ ചാർജ്ജിനത്തിൽ അധിക തുക ഒടുക്കി

| | |
|---|---|
| *പ്രോജക്റ്റ് പേര്, നം.* | ഐ.സി.ഡി.എസ് കണ്ടിജൻസി ചെലവുകൾ (365/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹50000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| *ചെലവ്* | ₹49999 |
| *ചെലവ് വിവരങ്ങൾ* | 24051152003801493707/11.3.2025 – ₹3700<br>24051152003801493725/11.3.2025 – ₹2962<br>24051152003801493730/11.3.2025 – ₹12934<br>24051152003801493734/11.3.2025 – ₹7015<br>24051152003801493738/11.3.2025 – ₹2000<br>24051152003801536559/14.3.2025 – ₹978<br>24051152003801540765/14.3.2025 – ₹2291<br>24051152003801540769/14.3.2025 – ₹300<br>24051152003801540771/14.3.2025 - ₹645<br>24051152003801540773/14.3.2025 – ₹3041<br>24051152003801594478/19.3.2025 – ₹10000<br>24051152003801594480/19.3.2025 – ₹1958<br>24051152003801666085/24.3.2025 - ₹2175 |

1. പ്രസ്തുത പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഏതാനും അംഗൻവാടികളുടെ വാട്ടർ ചാർജ്ജ് അടവാക്കിയിട്ടുണ്ട്. വാട്ടർ ചാർജ്ജ് ഒടുക്കിയതിൽ അധീഷണൽ തുക, പിഴ എന്നിവ ചേർന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു- (ബിൽ നം.

2405115200380143707/11.03.25)

| അംഗൻവാടിയുടെ പേര് | കാലയളവ് | ദ്വൈമാസ വാട്ടർ ചാർജ്ജ് | അഡീഷണൽ തുക | | ആകെ |
|---|---|---|---|---|---|
| | | | കുടിശ്ശിക | പിഴ | |
| മാടമൺ വള്ളക്കടവ് | 1.4.24 – 31.5.24 | 641 | 4210 | 154 | 5005 |
| മാടമൺ വള്ളക്കടവ് | 1.8.24 – 30.9.24 | 641 | 829 | 34 | 1504 |
| മുക്കം | ബിൽ തീയതി 5.8.2024 | 144 | 226 | 10 | 380 |
| നമ്പർ 12 | ബിൽ തീയതി 23.8.2024 | 641 | 5064 | 180 + 160 (സർചാർജ്ജ്) | 6045 |

( ബിൽ നം. 24051152003801594480/19.3.25)

| അംഗൻവാടിയുടെ പേര് | കാലയളവ് | ദ്വൈമാസ വാട്ടർ ചാർജ്ജ് | അഡീഷണൽ തുക | | ആകെ |
|---|---|---|---|---|---|
| | | | കുടിശ്ശിക | പിഴ | |
| നമ്പർ 14 | 1.1.25 – 28.2.25 | 641 | 1287 | 50 | 1958 |

( ബിൽ നം. 24051152003801594478/19.3.25) (നൽകിയത് 10000/-)

| അംഗൻവാടിയുടെ പേര് | കാലയളവ് | ദ്വൈമാസ വാട്ടർ ചാർജ്ജ് | അഡീഷണൽ തുക | | ആകെ |
|---|---|---|---|---|---|
| | | | കുടിശ്ശിക | പിഴ | |
| നമ്പർ 7 | ബിൽ തീയതി 11.6.2024 | 641 | 15859 | 526 | 18042 |

മേൽ സൂചിപ്പിച്ച വാട്ടർ ചാർജ്ജ് ബില്ലുകളിൽ അഡീഷണൽ ചാർജ്ജും പിഴയും നൽകാൻ ഉണ്ടായ കാരണം ബോദ്ധ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/30.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയായി നൽകേണ്ടി വന്ന **1114 രൂപ നിരാകരിക്കുന്നു.** അഡീഷണൽ തുക സംബന്ധിച്ച് വ്യക്തത ലഭിക്കുന്നത് വരെ ഈയിനത്തിലുള്ള **27475 രൂപ തടസ്സത്തിൽ വയ്ക്കുന്നു.**

## 1-35 അങ്കണവാടികളിലെ ഫർണ്ണിച്ചർ വിതരണത്തിലെ അപാകതകൾ

**1. മാടമൺ വടക്ക് അങ്കണവാടി**

| | |
|---|---|
| *പ്രോജക്ടിന്റെ പേര് നമ്പർ* | മാടമൺ വടക്ക് അങ്കണവാടി കം സാംസ്കാരിക നിലയം ഫർണ്ണീച്ചർ (291/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹100000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| *ചെലവ്* | ₹99100 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 24051152003801187871/17.1.2025 |

പ്രസ്തുത പ്രോജക്ട് പ്രകാരം Silpa Agencies, Kozhencherry എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്-

1. Plastic Chair NILKAMAL – 150- 81000

2. Steel Cupboard (GORDREJ) – 1 – 13300

3. Office Table – 1- 4800

30.8.2025-ന് നടത്തിയ ഭൗതിക പരിശോധനയിൽ സാംസ്കാരിക നിലയത്തിൽ 50 കസേരകൾ, Steel Cupboard, Office Table എന്നിവ മാത്രമാണ് കാണപ്പെട്ടത്. ബാക്കിയുള്ള 100 കസേരകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/30.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 100 കസേരകളുടെ വിലയായ **54000 രൂപ നിരാകരിക്കുന്നു.**

**2. മുഴിക്കൽ അങ്കണവാടി**

| | |
|---|---|
| *പ്രോജക്ടിന്റെ പേര്, നം.* | മൂഴിക്കൽപടി അങ്കണവാടി ഫർണ്ണീച്ചർ (289/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹100000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| *ചെലവ്* | ₹99100 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 24051152003801187860/17.1.2025 |

പ്രസ്തുത പ്രോജക്ട് പ്രകാരം Silpa Agencies, Kozhencherry എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്-

1. Plastic Chair NILKAMAL – 150- ₹81000

2. Steel Cupboard (GORDREJ) – 1 – ₹13300

3. Office Table – 1- ₹4800

30.8.2025-ന് നടത്തിയ ഭൗതിക പരിശോധനയിൽ സാംസ്കാരിക നിലയത്തിൽ 36 കസേരകൾ, Steel Cupboard, Office Table എന്നിവ മാത്രമാണ് കണ്ടത്. ബാക്കിയുള്ള 114 കസേരകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/30.8.2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയില്ല. ഈ സാഹചര്യത്തിൽ 114 കസേരകളുടെ വിലയായ **61560 രൂപ നിരാകരിക്കുന്നു.**
മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകളും രൂപീകരിച്ചിട്ടുള്ളത് വാസ്തവത്തിൽ സാംസ്കാരിക നിലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനായിരുന്നു എന്നാണ് അനുമാനിക്കേണ്ടതാണ്. പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള വലിയ കസേരകൾ അങ്കണവാടിയിൽ ആവശ്യമില്ലാത്തതാണ്. സെക്രട്ടറി നിർവ്വഹിക്കേണ്ട പ്രസ്തുത പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസറിനെ ഏല്പിച്ചതിന്റെ കാരണവും വ്യക്തമല്ല. മേൽ സൂചിപ്പിച്ച ഫർണ്ണീച്ചറുകൾ ബന്ധപ്പെട്ട അങ്കണവാടികൾ/സാംസ്കാരിക നിലയങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. അപാകതകളുടെ വെളിച്ചത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം നിരാകരിച്ച തുക ഒഴികെ ബാക്കി **82640 (45100+37540) രൂപ തടസ്സപ്പെടുത്തുന്നു.** സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു.

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കാതെ അവശേഷിച്ചതായി കണ്ടു.

| ക്രമ നം | പ്രോജക്ട് നം./പേര് | ഫണ്ട് വകയിരുത്തിയത്, നാളിതു വരെയുള്ള ചെലവ് | കരാറുകാരൻ, എഗ്രിമെന്റ് തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി |
|---|---|---|---|---|
| 1 | 275/2023-24,<br>SO 273/2024-25<br>വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സോക് പിറ്റ് നിർമ്മാണം | **വകയിരുത്തിയത്**<br>ധനകാര്യ കമ്മീഷൻ - ₹180000<br>കേന്ദ്രാവിഷ്കൃതം - ₹420000<br>**ആകെ - ₹600000**<br>**ചെലവഴിച്ചത്**<br>ധനകാര്യ കമ്മീഷൻ - ₹180000<br>**ആകെ - ₹180000** | സനോജ് കെ,<br>നിരവുംപുറത്ത്,<br>പെരുനാട്<br>59/23-24/AE/LSGD/RPGP; 12.03.2024 | 11.09.2024 |
| 2 | 76/2023-24,<br>344/2024-25<br>അരയാഞ്ഞിലിമൺ കോസ്സ്‌വേ | **വകയിരുത്തിയത്**<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹1300000<br>ആകെ - ₹1300000<br>**ചെലവഴിച്ചത്** | എം അയ്യപ്പൻ,<br>ജ്യോതിഭവൻ,<br>പെരുനാട്<br>28/23-24/AE/LSGD/RPGP; | 19.04.2024<br>5 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. |

| | | | | |
|---|---|---|---|---|
| | ഇടലപ്പുരയ്ക്കൽ റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹158211 (2023-24)<br>അഞ്ച് - ₹517794 (2024-25)<br>**ആകെ - ₹676005** | 20.11.2023 | |
| 3 | 81/2024-25 ,<br>കിസുമം സ്കൂൾപടി റോഡ് മെയിന്റനൻസ് | **വകയിരുത്തിയത്**<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-<br>₹400000<br>**ആകെ - ₹400000**<br>**ചെലവഴിച്ചത്**<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-<br>അഞ്ച് ₹289790<br>**ആകെ - ₹289790** | ജോസഫ് ഫിലിപ്പ്, പുളിയ്ക്കൽ വീട്, വെച്ചൂച്ചിറ<br>05/23-24/AE/LSGD/RPGP; 16.12.2024 | 15.06.2025 |

ക്രമ നം. 1-ലെ സ്കൂളുകൾക്ക് സോക് പിറ്റ് നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് ജി.എസ്.ടി ഇല്ലാതെ 508355 രൂപയായിരുന്നു. പദ്ധതിയുടെ നിർവ്വഹണത്തിനായി ഇ-ടെണ്ടർ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ' Letter Of Acceptance' ഉം കരാറും മാത്രമാണ് ഫയലിൽ ലഭ്യമായിരുന്നത്. 12.03.2024 വച്ച കരാർ പ്രകാരം ആറു മാസത്തിനകം, അതായത് 11.09.2024-നകം പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 22.01.2025-ലെ ഗവ. HSS കിസുമം, പ്രിൻസിപ്പാളിന്റെ കത്ത് പ്രകാരം പദ്ധതി ആരംഭിച്ചിരുന്നില്ല എന്നു വ്യക്തമായിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. കരാർ തുക 503234 രൂപയുടേതായിരുന്നു. എന്നാൽ മെഷർമെന്റ് രേഖകൾ പ്രകാരമുള്ള പ്രവൃത്തിമൂല്യം 191073 രൂപയുടേതു മാത്രമാണ്. അവശേഷിക്കുന്ന **312161 രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.**

ക്രമ നം 2 പ്രകാരം 2023-24 ൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ൽ 13 ലക്ഷം രൂപ വകയിരുത്തുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. 1068165 രൂപയുടെ തുകയിൽ ശ്രീ. എം. അയ്യപ്പൻ എന്നയാളുമായി 20.11.2023-ൽ കരാറിൽ ഏർപ്പെട്ടിരുന്നു. എഗ്രിമെന്റ് പ്രകാരം 5 മാസത്തിനകം, അതായത് 19.04.2024-നകം പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി കരാർ വച്ച് 20 മാസങ്ങൾക്കു ശേഷവും പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി വൈകിയതിനു നിയമാനുസൃത ഫൈൻ പാർട്ട് ബില്ലുകളിൽ നിന്നും ഈടാക്കിയിട്ടുമില്ല. സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. മെഷർമെന്റ് രേഖകൾ പ്രകാരം 568648 രൂപയുടെ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. **അവശേഷിക്കുന്ന 499517 രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.** 2024-25-ലെ വാർഷിക പദ്ധതി പ്രകാരം 512794 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. അതിനാൽ തന്നെ 2025-26-ൽ പദ്ധതി സ്പിൽ ഓവറായി തുടരാതെ പദ്ധതി പാതിവഴിയിൽ അവസാനിപ്പിക്കുകയാണ് എന്നും വ്യക്തമായിട്ടുണ്ട്.

ക്രമ നം. 3 പ്രകാരം കിസുമം സ്കൂളിനു മുന്നിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി ജി.എസ്.ടി ഇല്ലാതെ 339490 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 304300 രൂപയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. കരാറുകാരനു നൽകിയ ഫൈനൽ ബില്ലിലെ മെഷർമെന്റ് രേഖകൾ പ്രകാരം ആകെ 245585 രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയതെന്നു വ്യക്തമായിട്ടുണ്ട്. **അവശേഷിക്കുന്ന 58715 രൂപയുടെ പ്രവൃത്തികൾ**അഞ്ച് **നടപ്പാക്കിയിട്ടില്ല.** എഗ്രിമെന്റ് പ്രകാരമുള്ള ഡ്രയിനേജ് പ്രവൃത്തികൾ ചെയ്യാതെ പദ്ധതി അവസാനിപ്പിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/29.08.2025) അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകിയിരുന്നില്ല. പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനു കരാറുകാർക്ക് കർശന നിർദ്ദേശം നൽകേണ്ടതും അല്ലാത്തപക്ഷം കരാറുകാർക്കെതിരെ തുടർനിയമനടപടികൾ സ്വീകരിക്കുന്നതിനു ഭരണസമിതിയുടെ തുടർ തീരുമാനങ്ങളുണ്ടാകേണ്ടതാണ്. മേൽ വിവരിച്ച മൂന്നു പദ്ധതികൾക്കുമായി നാളിതുവരെ ചെലവഴിച്ച **₹1145795 രൂപ (180000+158211+517794+289790) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-37 നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാകുന്നില്ല

A) **സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയില്ല**

2023-24 സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെട്ട അഞ്ചു പദ്ധതികളിൽ നാലു പദ്ധതികൾക്ക് 2024-25-ൽ തുക വകയിരുത്തിയിരുന്നു. ഇതിൽ രണ്ടു പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. രണ്ടു പദ്ധതികൾ നടപ്പാക്കിയിട്ടില്ല. നടപ്പാക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. താഴെ പറയുന്ന രണ്ടു പദ്ധതികൾക്കും കരാർ ആയിട്ടില്ല എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | 162/2023-24, 280/2024-25, മാത്തുംമൂഴി വലിയപാലം ജംഗ്ഷനിലെ ടോയ്‌ലെറ്റ്, വെയിറ്റിംഗ് ഷെഡ്ഡ് എന്നിവയുടെ നവീകരണം | CFC- ₹380000<br>കേന്ദ്രാവിഷ്കൃത ഫണ്ട് - ₹1000000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹1000000<br>ആകെ - ₹2380000 |
| 2 | 168/2023-24, 278/2024-25, വളഞ്ഞങ്ങാനം കുളം നവീകരണം, പൈപ്പ് ലൈൻ നീട്ടൽ | CFC - ₹1500000 |

2023-24-ൽ പുതിയ പദ്ധതിയായി ആവിഷ്കരിക്കുകയും 2024-25 ൽ സ്പിൽ ഓവറായി തുക വകയിരുത്തുകയും ചെയ്ത മൂന്നു പദ്ധതികൾ നടപ്പായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | വകയിരുത്തിയ തുക | എഗ്രിമെന്റ് നം, തീയതി<br>കരാറുകാരൻ |
|---|---|---|---|
| 1 | 67/2023-24, 277/2024-25, പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം | CFC- 29,00,000 | 52/23-24/AE/LSGD/RPGP;<br>11.03.2024<br>അശ്വിൻ പി മോഹൻ, നന്ദനം, മാമ്പാറ |
| 2 | 97/2023-24, 265/2024-25, കോളനികളിൽ ടാങ്ക് സ്ഥാപിച്ച് വെള്ളം ലഭ്യമാക്കൽ | CFC - 406105 | 60/23-24/AE/LSGD/RPGP;<br>12.03.2024<br>സനോജ് കെ,<br>നിരവുംപുറത്ത്, പെരുനാട് |
| 3 | 230/2023-24, 355/2024-25, കക്കാട് സബ് സെന്റർ നിർമ്മാണം | ഹെൽത്ത് ഗ്രാന്റ് -27750000 | 02/24-25/AE/LSGD/RPGP;<br>11.12.2024<br>രാജേഷ് കുമാർ ആർ,രതീഷ് ഭവൻ, റാന്നി പെരുനാട് |

2022-23 സാമ്പത്തിക വർഷം പുതിയ പദ്ധതിയായി ആവിഷ്കരിച്ച ബിമ്മരം കോളനി കുടിവെള്ള പദ്ധതിയിൽ (പ്രോജക്റ്റ് നം. 6) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2023-24 ൽ (പ്രോജക്റ്റ് നം. 161) ₹101013 രൂപ ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. 2024-25-ൽ ഈ പദ്ധതി സ്പിൽ ഓവറായി (പ്രോജക്റ്റ് നം. 263, CFC ഗ്രാന്റ് -₹933987) തുടർന്നെങ്കിലും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചെങ്കിലും കരാറുകാരന്റെ പേരോ എഗ്രിമെന്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

B) **പദ്ധതികൾ ഉപേക്ഷിച്ചു**

2023-24-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും നടപ്പാക്കാതിരുന്നതുമായ ഒരു സ്പിൽ ഓവർ പ്രോജക്റ്റ് ഉൾപ്പെടെ ആറ് പദ്ധതികൾ 2024-25-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | SO നം 166/2023-24, മുക്കം പറമ്പത്ത് പടി അലിമുക്ക് റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹818786 |
| 2 | 62/2023-24, മന്ദപ്പുഴ എസ് സി കോളനി റോഡ് | വികസന ഫണ്ട് (Scp) – ₹500000 |

| | | |
|---|---|---|
| 3 | 87/2023-24, കൃഷി ഓഫീസ് മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - ₹400000 |
| 4 | 240/2023-24, മഠത്തുംമൂഴി ഇടപ്ര റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹470000 |
| 5 | 287/2023-24, എല്ലാ ഘടകസ്ഥാപനങ്ങളിലും മിനി MCF | CFC- ₹140000 |
| 6 | 290/2023-24, ആയുർവേദ ആശുപത്രിയ്ക്ക് കിണർ നിർമ്മാണം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - ₹100000 |

മേൽ പദ്ധതികൾ 2024-25 വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിനുള്ള കാരണം വിശദമാക്കേണ്ടതാണെന്നും മറ്റ് അപാകതകൾക്കുള്ള വിശദീകണവും ആരാഞ്ഞു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.37/30.08.2025) നൽകിയിരുന്നെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകിയിരുന്നില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വർഷങ്ങളായിട്ടും കരാർ നൽകാൻ കഴിയാത്ത പദ്ധതികൾ ഉപേക്ഷിക്കുന്നതിനും ഇതിനായി വകയിരുത്തിയ തുക മറ്റ് ഫലപ്രദമായി പദ്ധതികൾക്കായി വകയിരുത്തുന്നതിനും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 കാർഷിക കർമ്മസേനയുടെ അടിസ്ഥാന സൗകര്യം - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | കാർഷിക കർമ്മസേന ഓഫീസ് അടിസ്ഥാന സൗകര്യം (178/25) |
| വകയിരുത്തിയ തുക | ₹200000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹173041 |
| ബിൽ നമ്പരും തീയതിയും | ₹89300- 494/19-03-2025<br>₹38741- 508 /21-03-2025<br>₹45000- 560/25-03-2025<br>ആകെ - ₹173041 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കൃഷി ഓഫീസർ |

കാർഷിക കർമ്മസേന ഓഫീസ് സജ്ജീകരിക്കുന്നതിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഇനം | ചെലവ് തുക | സാധനം സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|
| സ്റ്റീൽ അലമാര, മേശ, കസേര എന്നിങ്ങനെയുള്ള ഫർണ്ണീച്ചറുകൾ | 89300 | ശിൽപ്പാ ഏജൻസീസ്, കോഴഞ്ചേരി |
| കമ്പ്യൂട്ടർ (ഡെസ്ക്ക് ടോപ്പ്) | 38741 | കെൽട്രോൺ, തിരുവനന്തപുരം |
| പ്രിന്റർ | 45000 | എം.പി അസ്സോസ്സിയേറ്റ്സ് അടൂർ |
| ആകെ | 173041 | |

1) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022) പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം എന്ന നിലയിൽ കാർഷിക കർമ്മസേന വിപണന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രോജക്ടുകളിൽ ആകെ ചെലവിന്റെ 50% മാത്രമാണ് തദ്ദേശസ്ഥാപനത്തിന് ചെലവഴിക്കാൻ കഴിയുന്നത്. എന്നാൽ ടി പ്രോജക്റ്റ് പ്രകാരം കാർഷിക കർമ്മസേനയുടെ ഓഫീസ് സജ്ജീകരിക്കുന്നതിനായി 100% തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച് നൽകി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആകെ ചെലവ് തുകയായ 173041 രൂപയുടെ 50% തുകയായ 86521 രൂപയാണ് സബ്സിഡി ഇനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കാൻ കഴിയുന്നത്. എന്നാൽ മാർഗ്ഗരേഖയിലെ വ്യവസ്ഥക്ക് വിരുദ്ധമായി 86520 രൂപ കൂടി അധികമായി അനുവദിച്ച് നൽകി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി അനുവദിച്ച് നൽകിയ 86520 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2) പഞ്ചായത്ത് പ്രൊക്വർമെന്റ് മാന്വൽ പ്രകാരം 25000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ വാങ്ങലുകൾക്ക് ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.

3) ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കർമ്മസേനക്ക് അനുവദിച്ച് നൽകിയ പ്രിന്റർ നിലവിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലായെന്ന് കാണാൻ കഴിഞ്ഞു. വാറന്റി കാലയളവിനുള്ളിൽ ഉപകരണം പ്രവർത്തനക്ഷമമാക്കാത്തപക്ഷം കേട്പാടുകൾ ഉണ്ടാകുന്നത് പരിഹരിക്കാൻ കഴിയാതെ കർമ്മസേനക്ക് ബാധ്യതയായി മാറും. ആയതിനാൽ ഉപകരണം പ്രയോജനപ്രദമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രിന്റർ നിലവിലും പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 45000 രൂപയുടെ പകുതി തുകയായ **22500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു** ( പ്രിന്ററിന്റെ ചെലവ് തുകയായ 45000 രൂപയുടെ പകുതി തുകയായ 22500 രൂപ ആകെ ഓഫീസ് ചെലവിൽ ഉൾപ്പെടുത്തി ഖണ്ഡിക 1 പ്രകാരം നിരാകരിച്ചതാണ്) പ്രിന്റർ പ്രവർത്തനക്ഷമമാക്കി മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.30/29-08-2025) നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കാർഷിക കർമ്മസേനക്ക് അടിയന്തിരമായി ഓഫീസ് സജ്ജീകരിക്കേണ്ടി വന്ന സാഹചര്യത്തിലാണ് പദ്ധതിപ്പണം 100% ചെലവഴിക്കേണ്ടി വന്നതെന്നാണ് അറിയിച്ചത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കാർഷിക കർമ്മസേനയുടെ ഓഫീസ് പ്രവർത്തിക്കുന്നതായും 2023-24 സാമ്പത്തിക വർഷം കാർഷിക കർമ്മസേനക്ക് യന്ത്രോപകരണങ്ങൾ (പ്രോജക്ട് നമ്പർ-16/24) എന്ന പ്രോജക്ട് പ്രകാരം നൽകിയ 170695 രൂപയുടെ കാർഷിക യന്ത്രോപകരണങ്ങൾ കർഷകർക്ക് വാടകക്ക് നൽകി വരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്. കർമ്മസേനയുടെ നേതൃത്വത്തിൽ കാർഷിക പ്രവൃത്തികൾ ചെയ്യുന്നതിനായി ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുകയും ആയതിന്റെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഓഫീസ് സജ്ജീകരണത്തിനായി തുക ചെലവഴിച്ചത് മാതൃകാപരമാണെങ്കിലും സബ്സിഡി മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച **86520 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** പ്രസ്തുത അപാകതക്ക് മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-39 ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതി പ്രോജക്ടുമായി ബന്ധപ്പെട്ട് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിലവിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തീയതി |
|---|---|---|---|
| 1 | രാജ് കുമാർ എസ്<br>മേലേടത്ത്, മാത്തുമമൂഴി, വാർഡ് -3, (ജനറൽ) | 40000 | 17-02-2021 |
| | | 160000 | 21-02-2022 |
| | | ആകെ - 200000 | |
| 2 | ചന്ദ്രശേഖരൻ<br>പരപ്പനാൽ, പുതുക്കട, വാർഡ്-11, (ജനറൽ) | 40000 | 19-03-2021 |
| | | 160000 | 19-01-2022 |
| | | ആകെ- 200000 | |
| 3 | സുജാത<br>വാറുവേലിൽ, മണക്കയം, വാർഡ്-10, (ജനറൽ) | 40000 | 19-03-2021 |
| | | 160000 | 28-02-2022 |
| 4 | വിജയൻ എ.കെ<br>ഇലവുങ്കൽ, ചേലംപ്ലാവ്, വാർഡ്-9, (ജനറൽ) | 40000 | 28-03-2023 |
| 5 | ചെല്ലമ്മ രാമചന്ദ്രൻ<br>പാലമൂട്ടിൽ, ളാഹ പി.ഒ, വാർഡ്-9, (ജനറൽ) | 40000 | 24-06-2021 |
| | | 160000 | 13-09-2021 |
| | | ആകെ- 200000 | |
| 6 | മാധവൻ<br>വട്ടകുഴിയിൽ, പമ്പ പി.ഒ, വാർഡ്-9, (ജനറൽ) | 40000 | 24-06-2021 |
| | | 160000 | 13-09-2021 |
| | | ആകെ- 200000 | |

| | | | |
|---|---|---|---|
| 7 | രമേശ്<br>നടുപ്പറമ്പിൽ, പമ്പ, വാർഡ്-9, (ജനറൽ) | 40000 | 24-06-2021 |
| | | 160000<br>ആകെ- 200000 | 13-09-2021 |
| 8 | രാധാമണി<br>ആഞ്ഞിലിമൂട്ടിൽ, ളാഹ, വാർഡ്-9, (ജനറൽ) | 40000 | 20-10-2021 |
| | | 160000<br>ആകെ- 200000 | |
| 9 | ജനാർദ്ദനൻ<br>പുളിമൂട്ടിൽ, ളാഹ, വാർഡ്-9 | 40000 | 20-11-2021 |
| | | 160000 | 14-03-2022 |
| | | ആകെ- 200000 രൂപ | |
| 10 | കുഞ്ഞുപിള്ള<br>പൂവന്മല, അട്ടത്തോട് | 40000 | 12-03-2021 |
| | | 160000<br>ആകെ- 200000 രൂപ | 13-07-2022 |
| 11 | ഓമന<br>കാട്ടാംകുന്നേൽ, അട്ടത്തോട് | 40000 | 12-03-2021 |
| | | 160000<br>ആകെ- 200000 രൂപ | 13-05-2022 |
| 12 | മോനച്ചൻ പി.കെ<br>പൊറക്കാട്ട്, അട്ടത്തോട് | 40000 | |
| | | 160000<br>ആകെ- 200000 രൂപ | 13-05-2022 |
| 13 | മുകേഷ്<br>കാട്ടാംകുന്നേൽ, അട്ടത്തോട് | 40000 | |
| | | 160000<br>ആകെ- 200000 രൂപ | 13-05-2022 |
| 14 | പ്രിംസി ഗോപി<br>താന്നിമൂട്ടിൽ, ളാഹ | 40000 | 17-10-2022 |
| | | 160000<br>ആകെ- 200000 രൂപ | 24-11-2022 |
| 15 | മണികുമാർ<br>ളാഹ എസ്റ്റേറ്റ്, വാർഡ്-11 (എസ്.സി) | 40000 | 03-07-2020 |
| 16 | രാജ്ഞ<br>നടപുരട്ട്, ളാഹ (എസ്.സി) | 40000 | 16-02-2021 |
| 17 | ഷൺമുഖയ്യ<br>കീഴ്പുരട്ട്, ളാഹ | 40000 | 16-02-2021 |
| 18 | സുശീല<br>വെണ്ടേക്കുമൂട്ടിൽ, അട്ടത്തോട് (എസ്.ടി) | 40000 | 24-06-2021 |
| 19 | സത്യഭാമ<br>മുഴിക്കൽ, അട്ടത്തോട് (എസ്.ടി) | 40000 | 24-06-2021 |
| 20 | പ്രസന്ന<br>മഠത്തിൽ, പെരുനാട് (എസ്.ടി) | 40000 | 05-07-2021 |

| | | | |
|---|---|---|---|
| 21 | ജയിംസ് കെ.എസ്<br>പെരുനാട് എസ്റ്റേറ്റ്, മണിയാർ പി.ഒ | 40000 | 05-07-2021 |
| 22 | എം റോജി<br>പെരുനാട് എസ്റ്റേറ്റ്, മണിയാർ.പി.ഒ | 40000 | 05-07-2021 |
| 23 | പൊന്നമ്മ<br>വെണ്ടേക്കുമൂട്ടിൽ, അട്ടത്തോട് | 40000 | 24-06-2021 |
| 24 | ഷീജ ബീവി<br>ളാഹ എസ്റ്റേറ്റ്, ളാഹ | 40000 | 09-08-2021 |
| 25 | ഗീതു കൃഷ്ണൻ<br>നടപ്പുരട്ട്, ളാഹ (എസ്.സി) | 40000 | 02-09-2021 |
| 26 | സരസമ്മ<br>അശ്വതി ഭവൻ, മണക്കയം | 40000 | 27-02-2023 |
| 27 | ഷാജി കെ.കെ<br>കോട്ടുപാറ തടത്തിൽ | 40000 | 21-03-2023 |
| 28 | മറിയാമ്മ ദാനിയേൽ<br>പുന്നതുണ്ടിയിൽ, മാമ്പാറ പി.ഒ | 40000 | 10-06-2023 |
| 29 | ദീനാമ്മ<br>കല്ലുങ്കൽ ലക്ഷംവീട്, റാന്നി പെരുനാട് | 40000 | 13-03-2023 |
| 30 | അശോകൻ<br>പെരിഞ്ഞേലിൽ, മടത്തുംമൂഴി | 40000 | 10-06-2023 |
| 31 | കുഞ്ഞുമോൾ<br>നെല്ലിമൂട്ടിൽ, മാടമൺ | 40000 | 10-06-2023 |
| 32 | ദിവ്യമോൾ<br>കൊന്നത്തല, നാറാണംമൂട് | 40000 | 10-06-2023 |
| 33 | മഞ്ജുഷ<br>താന്നിമൂട്ടിൽ, ളാഹ, വാർഡ് -9 (എസ്.റ്റി) | 40000 | 17-03-2023 |
| 34 | വിഷ്ണു സി.വി<br>ചാലയ്ക്കൽ, അട്ടത്തോട്, വാർഡ്-9 (എസ്.റ്റി) | 40000 | 14-06-2023 |
| 35 | മോഹിനി പി.എസ്<br>പൂവന്മല, അട്ടത്തോട്, വാർഡ്-9 (എസ്.റ്റി) | 40000<br>50000 | 17-03-2023<br>07-`10-2023 |
| 36 | മനീഷ് പി.എം<br>പാറായിക്കൽ, അട്ടത്തോട്, വാർഡ്-9 (എസ്.റ്റി) | 40000<br>50000 | 27-03-2023<br>23-02-2024 |
| 37 | ശശികുമാരി<br>മുത്തങ്ങപറമ്പിൽ, അട്ടത്തോട്, വാർഡ്-9 (എസ്.റ്റി) | 40000<br>50000 | 27-03-2023<br>07-10-2024 |
| 38 | ശ്രീജ<br>കാക്കനാട്ട്, ഒഴുകയിൽ, തുലാപ്പള്ളി, വാർഡ്-7 (എസ്.റ്റി) | 40000<br>50000<br>ആകെ- 90000 | 27-03-2023<br>07-10-2024 |
| 39 | പത്മാക്ഷി കുമാരൻ<br>പുതുപ്പറമ്പിൽ, അട്ടത്തോട്, വാർഡ്-9 (എസ്.റ്റി) | 40000<br>50000<br>ആകെ- 90000 | 17-03-2023<br>03-01-2025 |

| | | | |
|---|---|---|---|
| 40 | ജയന്തി<br>നെടുമ്പുറത്ത്, ളാഹ, വാർഡ്-4 (എസ്.സി) | 40000 | 27-03-2023 |
| 41 | മാധവൻ കെ.പി<br>കൊച്ചുപറമ്പിൽ, നാറാണംമൂട്, വാർഡ്-7 | 40000 | 27-03-2023 |
| 42 | ആനന്ദൻ<br>ഉഴത്തിൽ വീട്, അട്ടത്തോട്, വാർഡ്-9 | 40000 | 27-03-2023 |
| 43 | ശ്രീധരൻ<br>കുന്നേൽ, അട്ടത്തോട്, വാർഡ്-9 | 40000 | 27-03-2023 |
| 44 | അരുൺ റ്റി.കെ<br>കുന്നംപുറത്ത്, മാമ്പാറ പി.ഒ, വാർഡ്-11, (എസ്.സി) | 40000 | 27-03-2023 |
| 45 | സുജാത<br>വേലംപറമ്പിൽ, നാറാണംതോട്, വാർഡ്-7, (എസ്.സി) | 40000 | 03-05-2023 |
| 46 | പ്രസന്ന വിജയൻ<br>തടത്തിൽ, അട്ടത്തോട്, വാർഡ്-9, (എസ്.സി) | 40000 | 14-03-2023 |
| 47 | രാജമ്മ<br>താന്നിമൂട്ടിൽ, ളാഹ, വാർഡ്-9, (എസ്.സി) | 40000 | 14-03-2023 |
| 48 | സിന്ധു റ്റി.എസ്<br>വട്ടാർക്കയം, അട്ടത്തോട്, വാർഡ്-9, (എസ്.സി) | 40000 | 27-03-2023 |

ഭവനനിർമ്മാണം പൂർത്തീകരിക്കാതിരുന്ന 48 ഗുണഭോക്താക്കളിൽ 28 പേരും അഡ്വാൻസ് കൈപ്പറ്റി പിന്നീട് യാതൊരു നിർമ്മാണപ്രവർത്തനങ്ങളും നടത്താത്ത സാഹചര്യമാണുള്ളത്. മുകളിൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരിക്കുന്നത് ഏത് സാഹചര്യത്തിലാണെന്നും ടി വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച തുടർനടപടികളും ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-17/26-08-2025 ) നൽകിയിരുന്നു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്താക്കളിൽ ഭൂരിഭാഗവും ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന സാഹചര്യം ഉള്ളതായി കാണുന്നില്ല. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യമാണെങ്കിൽ ഭരണസമിതി ഇടപെട്ട് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതുമാണ്. സർക്കാർ ഫണ്ട് കൈപ്പറ്റി എഗ്രിമെന്റിന് വിരുദ്ധമായി പണികൾ പൂർത്തീകരിക്കാതിരിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി റവന്യു റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-40 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - രേഖകൾ അപൂർണ്ണം

| | |
|---|---|
| *പ്രോജക്ടിന്റെ പേര്, നം.* | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (219/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹414800 (വികസന ഫണ്ട് - ജനറൽ)<br>₹200000 (ബ്ലോക്ക് പഞ്ചായത്ത്)<br>₹100000 (ജില്ലാ പഞ്ചായത്ത്) |
| *ചെലവ്* | ₹414800 |
| *ചെലവ് വിവരം* | ട്രഷറി ബിൽ നം. 240511520038001745 19/9.5.2024- ₹357000<br>ട്രഷറി ബിൽ നം. 240511520038001745 87/9.5.2024- ₹45900<br>ട്രഷറി ബിൽ നം. 240511520038001746 88/9.5.2024- ₹11900 |

| | |
|---|---|
| *പ്രോജക്ടിന്റെ പേര്, നം.* | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (75/25) |
| *വകയിരുത്തൽ* | ₹500000 (വികസന ഫണ്ട് - ജനറൽ)<br>₹300000 (ബ്ലോക്ക് പഞ്ചായത്ത്)<br>₹100000 (ജില്ലാ പഞ്ചായത്ത്) |
| *ചെലവ്* | ₹800000 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 240511520038011288897/4.1.2025- ₹432200<br>ട്രഷറി ബിൽ നം. 24051152003801128902/4.1.2025- ₹67800<br>ട്രഷറി ബിൽ നം. 24051152003801128904/4.1.2025- ₹205100<br>ട്രഷറി ബിൽ നം. 24051152003801128909/4.1.2025- ₹18000<br>ട്രഷറി ബിൽ നം. 24051152003801128910/4.1.2025- ₹58900<br>ട്രഷറി ബിൽ നം. 24051152003801536547/14.3.2025- ₹18000 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പറഞ്ഞ രണ്ട് പ്രോജക്റ്റുകളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ 219/25 പ്രകാരം വിതരണം ചെയ്ത തുകയുടെ അക്വിറ്റൻസ് രജിസ്റ്റർ (നൽകുന്ന തുകയുടെ കണക്ക് സംബന്ധിച്ച രജിസ്റ്റർ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 75/25 നമ്പർ പ്രോജക്ടിന് വേണ്ടി തയ്യാറാക്കിയത് ഹാജരാക്കിയെങ്കിലും രജിസ്റ്റർ അപൂർണ്ണമാണ്.

2. പ്രസ്തുത ഗുണഭോക്താക്കൾ ഏത് ക്ലാസ്സിലാണ് പഠിക്കുന്നത് എന്നത് സംബന്ധിച്ച് സ്ഥാപന മേധാവികളുടെ സർട്ടിഫിക്കറ്റ്, ശാരീരിക/മാനസിക വൈകല്യം സംബന്ധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഇല്ല.

3. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹമായ എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം ലഭിക്കുന്ന വിധത്തിൽ പ്രോജക്ടിൽ തുക വകയിരുത്തണം. പഞ്ചായത്തിലെ അർഹമായ എല്ലാ കുട്ടികൾക്കും അനുകൂല്യം ലഭ്യമാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്റ്റുകളിലും ആനുകൂല്യം എല്ലാ മാസവും നൽകുന്നതിന് പകരം ഒരുമിച്ചാണ് നൽകിയിരിക്കുന്നത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/29.8.2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ **1214800 രൂപ (414800 + 800000) തടസ്സപ്പെടുത്തുന്നു.**

## 1-41 വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| *പ്രോജക്ട് പേര്, നമ്പർ* | കുടുംബശ്രീ വിപണന കേന്ദ്രം (258/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| *വകയിരുത്തൽ* | ₹300000 (വികസന ഫണ്ട് - ജനറൽ) |
| *ചെലവ്* | ₹200000 |
| *ചെലവ് വിവരം* | ട്രഷറി ബിൽ നം. 24051152003201635917/22.3.2025 - ₹200000 |

പ്രസ്തുത പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 15 വാർഡുകളിലെയും കുടുംബശ്രീ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന കേന്ദ്രം സി.ഡി.എസിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതിന് 200000 രൂപ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസിന് വേണ്ടി ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും റാന്നി പെരുനാട് സർവ്വീസ് സഹകരണ ബാങ്ക് (Ltd. No. 788) സെക്രട്ടറിയും തമ്മിൽ 25.3.2025-ൽ ഏർപ്പെട്ട കരാർ പ്രകാരം പെരുനാട് സർവ്വീസ് സഹകരണ ബാങ്ക് നടത്തിയിരുന്ന സൂപ്പർ മാർക്കറ്റ് എല്ലാ സൗകര്യങ്ങളോടു കൂടി മാസം 3000 രൂപയ്ക്ക് മൂന്ന് വർഷത്തേക്ക് കൈമാറാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വിപണന കേന്ദ്രം ആരംഭിക്കുന്നതിന് മേൽ സൂചിപ്പിച്ച സ്ഥാപനം നടത്തിവരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ കടമുറികൾ വാടകയ്ക്ക് എടുക്കാൻ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടില്ല. കെട്ടിടം മാടമൺ എൻ.എസ്.എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. ആയതിനാൽ സി.ഡി.എസ് ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും കരാറിലേർപ്പെടേണ്ടത് അവരുമായിട്ടായിരുന്നു. റാന്നി പെരുനാട് സർവ്വീസ് സഹകരണ ബാങ്കുമായി കരാറിലേർപ്പെട്ടതിന്റെ കാരണം വ്യക്തമല്ല. മാത്രവുമല്ല, ബാങ്ക് നടത്തിയിരുന്ന സൂപ്പർ മാർക്കറ്റിലെ സാധനങ്ങൾ

ഉൾപ്പെടെ വിപണന കേന്ദ്രം ആരംഭിക്കാൻ കൈമാറിയത് കൃത്യമായ വാല്യുവേഷനിന്റെ അടിസ്ഥാനത്തിലല്ല. പ്രസ്തുത സ്ഥലത്ത് നടത്തിയ ഭൗതിക പരിശോധനയിൽ വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് കാണാൻ കഴിഞ്ഞു.

ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/30.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തനം ആരംഭിക്കാത്ത വിപണന കേന്ദ്രത്തിനായി തുക മുൻകൂറായി സി.ഡി.എസിന് നൽകിയത് ക്രമപ്രകാരമല്ല. മൂന്ന് വർഷത്തേക്ക് പ്രതിമാസം 3000 രൂപ നിരക്കിൽ വാടക നൽകുന്നതിന് ചെലവാകാവുന്ന 108000 രൂപയ്ക്ക് പകരം 200000 രൂപ സി.ഡി.എസിന് നൽകിയിട്ടുണ്ട്. അധികം നൽകിയ 92000 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. കൂടാതെ, വിപണന കേന്ദ്രം അടിയന്തിരമായി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 അങ്കണവാടികൾക്ക് പത്രവും കാർട്ടൂൺ പ്രസിദ്ധീകരണങ്ങളുടെയും വിതരണ രേഖകളില്ല

| | |
|---|---|
| *പ്രോജക്റ്റിന്റെ പേര്, നമ്പർ* | എല്ലാ അങ്കണവാടികൾക്ക് പത്രവും കാർട്ടൂൺ പ്രസിദ്ധീകരണങ്ങളും (207/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹150000 (വികസന ഫണ്ട് ജനറൽ) |
| *ചെലവ്* | ₹90000 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 240511520038010805 41/23.12.2024 |

മേൽ സൂചിപ്പിച്ച പ്രോജക്റ്റ് എല്ലാ അങ്കണവാടികൾക്കും പത്രവും കാർട്ടൂൺ പ്രസിദ്ധീകരണങ്ങളും നൽകുന്നതിനാണ് ആവിഷ്കരിച്ചത്. എന്നാൽ, ഫയലിനോടൊപ്പം അനുബന്ധ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ട്രഷറി ബില്ലിലെ വിവരങ്ങൾ പ്രകാരം തുക ദേശാഭിമാനി പബ്ലിക്കേഷൻസ് എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്. അംഗൻവാടികളിൽ പത്ര വിതരണത്തിന്റെ ആവശ്യം ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. ചെലവഴിച്ച തുകയായ **90000 രൂപ തടസ്സപ്പെടുത്തുന്നു.** രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയാക്കി നിരാകരിക്കുന്നതാണ്.

## 1-43 അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിലുണ്ടായിരുന്ന പകുതിയോളം പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച 20 പ്രോജക്ടുകളിൽ (പുതിയത്-12 ,സ്പിൽ ഓവർ- 8) 11 എണ്ണം (പുതിയത്-4, സ്പിൽ ഓവർ- 7) മാത്രമാണ് നിർവ്വഹണം നടത്തി പൂർത്തീകരിച്ചിട്ടുള്ളത്. (ചെലവ് ശതമാനം - 33.2) നിർവ്വഹണം നടത്താത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| *ക്രമ നം.* | *പ്രോജക്റ്റിന്റെ പേര്* | *വകയിരുത്തിയ തുക* | *ഫണ്ടിനം* |
|---|---|---|---|
| 1 | ആശ്രയ പദ്ധതി (214/25) | 50000 | വികസന ഫണ്ട് - ജനറൽ |
| 2 | തൊഴിലുറപ്പ് തൊഴിലാഴികൾക്ക് ഫസ്റ്റ് എയ്ഡ് കിറ്റ് (384/25) | 50000 | വികസന ഫണ്ട് - ജനറൽ |
| 3 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കൽ (125/25) | 100000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 4 | കുടുംബശ്രീ ഭക്ഷണശാല (169/25) | 201000 | ബ്ലോക്ക് പഞ്ചായത്ത് |
| 5 | കുടുംബശ്രീ മേറ്റുമാർക്ക് യൂണിഫോം (179/25) | 75000 | വികസന ഫണ്ട് - ജനറൽ |
| 6 | തൊഴിലുറപ്പ് തൊഴിലാഴികൾക്ക് തിരിച്ചറിയൽ കാർഡ് (191/25) | 25000 | തനത് ഫണ്ട് |
| 7 | പട്ടികജാതി കുട്ടികൾക്ക് ലാപ്ടോപ് വിതരണം (192/25) | 750000 | എസ്.സി.പി |

| | | | |
|---|---|---|---|
| 8 | പട്ടികവർഗ്ഗ കുട്ടികൾക്ക് ലാപ്ടോപ് വിതരണം (194/25) | 400000 | റ്റി.എസ്.പി |
| 9 | മത്തുംമൂഴി എം.സി.എഫ് അനുബന്ധ സൗകര്യങ്ങൾ (256/25) | 100000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ നടപ്പിലാക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/25.8.2025) ആശ്രയ പദ്ധതി, തൊഴിലുറപ്പ് തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്, കുടുംബശ്രീ ഭക്ഷണശാല (ബ്ലോക്ക് വിഹിതം) എന്നിവയ്ക്ക് മതിയായ ഫണ്ട് വകയിരുത്താതിരുന്നതിനാലാണ് കാരണമാണ് നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് ഫസ്റ്റ് എയ്ഡ് കിറ്റ് എന്ന പ്രോജക്ടിന് മാർച്ച് രണ്ടാം പകുതിയിലാണ് ഡി.പി.സി അംഗീകാരം ലഭിച്ചത്. പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾക്ക് ലാപ്ടോപ് എന്ന പ്രോജക്ടുകൾക്ക് യഥാക്രമം രണ്ട്, ഒന്ന് ഗുണഭോക്താക്കൾ മാത്രമാണ് യഥാസമയം രേഖകൾ ഹാജരാക്കിയത്. നിലവിലെ എം.സി.എഫിൽ മെഷീൻ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലസൗകര്യം ഇല്ലാത്തതിനാലാണ് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കൽ എന്ന പ്രോജക്ട് ഉപേക്ഷിച്ചത്. മത്തുംമൂഴി എം.സി.എഫ് അനുബന്ധ സൗകര്യങ്ങൾ എന്ന പ്രോജക്ട് എം.സി.എഫിന്റെ സ്ഥലപരിമിതി കാരണം ഉപേക്ഷിച്ചു എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിലുണ്ടായിരുന്ന പ്രോജക്ടുകൾ രൂപീകരിച്ചത് ഫണ്ട് ലഭ്യത, മതിയായ ഗുണഭോക്താകൾ, സ്ഥലസൗകര്യങ്ങളുടെ ലഭ്യത എന്നുൾപ്പെടെയുള്ള ഏറ്റവും അടിസ്ഥാന കാര്യങ്ങൾ പോലും പരിശോധിക്കാതെയാണ് എന്ന് വ്യക്തമാണ്. നിർവ്വഹണം നടത്താൻ ഒരു സാദ്ധ്യതയുമില്ലാത്ത പ്രോജക്ടുകൾ രൂപീകരിക്കുന്നത് പഞ്ചായത്തിന് ലഭിച്ച ഫണ്ടുകൾ ലാപ്സാകാൻ ഇടയാക്കുന്നതാണ്. പ്രോജക്ടുകളുടെ നടത്തിപ്പിൽ കൃത്യമായ മോണിട്ടറിംഗിന്റെ അഭാവവും ദൃശ്യമാണ്. പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും ആയത് നടപ്പിലാക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥനോടൊപ്പം പഞ്ചായത്ത് ഭരണ സമിതിയും കൃത്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## <u>1-44 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൂടുന്നതിൽ ചട്ട ലംഘനം</u>

2000-ലെ കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയതിയിലും സമയത്തും പഞ്ചായത്ത് ഓഫീസിൽ യോഗം ചേരേണ്ടതാണ്. എന്നാൽ, പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 4/2024, 12/2024, 2/2025 എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള ഏതാനും പ്രവർത്തന മേഖലകൾ ചുവടെ ചേർക്കുന്നു-

1. സാമൂഹ്യ സുരക്ഷ പെൻഷനുകൾ, തൊഴിൽ രഹിത വേതനം എന്നിവ അനുവദിക്കുക.

2. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.

3. ദരിദ്രരെ കണ്ടെത്തുക.

4. പാവപ്പെട്ടവർ പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയംതൊഴിലും ഗ്രൂപ്പ് തൊഴിൽ സംരംഭകത്വ പദ്ധതികൾ നടപ്പിലാക്കുക.

5. അങ്കണവാടികൾ നടത്തുക.

6. എസ്.സി.പി, റ്റി.എസ്.പി ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുക.

7. പട്ടികജാതി-പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ നീതി, വനിതാ വികസനം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ആയതിനാൽ ഈ മേഖലകളിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. കേവലം സാമൂഹ്യ സുരക്ഷ പെൻഷനുകൾക്ക് അംഗീകാരം നൽകുന്ന ഒരു സംവിധാനം മാത്രമായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പരിമിതപ്പെട്ടിരിക്കുന്നു എന്നതാണ് വസ്തുത.

സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ അപേക്ഷകൾ ഇല്ലാതിരുന്നത് കാരണമാണ് പ്രസ്തുത മാസങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടാതിരുന്നത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ ചേരേണ്ടതും കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട എല്ലാ വിഷയങ്ങളിലും സക്രിയമായ ഇടപെടലുണ്ടാകേണ്ടതുമാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-45 സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സുകൾ സകർമ്മയിൽ രേഖപ്പെടുത്തുന്നില്ല</u>

പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സുകൾ സകർമ്മ സോഫ്റ്റവെയറിലാണ് രേഖപ്പെടുത്തുന്നത്. എന്നാൽ, ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിട്ട്സ് പൂർണ്ണമായും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4/2024, 12/2024, 2/2025 എന്നീ മാസങ്ങളിലെ ഒഴികെ ബാക്കി മാസങ്ങളിലെ മിനിട്ട്സും മാത്രമാണ് സകർമ്മയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ മിനിട്ട്സുകൾ സകർമ്മയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/25.8.2025) മറുപടിയായി 4/2024, 12/2024, 2/2025 മാസങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചേർന്നിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നാളിതുവരെയുള്ള നടപടിക്രമങ്ങൾ എല്ലാം മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടുത്ത യോഗം മുതൽ മിനിട്ട്സുകൾ സകർമ്മയിൽ രേഖപ്പെടുത്തുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മിനിട്ട്സുകൾ യഥാസമയം സകർമ്മയിൽ രേഖപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാരും ശ്രദ്ധിക്കേണ്ടതാണ്.

## 1-46 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം

റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലെ 15 വാർഡികളിലായി 30 അങ്കണവാടികളാണുള്ളത്. ഇതിൽ 23 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. ബാക്കി 7 അങ്കണവാടികൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. നാല് അങ്കണവാടികൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായി വസ്തു ഉണ്ട്. ഒരു അങ്കണവാടിയുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പുരോഗമിക്കുന്നുണ്ട്. മൂന്ന് അങ്കണവാടികൾ പ്രവർത്തിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ പട്ടയമില്ലാത്ത പ്രദേശത്താണ്. 30 അങ്കണവാടികളിൽ കേവലം ഒരു അങ്കണവാടിയിൽ മാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയിലറ്റുള്ളത്.

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പിന്റെ 03.09.2020-ലെ നം.39033/ഡിസി 2/10/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം, പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കുന്നതിന് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1363389 | 2167544 | 3530933 | 457135 | 3073798 |

31.3.2025-ൽ ഈയിനത്തിൽ ആകെ 3073798 രൂപ അവശേഷിക്കുന്നുണ്ട്. ഇത് സൂക്ഷിക്കുന്നത് ഒരു പ്രത്യേക അക്കൗണ്ടിലില്ലാത്തതിനാൽ ഇത് തനത് ഫണ്ടുപയോഗിക്കുന്ന മറ്റ് ആവശ്യങ്ങൾക്ക് ചെലവഴിക്കപ്പെടുന്നുണ്ട്. പ്രസ്തുത തുക അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ പ്രയോജനപ്പെടുത്താവുന്നതാണ്.

## 1-47 നിക്ഷേപ പ്രവൃത്തികൾ - പൊതു അപാകതകൾ

1. എസ്റ്റിമേറ്റില്ലാതെ തുക നിക്ഷേപിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് താഴെ പറയും പ്രകാരം 420795 രൂപ ഭൂജലവകുപ്പിലും കേരള ഇലക്ട്രിസിറ്റി ബോർഡിലുമായി നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്ര നം | പ്രോജക്ട് വിശദാംശങ്ങൾ | ചെലവ് വിവരം | നിക്ഷേപിച്ച വകുപ്പ് |
|---|---|---|---|
| 1 | കുഴൽകിണർ മെയിന്റനൻസ്, 322/2025 | 16000 | ഭൂജലവകുപ്പ് |
| 2 | സ്ട്രീറ്റ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, 45/2025 | 89795 | കേരള ഇലക്ട്രിസിറ്റി ബോർഡ് |
| 3 | മാടമൺ അറുംമ്പനാംകുഴി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ, 50/2025 | 115000 | കേരള ഇലക്ട്രിസിറ്റി ബോർഡ് |

| | | | |
|---|---|---|---|
| 4 | സ്ട്രീറ്റ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, 315/2025 | 200000 | കേരള ഇലക്ട്രിസിറ്റി ബോർഡ് |
| | ആകെ | 420795 | |

സ.ഉ.(കൈ)നം. 84/2022/തസ്വഭവ, തീയതി 19/04/2022 12-2-5(ഡി) പ്രകാരം KWA, KSEB തുടങ്ങിയ സ്ഥാപനങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകുമ്പോൾ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിയോട് കൂടി പഞ്ചായത്തിന് നൽകി വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകേണ്ടതാണ്. മേൽ പറഞ്ഞ 4 പ്രവൃത്തികളിലും തുക നിക്ഷേപിക്കുന്ന സമയത്ത് കരാർ ചമച്ചിരുന്നില്ല. KSEB-യുടെ കാര്യത്തിൽ അവർ നൽകുന്ന ഭരണാനുമതി കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 16/26-08-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്തിന്റെ ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ പലപ്പോഴും എസ്റ്റിമേറ്റോ, ഡിമാന്റ് നോട്ടീസോ ഇല്ലാതെ തുക അടക്കാൻ നിർബന്ധിതമാകുന്നു എന്ന് മറുപടി നല്കി.

സാമ്പത്തിക വർഷം അവസാനിക്കാറാകുമ്പോൾ തുക നിക്ഷേപിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് ആവശ്യപ്പെടുമ്പോഴാണ് KWA/KSEB തുടങ്ങിയ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയാതെ വരുന്നതും സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക നിക്ഷേപിക്കുന്ന സാഹചര്യം ഉണ്ടാകുന്നതും. സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതായി അറിയിച്ചെങ്കിലും വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

<u>2. വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണം നടത്തുന്നില്ല</u>

2024-25 വാർഷികകണക്ക് പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് നല്കിയ മുൻകൂറുകൾ ക്രമീകരിക്കാനുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേരള വാട്ടർ അതോറിറ്റി | 1438287 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 6953209 |
| ഭൂജല വകുപ്പ് | 197835 |
| പൊതുമരാമത്ത് വകുപ്പ് | 1880000 |
| അനർട്ട് | 1459282 |
| ആകെ | 11928613 |

വിവിധ നിക്ഷേപ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം നല്കുകയും, ആയത് ലഭിക്കുന്ന മുറക്ക് മുൻകൂർ തുകകൾ ആസ്തിയാക്കി മാറ്റുകയും ചെയ്യുന്ന നടപടി സ്വീകരിക്കാത്തതിനാലാണ് ഇത്രയും വലിയ തുക മുൻകൂറായി വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-48 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പിരിച്ചെടുത്ത തുക നിർജ്ജീവ അവസ്ഥയിൽ

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷികകണക്ക് പ്രകാരം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പിരിച്ചെടുത്ത തുകയിൽ 1916172 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇത് സെൻട്രൽ ബാങ്കിലുള്ള 5125481084 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പിരിച്ചെടുത്ത ആവശ്യത്തിന് നിലവിൽ ഉപയോഗിക്കാൻ കഴിയാത്തതിനാൽ ഈ തുക നിർജീവ ആസ്തിയായി തുടരുകയാണ്. പ്രസ്തുത തുക സർക്കാർ അനുമതിക്ക് വിധേയമായി നിയമാനുസൃതം രൂപീകരിക്കപ്പെട്ട ദുരാതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം വിനിയോഗിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## 1-49 ശബരിമല ഫണ്ട് വിനിയോഗം-അവലോകനം

തീർത്ഥാടന കേന്ദ്രമായ ശബരിമല സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ, പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നടപ്പാക്കുന്നതിന് വൻ ചെലവാണ് പഞ്ചായത്തിന് ഉണ്ടാകുന്നത്. പ്രധാനമായും മണ്ഡലമകരവിളക്ക് കാലത്ത് എത്തിച്ചേരുന്ന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുക, കുടിവെള്ളം എത്തിക്കുക, മാലിന്യ സംസ്കരണം ഉറപ്പ് വരുത്തുക, കടവുകളിൽ സുരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയാണ്. ഇതിനാവശ്യമായ ഫണ്ട് പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിന്നും ലഭ്യമല്ലാത്തതിനാൽ സർക്കാർ ശബരിമല സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. 2024-25 വർഷം ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള പ്രോജക്ടുകൾ പരാതിക്കിടയില്ലാത്ത വിധം നടപ്പാക്കാനായെന്ന്

സെക്രട്ടറി അറിയിച്ചു. എന്നാൽ തുടർവർഷങ്ങളിൽ നിയമാനുസൃതവും കുറ്റമറ്റ രീതിയിലും പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്. ഈ ഇനത്തിൽ 2024-25 വർഷം ലഭിച്ച തുകയുടെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9297 |
| വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക തിരികെ ലഭിച്ചത് | 117140 |
| സ.ഉ(സാധാ)1042/24/എൽ.എസ്.ജി.ഡി തീ. 13-06-2024 പ്രകാരം ലഭിച്ചത് | ₹2357000 (2023-24 സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത്) |
| സ ഉ (സാധാ) 9318/24/തസ്വഭവ തീ 13-12-2024 പ്രകാരം (Tsbയിൽ ലഭിച്ചത്) | 1500000 |
| ആകെ | 3983437 |
| ചെലവ് | 3638419 |
| നീക്കിയിരിപ്പ് | 345018 |

സ.ഉ(സാധാ)1042/24/തസ്വഭവ തീയതി 13-06-2024 പ്രകാരം ലഭിച്ച തുക തീർത്ഥാടനത്തോടനുബന്ധിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും മാത്രം ഉപയോഗിക്കാൻ അനുമതി ഉള്ളപ്പോൾ സ.ഉ(സാധാ) 9318/24/ധന തീയതി 13-12-2024 പ്രകാരം ലഭിച്ച തുക അധികമായി അനുവദിച്ച പൊതു ആവശ്യ ഗ്രാന്റാണ്. ഓഡിറ്റ് വർഷം വിവിധ പ്രോജക്റ്റുകൾ പ്രകാരമാണ് ശബരിമല ഫണ്ടിന്റെ വിനിയോഗം നടത്തിയിട്ടുള്ളത്. പ്രോജക്റ്റുകളും ചെലവ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | ചെലവ് |
|---|---|---|
| 1 | ശബരിമല തീർത്ഥാടനം – താൽക്കാലിക ജീവനക്കാരുടെ വേതനം 23/25 | 307975 |
| 2 | പമ്പ കിയോസ്ക് വേതനം 14/25 | 30900 |
| 3 | മാലിന്യ ശേഖരണത്തിന് ബിൻ | 27500 |
| 4 | കുടിവെള്ള ടാങ്ക് വാങ്ങൽ | 88500 |
| 5 | എരുവാറ്റ്പുഴ ആറ്റ് കടവ് റോഡ് ക്ലീനിംഗ് | 5235 |
| 6 | മഠത്തുംമൂഴി ഇടത്താവളം പ്ലംബിംഗ് | 6308 |
| 7 | മാടമൺ കുളിക്കടവ് റോഡ് ക്ലീനിംഗ് | 19212 |
| 8 | മാടമൺ ശൗചാലയം ക്ലീനിംഗ് | 13928 |
| 9 | പെരുനാട് മാർക്കറ്റ് ക്ലീനിംഗ് | 11140 |
| 10 | മാടമൺ ശൗചാലയം ടാങ്ക് വാങ്ങൽ | 11197 |
| 11 | ചുക്ക് കാപ്പി വിതരണം | 12600 |
| 12 | JCB, ടിപ്പർ വാടക | 15000 |
| 13 | താൽക്കാലിക ജീവനക്കാരുടെ വേതനം | 111000 |
| 14 | താൽക്കാലിക ജീവനക്കാരുടെ വേതനം | 146670 |
| 15 | തിരുവാഭരണപാത തെരുവുവിളക്ക് | 105000 |
| 16 | ചുക്ക് കാപ്പി വിതരണം | 20290 |
| 17 | സൈൻ ബോർഡ് | 3600 |
| 17 | സ്റ്റേഷനറി | 560 |
| 18 | പമ്പ കിയോസ്ക് വേതനം | 3020 |
| 19 | തിരുവാഭരണപാത കാട് തെളിക്കൽ | 40500 |
| 20 | പോലീസ് ക്യാംപ് ഷെഡ് | 28000 |
| 21 | പോലീസ് ജീവനക്കാർക്ക് വാടക വീട് | 16000 |

| | | |
|---|---|---|
| 22 | ബയോടോയ്‌ലറ്റ് | 99120 |
| 23 | ക്ലീനിംഗ്, സുരക്ഷ-സാധന സാമഗ്രികൾ | 30902 |
| 24 | മിനിമാസ്റ്റ് റിപ്പയറിംഗ് | 27950 |
| 25 | അടിസ്ഥാന സൗകര്യം ഇടത്താവളം | 1319 |
| 26 | ബാരിക്കേഡ് സ്ഥാപിക്കൽ | 99000 |
| 27 | വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുക | 600000 |
| 28 | യൂണിഫോം, ഐ ഡി കാർഡ് | 28170 |
| 29 | താൽക്കാലിക ജീവനക്കാർക്ക് വേതനം | 317625 |
| 30 | നൈറ്റ് വാച്ച് മാൻ വേതനം | 8250 |
| 31 | ലൈഫ് ഗാർഡ് തൊപ്പി, വിസില് | 1420 |
| 32 | ചുക്ക് കാപ്പി വിതരണം | 3760 |
| 2023-24-ലെ ചെലവ് 2024-25-ൽ നല്കിയത് | | 1396768 |
| ആകെ ചെലവ് | | 3638419 |

- ശബരിമല സീസൺ സമയത്ത് തീർത്ഥാടകർ ഒത്തുകൂടുന്ന സ്ഥലങ്ങളിൽ വലിയ ടാങ്കുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നുണ്ട്. 2024-25 വർഷം ഈ ടാങ്കുകൾ നിറക്കുന്നതിന് പ്രോജക്റ്റ് പ്രകാരം വാട്ടർ അതോറിറ്റിക്ക് 6 ലക്ഷം രൂപ നല്കിട്ടുണ്ട്. എല്ലാ വർഷവും കുറഞ്ഞത് 2 മാസം ജലലഭ്യത ഉറപ്പ് വരുത്തേണ്ടത് അനിവാര്യമായതിനാൽ വാട്ടർ അതോറിറ്റി കണക്ഷൻ എടുക്കുന്നതുൾപ്പെടെയുള്ള സ്ഥിര സംവിധാനങ്ങൾ ആസൂത്രണം ചെയ്യുന്നത് പരിഗണിക്കുന്നത് പഞ്ചായത്തിന്റെ ചെലവ് കുറക്കുന്നതിന് സഹായകമാകും, കൂടാതെ സീസൺ തുടങ്ങുന്നതിന് മുൻപ് ഓപ്പൺ ടെണ്ടർ നടത്തി കരാറുകാരനെ കണ്ടെത്തുന്നത് ഈ ഇനത്തിലുള്ള ചെലവ് കുറക്കും. വാട്ടർ അതോറിറ്റിയെ പ്രവൃത്തി ഏൽപ്പിക്കുന്നത് പഞ്ചായത്തിന് അനാവശ്യചെലവ് വരുത്തുന്നുണ്ട് (ഖണ്ഡിക 1-26 കാണുക)
- തീർത്ഥാടകർ ഒത്തു കൂടുന്ന സ്ഥലങ്ങളിൽ വൈദ്യുതി ഇല്ലാത്ത സമയത്തും വെളിച്ചം ഉറപ്പ് വരുത്തുന്നതിന് നിലവിൽ സ്വകാര്യ വ്യക്തികളിൽ നിന്നും ടെണ്ടർ നടപടികളില്ലൂടെ കരാറുകാരെ കണ്ടെത്തുകയാണ് ചെയ്യുന്നത്. സ്ഥിരം സംവിധാനം എന്ന നിലയിൽ 5 വർഷം വരെ വാറന്റി ഉറപ്പാക്കി സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെ ഉള്ള നടപടികൾ പരിഗണിക്കാവുന്നതാണ് .
- കടവുകളിലെ സുരക്ഷാ സംവിധാനം ഒരുക്കുന്നതിന് താല്കാലിക ബാരിക്കേഡുകൾ സ്ഥാപിക്കുന്നതിന് കരാറുകാരെ കണ്ടെത്തേണ്ടി വരുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ മരാമത്ത് പ്രവൃത്തികളിലുൾപ്പെടുത്തി സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. നിലവിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഇല്ലാതെ സ്വകാര്യ വ്യക്തിയെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത് .
- ശബരിമല ഫണ്ട് വിനിയോഗത്തിന് ഓഡിറ്റ് വർഷം വിവിധ പ്രോജക്ടുകൾ ആസൂത്രണം ചെയ്തെങ്കിലും ചെലവുകൾ പ്രോജക്ടുകളിൽ പരസ്പരം മാറി ചെയ്തതിനാൽ കൃത്യമായ പ്രോജക്ട് ചെലവുകൾ ലഭ്യമല്ല. പല പ്രോജക്ടുകളുടെയും ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
- സീസൺ കാലയളവായ 4 മാസം ക്ലീനിംഗ് പ്രവൃത്തികൾക്ക് മസ്റ്റർറോൾ പ്രകാരം 914170 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ മോണിറ്ററിംഗിന് എന്തെങ്കിലും സംവിധാനം പഞ്ചായത്ത് ഒരുക്കിയിട്ടുള്ളതായി കാണുന്നില്ല.
- പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പോലീസ് ക്യാംപ് ഷെഡ്, വാടക വീട് തുടങ്ങിയവയ്ക്കും തുക ചെലവഴിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സ്ഥിരം സംവിധാനങ്ങൾ ഒരുക്കുന്നത് പരിഗണിക്കാവുന്നതാണ്.

നവംബർ മുതൽ ഫെബ്രുവരി വരെ നീണ്ടു നിൽക്കുന്ന തീർത്ഥാടന കാലയളവിൽ നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് മുന്നൊരുക്ക പ്രവർത്തനങ്ങളാണ് അനിവാര്യമായിട്ടുള്ളത്. സാമ്പത്തിക വർഷം ആദ്യം ശബരിമല പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങുകയും മുൻകൂട്ടി അറിയാവുന്ന മരാമത്ത് സ്വഭാവമുള്ള പ്രോജക്ടുകൾക്ക് കാര്യക്ഷമമായ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ കരാറുകാരെ കണ്ടെത്തി നവംബർ മാസത്തിന് മുൻപ് പൂർത്തിയാക്കുകയും ചെയ്യുക (ഉദാ. തീർത്ഥാടന പാതകളിലെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി, കുടിവെള്ള വിതരണത്തിനായുള്ള ഭൗതിക സാഹചര്യം ഒരുക്കൽ, ബാരിക്കേഡ് സ്ഥാപിക്കൽ തുടങ്ങിയവ). തീർത്ഥാടന കാലത്ത് ചെയ്യേണ്ട മരാമത്ത് സ്വഭാവമുള്ള പ്രവൃത്തികൾക്ക് കാര്യക്ഷമമായ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ കരാറുകാരെ കണ്ടെത്തി കരാറിലേർപ്പെടുക, തീർത്ഥാടനകാലത്തെ ദൈനംദിന പ്രവൃത്തികൾ ഏകോപിപ്പിക്കുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നതിന് പഞ്ചായത്ത് രാജ് നിയമപ്രകാരം അനുവദനീയമായ പ്രത്യേക സമിതികൾ രൂപീകരിക്കുക തുടങ്ങിയവയും നവംബർ മാസത്തിന് മുൻപ് പൂർത്തിയാക്കണം. മുന്നൊരുക്കമില്ലാതെ തീർത്ഥാടന കാലയളവിൽ

നിർവ്വഹണം ആരംഭിക്കുന്നത് പ്രോജക്റ്റുകളുടെ കാര്യക്ഷമത ഇല്ലാതാക്കുകയും, മോണിറ്ററിംഗ്, കണക്കുകളുടെ സൂക്ഷിപ്പ് തുടങ്ങിയവ ഫലപ്രദമല്ലാതാക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുന്നുണ്ട്.

## 1-50 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 31/08/2022-ലെ സ.ഉ (സാധാ) നം. 2132/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം. 1625/2023/ ത.സ്വ.ഭ.വ തീയതി 9.8.2023 നമ്പർ ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 5-7-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടി ക്രമങ്ങൾ പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കും, സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ പ്രവർത്തനങ്ങൾക്കുമുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

2022-23, 2023-24, 2024-25 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റായി 11044402/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. 2022-23, 2023-24, 2024-25 വർഷങ്ങളിൽ 1720416/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | 444902 | 811000 | 339000 | 1594902 | 0 | 398563 | 705970 | 1104533 | 490369 |
| 2 | Grant For Rural Health & Wellness Centres | 226500 | 347000 | 551000 | 1124500 | 0 | 572577 | 43306 | 615883 | 508617 |
| 3 | Construction Of Building To Health Sub Centres | 8325000 | 0 | 0 | 8325000 | 0 | 0 | 0 | 0 | 8325000 |
| | **ആകെ** | **8996402** | **1158000** | **890000** | **11044402** | **0** | **971140** | **749276** | **1720416** | **9323986+ 452310 (പലിശ)** |

റാന്നി പെരുനാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് 7 സബ്സെന്ററുകളാണുള്ളത്. മെയിൻ സെന്റർ, അരയാഞ്ഞിലിമൺ, മണക്കയം, മാടമൺ സബ്സെന്ററുകളെല്ലാം പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്. കക്കാട്, ളാഹ-അട്ടത്തോട് സബ് സെന്ററുകൾക്ക് വാടക കെട്ടിടത്തിലും തുലാപ്പള്ളി പഞ്ചായത്തിന്റെ ഉപകാര്യാലയത്തിലുമാണ് പ്രവർത്തിക്കുന്നത്. തുലാപ്പള്ളി സബ് സെന്ററിന് വേണ്ടിയുള്ള സ്ഥലം രജസിട്രേഷൻ പൂർത്തിയായിട്ടുള്ളതും, ഫണ്ട് എൻ.എച്ച്.എമ്മിന് കൈമാറുകയും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. കക്കാട് സബ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പ്ലിന്ത് ഏരിയ വരെ പൂർത്തീകരിച്ചിട്ടുണ്ട്. ളാഹ-അട്ടത്തോട് സബ് സെന്ററിന്റെ കെട്ടിടം നിർമ്മാണത്തിന്റെ അനുമതിക്കായുള്ള വനം വന്യജീവി വകുപ്പിന്റെ ശുപാർശ ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവുകൾ പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ സ്കീം-3 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 0 | 224188 | 77161 | 301349 |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | 0 | 0 | 0 | 0 |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, ലാബ് റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | 0 | 174375 | 628809 | 803184 |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | 0 | 0 | 0 | 0 |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | 0 | 0 | 0 | 0 |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ | 0 | 0 | 0 | 0 |
| | **ആകെ** | **0** | **398563** | **705970** | **1104533** |

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സ്കീം-4 പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 0 | 0 | **0** |
| 2 | ഇന്റർനെറ്റ് ചാർജ്ജ് | 0 | 0 | 0 | **0** |
| 3 | ബോധവത്കരണ ക്ലാസ്സുകൾ | 0 | 0 | 0 | **0** |
| 4 | ജീവനക്കാർക്കും ആശ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | 0 | 0 | 0 | **0** |

| | | | | | |
|---|---|---|---|---|---|
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക | 0 | 572577 | 43306 | 615883 |
| | | 0 | 572577 | 43306 | 615883 |

ഹെൽത്ത് ഗ്രാന്റിനത്തിൽ 9776296/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് ആരോഗ് യഗ്രാന്റ് ഫലപ്രദമായും സമയബന്ധിതമായും ചെലവഴിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-51 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷനിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം 2024 ഓടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജലജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്

• ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.

• ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.

• ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

• ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.

• വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ Functional Household Tap Connection (FHTC) പ്രവർത്തനങ്ങൾക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ടയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മൂന്നാം കക്ഷിയായി മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി, തിരുവനന്തപുരം എന്ന സ്ഥാപനവും തമ്മിലുള്ള ത്രികക്ഷി കരാർ 20-10-2020-ൽ ഒപ്പുവച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| Sl No | Heading Description | Amount |
|---|---|---|
| 1 | Providing Functional House Hold Tap Connections | 7407119.41 |
| 2 | Road Restoration Charges | 1345045.61 |
| 6 | Survey, Design And Drawings | 37035.60 |
| | Total | 8789200.62 |
| | Provision Of GST Payment @ 12% | 1054704.07 |
| | Grand Total (Rounded) | 9843904.69 |

ആകെ പദ്ധതി തുകയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നത് 1476585.70 രൂപയാണെങ്കിലും തുകയൊന്നും നിലവിൽ നൽകിയിട്ടില്ല.

പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം 1491 ആണ്. ഇതിൽ നിലവിൽ 711 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകിയതായാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-4/20-08-2025) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ഏത്ര മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ലായെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. വാട്ടർ ടാങ്കും മോട്ടോറും സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും വാട്ടർ ടാങ്ക്

സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ഇളക്കിയ റോഡുകളെല്ലാം തന്നെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

ധനകാര്യ വകുപ്പിന്റെ 10-08-2020-ലെ സ.ഉ (സാധാ) 4584/2020/ധനം പ്രകാരം ജലജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾ എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാധ്യത ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി വകുപ്പുകളുടെയും കുടുംബശ്രീയുടെയും സംയുക്ത ശ്രമഫലമായി മാത്രമെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഫലപ്രാപ്തി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഒരു സമഗ്ര ഇടപെടൽ ആവശ്യമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവിന് തുക അധികമായി അനുവദിച്ച് നൽകി

ലൈഫ് ഭവനപദ്ധതി പ്രോജക്ടുമായി (പ്രോജക്ട് നം-132/24,17/25)ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ തുക അനുവദിച്ച് നൽകിയ സുജ, ചരുവിൽ പുത്തൻവീട്, പെരുനാട് എന്ന ഗുണഭോക്താവിന് ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നും അധികമായി തുക അനുവദിച്ച് നൽകിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| അക്കൗണ്ട് നമ്പർ | നൽകിയ തുകയും തീയതിയും | ആകെ അർഹമായ തുക | അധികമായി നൽകിയ തുക |
|---|---|---|---|
| 3303890781 | 40000/10-06-2023 | 400000 രൂപ | 100000 രൂപ |
| | 160000/25-10-2023 | | |
| | 100000/26-09-2024 | | |
| | 60000/03-01-2025 | | |
| | 40000/03-01-2025 | | |
| | 100000/21-03-2025 | | |
| | ആകെ- 500000 രൂപ | | |

തുക അനുവദിച്ച് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-18/26-08-2025 ) നൽകിയിരുന്നു. തുക അധികമായി നൽകിയ വിവരം ഗുണഭോക്താവിനെ അറിയിച്ചിട്ടുണ്ടെന്നും അധികമായി കൈപ്പറ്റിയ തുക ഒരു മാസത്തിനകം ഗുണഭോക്താവ് തിരികെ അടക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ 100000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-2 ഇക്കോഷോപ്പ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക പാഴായി

ഗ്രാമപഞ്ചായത്തിലെ തേനീച്ച കർഷകരെ സഹായിക്കുന്നതിനായി തേൻ കൃഷി സംസ്കരണം, വിപണനം എന്നിവക്കായി ഒരു ഇക്കോഷോപ്പ് സജ്ജീകരിച്ചിരുന്നു. എന്നാൽ നിലവിൽ ഷോപ്പ് പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക പാഴ്ചെലവായി ഓഡിറ്റ് കണക്കാക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേരും നമ്പരും | തേൻ കൃഷി സംസ്കരണം, വിപണനം, ഇക്കോഷോപ്പ്<br>(103/24, 227/25) |
| വകയിരുത്തിയ തുക | ₹549600 (വികസന ഫണ്ട്)<br>₹549600 (മറ്റുള്ളവ)<br>ആകെ - ₹1099200 |
| ചെലവഴിച്ച തുക, ബിൽ നമ്പരും തീയതിയും | ₹235308 (ബിൽ നമ്പർ - 4/09-05-2024)<br>₹20000 (ബിൽ നമ്പർ - 237/26-12-2024)<br>₹42169 (ബിൽ നമ്പർ - 432/15-03-2025)<br>₹30000 (ബിൽ നമ്പർ - 499/19-03-2025)<br>ആകെ - ₹327477 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കൃഷി ഓഫീസർ |

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് റാന്നി പെരുനാട് കൃഷി ഭവന്റെ നിയന്ത്രണത്തിൽ ശബരി ഹണി വില്ലേജ് തേനീച്ച കർഷക സംഘം ആരംഭിച്ചതാണ് ശബരി ഹണി ഇക്കോഷോപ്പ്. ഗ്രാമപഞ്ചായത്തിലെ തേനീച്ച കർഷകരെ സഹായിക്കുന്നതിനായി പെരുനാട് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിൽ കൃഷി ഓഫീസർ സജ്ജമാക്കിയതാണ് ഇക്കോഷോപ്പ്. തേനിന്റെ സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കിയാണ് ഇക്കോഷോപ്പ് സ്ഥാപിച്ചത്. തേൻ സംസ്കരണത്തിനായുള്ള ഉപകരണങ്ങൾ, ഓഫീസ് ഫർണ്ണീഷിംഗ്, കെട്ടിട വാടക എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചത്. ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവിനം | വാങ്ങിയ സ്ഥാപനം | ബീൽ നമ്പരും തീയതിയും | ആകെ ബിൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | തേൻ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ | കെയ്കോ തിരുവനന്തപുരം | 3041A/23-24 Dtd 25-03-2024 | 470617 | 235308 |
| 2 | ഓഫീസ് സജ്ജീകരണ ചെലവ് | കെയ്കോ തിരുവനന്തപുരം | 374A/24-25 Dtd 18-10-2024 | 84338 | 42169 |

മേൽപ്പറഞ്ഞത് കൂടാതെ 22-11-2024-ൽ തേനീച്ച കർഷകർക്ക് പരിശീലനത്തിനായി 20000 രൂപയും 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് മാസം വരെയുള്ള 12 മാസത്തെ വാടകയിനത്തിൽ (2500x6 = 30000 രൂപ) 30000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഇക്കോഷോപ്പ് പ്രവർത്തനവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറും ശബരി ഹണി വില്ലേജ് സംഘത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി-യുമായി കരാർ ചമച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പദ്ധതിയിൽ എത്ര കർഷകർ അംഗമായിരുന്നെന്നോ ഇക്കോഷോപ്പിന്റെ പ്രവർത്തനം എപ്രകാരമായിരുന്നെന്നോ ബോധ്യപ്പെട്ടിട്ടില്ല.

തേൻ സംസ്കരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി കെയ്കോ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബിൽ നമ്പർ 3041A/23-24 Dtd 25-03-2024 പ്രകാരം സെക്രട്ടറി/പ്രസിഡന്റ്, ശബരി ഹണി വില്ലേജ് ഇക്കോ ഷോപ്പ്, പെരുനാട് എന്ന കാർഷിക സംഘമാണ് 470617രൂപ ചെലവഴിച്ചത്. ഇതിന്റെ 50% തുകയായ 235308 രൂപയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച് നൽകിയിരിക്കുന്നത്. ഇപ്രകാരം തേൻ സംസ്കരണത്തിനായി വാങ്ങിയ ഉപകരണങ്ങൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ 235308 രൂപയാണ് ചെലവഴിച്ചത്. പ്രസ്തുത ഉപകരണങ്ങൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നോ അവ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ള കാര്യങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (32/30-08-2025 ) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ഇക്കോഷോപ്പ് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇക്കോഷോപ്പ് പുനരാരംഭിക്കുന്നത് എവിടെയാണെന്നോ എങ്ങനെയാണെന്നോ വ്യക്തമല്ല.

റാന്നി പെരുനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിലെ ഒരു കടമുറിയിലാണ് ഇക്കോഷോപ്പ് സജ്ജീകരിച്ചത്. കെല്ട്രോ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ബിൽ നമ്പർ 374A/24-25 Dtd 18-10-2024 പ്രകാരം സെക്രട്ടറി/പ്രസിഡന്റ്, ശബരി ഹണി വില്ലേജ് ഇക്കോ ഷോപ്പ്, പെരുനാട് എന്ന കാർഷിക സംഘമാണ് 84338 രൂപ ചെലവഴിച്ചത്. ഇതിന്റെ 50% തുകയായ 42169 രൂപയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച് നൽകിയിരിക്കുന്നത്. ഇപ്രകാരം ഓഫീസ് സജ്ജീകരിക്കുന്നതിനായി 42169 രൂപയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിരിക്കുന്നത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇക്കോഷോപ്പ് നിലവിൽ പ്രവർത്തിക്കുന്നില്ല. ഇക്കോഷോപ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ മറ്റൊരു സ്ഥാപനമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ഒരു ആസ്തിയിൽ നടത്തിയ നിർമ്മാണ പ്രവർത്തനമായതിനാലും പദ്ധതി നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാലും ഓഫീസ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുക പൂർണ്ണമായും പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇക്കോഷോപ്പിന്റെ വാടകയിനത്തിൽ 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് വരെയുള്ള 12 മാസത്തെ തുകയായ 60000 രൂപ ആവശ്യപ്പെട്ട് കൊണ്ടുള്ള റാന്നി പെരുനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിയുടെ 16-03-2025-ലെ കത്തിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിൽ 30000രൂപ (സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ അൻപത് ശതമാനം തുക) നിർവ്വഹണ ഉദ്യോഗസ്ഥ അനുവദിച്ച് നൽകിയിരുന്നു. ആയതിനാൽ ഒരു വർഷക്കാലം മാത്രം ഇക്കോഷോപ്പ് പ്രവർത്തിച്ചിരുന്നതായി അനുമാനിക്കാവുന്നതാണ്. തുടക്കം കുറിച്ച് ഒരു വർഷത്തിനകം തന്നെ പദ്ധതി പ്രവർത്തനനം അവസാനിച്ചതായി ഇതിൽ നിന്നും വ്യക്തമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുടങ്ങികിടക്കുന്ന ഇക്കോഷോപ്പിന്റെ പ്രവർത്തനം പുനരാരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളിൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച യാതൊരുവിധ രേഖകളുമില്ല. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെടുന്ന ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല.

ഇക്കോഷോപ്പ് നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാലും തേൻ സംസ്കരണത്തിനായി വാങ്ങിയ ഉപകരണങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമല്ലാത്തതിനാലും കർഷകർക്കുണ്ടായ പ്രയോജനം ബോധ്യപ്പെടാത്ത സാഹചര്യത്തിലും ഓഫീസ് സജ്ജീകരിക്കുന്നതിനായി ചെലവഴിച്ച തുകയായ 42169 രൂപയും തേൻ സംസ്കരണത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 235308 രൂപയും ഉൾപ്പെടെ **277477 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** പ്രസ്തുത തുക സെക്രട്ടറി/പ്രസിഡന്റ്, ശബരി ഹണി വില്ലേജ് തേനീച്ച കർഷക സംഘത്തിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-3 കാർഷിക കർമ്മസേനയുടെ അടിസ്ഥാന സൗകര്യം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | കാർഷിക കർമ്മസേന ഓഫീസ് അടിസ്ഥാന സൗകര്യം (178/25) |
| വകയിരുത്തിയ തുക | ₹200000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹173041 |
| ബിൽ നമ്പരും തീയതിയും | ₹89300- 494/19-03-2025<br>₹38741- 508 /21-03-2025<br>₹45000- 560/25-03-2025<br>ആകെ - ₹173041 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കൃഷി ഓഫീസർ |

കാർഷിക കർമ്മസേന ഓഫീസ് സജ്ജീകരിക്കുന്നതിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഇനം | ചെലവ് തുക | സാധനം സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|
| സ്റ്റീൽ അലമാര, മേശ, കസേര എന്നിങ്ങനെയുള്ള ഫർണ്ണീച്ചറുകൾ | 89300 | ശിൽപ്പാ ഏജൻസീസ്, കോഴഞ്ചേരി |
| കമ്പ്യൂട്ടർ (ഡെസ്ക്ക് ടോപ്പ്) | 38741 | കെൽട്രോൺ, തിരുവനന്തപുരം |
| പ്രിന്റർ | 45000 | എം പി അസ്സോസ്സിയേറ്റ്സ് |

| | | |
|---|---|---|
| | | അട്ടൂർ |
| ആകെ | 173041 | |

1) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022) പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം എന്ന നിലയിൽ കാർഷിക കർമ്മസേന വിപണന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രോജക്ടുകളിൽ ആകെ ചെലവിന്റെ 50% മാത്രമാണ് തദ്ദേശസ്ഥാപനത്തിന് ചെലവഴിക്കാൻ കഴിയുന്നത്. എന്നാൽ ടി പ്രോജക്ട് പ്രകാരം കാർഷിക കർമ്മസേനയുടെ ഓഫീസ് സജ്ജീകരിക്കുന്നതിനായി 100% തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച് നൽകി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആകെ ചെലവ് തുകയായ 173041 രൂപയുടെ 50% തുകയായ 86521 രൂപയാണ് സബ്സിഡി ഇനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കാൻ കഴിയുന്നത്. എന്നാൽ മാർഗ്ഗരേഖയിലെ വ്യവസ്ഥക്ക് വിരുദ്ധമായി 86520 രൂപ കൂടി അധികമായി അനുവദിച്ച് നൽകി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി അനുവദിച്ച് നൽകിയ 86520 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2) പഞ്ചായത്ത് പ്രൊക്വർമെന്റ് മാന്വൽ പ്രകാരം 25000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ വാങ്ങലുകൾക്ക് ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.

3) ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കർമ്മസേനക്ക് അനുവദിച്ച് നൽകിയ പ്രിന്റർ നിലവിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലായെന്ന് കാണാൻ കഴിഞ്ഞു. വാറന്റി കാലയളവിനുള്ളിൽ ഉപകരണം പ്രവർത്തനക്ഷമമാക്കാത്തപക്ഷം കേടുപാടുകൾ ഉണ്ടാകുന്നത് പരിഹരിക്കാൻ കഴിയാതെ കർമ്മസേനക്ക് ബാധ്യതയായി മാറും. ആയതിനാൽ ഉപകരണം പ്രയോജനപ്രദമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രിന്റർ നിലവിലും പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 45000 രൂപയുടെ പകുതി തുകയായ **22500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു** ( പ്രിന്ററിന്റെ ചെലവ് തുകയായ 45000 രൂപയുടെ പകുതി തുകയായ 22500 രൂപ ആകെ ഓഫീസ് ചെലവിൽ ഉൾപ്പെടുത്തി ഖണ്ഡിക 1 പ്രകാരം നിരാകരിച്ചതാണ്) പ്രിന്റർ പ്രവർത്തനക്ഷമമാക്കി മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.30/29-08-2025) നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കാർഷിക കർമ്മസേനക്ക് അടിയന്തിരമായി ഓഫീസ് സജ്ജീകരിക്കേണ്ടി വന്ന സാഹചര്യത്തിലാണ് പദ്ധതിപ്പണം 100% ചെലവഴിക്കേണ്ടി വന്നതെന്നാണ് അറിയിച്ചത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കാർഷിക കർമ്മസേനയുടെ ഓഫീസ് പ്രവർത്തിക്കുന്നതായും 2023-24 സാമ്പത്തിക വർഷം കാർഷിക കർമ്മസേനക്ക് യന്ത്രോപകരണങ്ങൾ (പ്രോജക്ട് നമ്പർ-16/24) എന്ന പ്രോജക്ട് പ്രകാരം നൽകിയ 170695 രൂപയുടെ കാർഷിക യന്ത്രോപകരണങ്ങൾ കർഷകർക്ക് വാടകക്ക് നൽകി വരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്. കർമ്മസേനയുടെ നേതൃത്വത്തിൽ കാർഷിക പ്രവൃത്തികൾ ചെയ്യുന്നതിനായി ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുകയും ആയതിന്റെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഓഫീസ് സജ്ജീകരണത്തിനായി തുക ചെലവഴിച്ചത് മാതൃകാപരമാണെങ്കിലും സബ്സിഡി മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച **86520 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** പ്രസ്തുത അപാകതക്ക് മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-4 പകൽ വീട് നിർമ്മിക്കുന്നതിന് മുൻപ് സാധനങ്ങൾ വാങ്ങി

| | |
|---|---|
| *പ്രോജക്ട് പേര്, നം.* | പകൽ വീട് (326/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹400000 (വികസന ഫണ്ട് - ജനറൽ) |
| *ചെലവ്* | ₹253980 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 24051152003801666072/24.3.2025 – ₹202580<br>ട്രഷറി ബിൽ നം. 24051152003801684050/25.3.2025 - ₹51400 |

പഞ്ചായത്തിൽ ആരംഭിക്കുന്ന പകൽ വീടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്-

1. Samsung TV -1- 33500

2. Refrigerator Whirlpool- 1- 17900

3. Office Table – 2- 14200

4. Steel Cupboard -2- 32400

5. Cot Single – 2 – 21600

6. Office Chair – Wood- 2- 12400

7. Plastic – Arm Chair – 100- 69000

8. Plastic- Armless Chair- 50- 33500

9. Mattress-Single- 2 – 10500

10. TV Stand – 1 - 14100

പ്രസ്തുത സാധനങ്ങൾ സൂക്ഷിച്ചിട്ടുള്ളത് പെരുനാട് മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന ഹോമിയോ ഡിസ്പെൻസറി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള വയോജന ക്ലബ്ബിന്റെ കാര്യാലയത്തിലാണ്. ഭൗതിക പരിശോധനയിൽ Plastic – Arm Chair ഇനത്തിൽ 30 എണ്ണം മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്. Plastic- Armless Chair ഒന്നും കാണപ്പെട്ടില്ല. ഇലക്ട്രിക് സാധനങ്ങളിൽ ടെലിവിഷനും റെഫ്രിജെറേറ്ററും നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല എന്നത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (41/30.8.2025) മറുപടി ലഭ്യമായിട്ടില്ല. വിഷയം ഓഡിറ്റിന്റെ സമാപന യോഗത്തിൽ അവതരിപ്പിച്ചപ്പോൾ പ്രസ്തുത കെട്ടിടത്തിന്റെ സമീപമുള്ള സ്ഥലത്ത് പകൽവീട് നിർമ്മിക്കാൻ 2025-26-ൽ പ്രോജക്ട് വെച്ചിട്ടുണ്ട് എന്ന് പ്രസിഡന്റ് അറിയിച്ചു. എന്നാൽ ഇപ്രകാരമൊരു പ്രോജക്ട് 2025-26-ലെ ഡി.പി.സി അംഗീകരിച്ച പ്രോജക്ടുകളുടെ ലിസ്റ്റിലില്ല. കെട്ടിടം പോലുമില്ലാത്ത പകൽ വീടിന് സാധനങ്ങൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. ഇലക്ട്രോണിക് സാധനങ്ങൾ പ്രവർത്തിക്കാതിരുന്നാൽ ആയത് കേടാക്കുകയും വാറന്റി സംവിധാനത്തിന്റെ പ്രയോജനം ലഭിക്കാതെയും വരാൻ സാദ്ധ്യതയുണ്ട്.
ഭൗതിക പരിശോധനയിൽ കാണപ്പെടാത്ത സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Cot Single | 2 | 21600 |
| 2 | Mattress-Single | 2 | 10500 |
| | | **ആകെ** | **32100** |

രണ്ട് കട്ടിലിന്റെയും മെത്തകളുടെയും വിലയായ **32100 രൂപ നിരാകരിക്കുകയും 221880 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** പകൽ വീടിന് കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് പോലും ആവിഷ്കരിക്കാതെ ആയതിലേക്കുള്ള ഇലകട്രോണിക് സാധനങ്ങളും ഫർണ്ണീച്ചറുകളും മുൻകൂട്ടി വാങ്ങിയത് അംഗീകരിക്കുന്നില്ല. ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്കുള്ള വാറണ്ടി പിരീഡ് ലഭിക്കാതെയുള്ള കഷ്ടനഷ്ടങ്ങൾക്ക് നിർവഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും. വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 അങ്കണവാടികളിലെ ഫർണ്ണീച്ചർ വിതരണത്തിലെ അപാകതകൾ

**1. മാടമൺ വടക്ക് അങ്കണവാടി**

| | |
|---|---|
| *പ്രോജക്ടിന്റെ പേര് നമ്പർ* | മാടമൺ വടക്ക് അങ്കണവാടി കം സാംസ്കാരിക നിലയം ഫർണ്ണീച്ചർ (291/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹100000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| *ചെലവ്* | ₹99100 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 240511520038O1187871/17.1.2025 |

പ്രസ്തുത പ്രോജക്ട് പ്രകാരം Silpa Agencies, Kozhencherry എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്-

1. Plastic Chair NILKAMAL – 150- 81000

2. Steel Cupboard (GORDREJ) – 1 – 13300

3. Office Table – 1- 4800

30.8.2025-ന് നടത്തിയ ഭൗതിക പരിശോധനയിൽ സാംസ്കാരിക നിലയത്തിൽ 50 കസേരകൾ, Steel Cupboard, Office Table എന്നിവ മാത്രമാണ് കാണപ്പെട്ടത്. ബാക്കിയുള്ള 100 കസേരകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/30.8.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 100 കസേരകളുടെ വിലയായ **54000 രൂപ നിരാകരിക്കുന്നു.**

**2. <u>മൂഴിക്കൽ അങ്കണവാടി</u>**

| | |
|---|---|
| *പ്രോജക്ടിന്റെ പേര്, നം.* | മൂഴിക്കൽപടി അങ്കണവാടി ഫർണ്ണീച്ചർ (289/25) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| *വകയിരുത്തൽ* | ₹100000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| *ചെലവ്* | ₹99100 |
| *ചെലവ് വിവരങ്ങൾ* | ട്രഷറി ബിൽ നം. 24051152003801187860/17.1.2025 |

പ്രസ്തുത പ്രോജക്ട് പ്രകാരം Silpa Agencies, Kozhencherry എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്-

1. Plastic Chair NILKAMAL – 150- ₹81000

2. Steel Cupboard (GORDREJ) – 1 – ₹13300

3. Office Table – 1- ₹4800

30.8.2025-ന് നടത്തിയ ഭൗതിക പരിശോധനയിൽ സാംസ്കാരിക നിലയത്തിൽ 36 കസേരകൾ, Steel Cupboard, Office Table എന്നിവ മാത്രമാണ് കണ്ടത്. ബാക്കിയുള്ള 114 കസേരകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/30.8.2025) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയില്ല. ഈ സാഹചര്യത്തിൽ 114 കസേരകളുടെ വിലയായ **61560 രൂപ നിരാകരിക്കുന്നു.**

മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകളും രൂപീകരിച്ചിട്ടുള്ളത് വാസ്തവത്തിൽ സാംസ്കാരിക നിലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനായിരുന്നു എന്നാണ് അനുമാനിക്കേണ്ടതാണ്. പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള വലിയ കസേരകൾ അങ്കണവാടിയിൽ ആവശ്യമില്ലാത്തതാണ്. സെക്രട്ടറി നിർവ്വഹിക്കേണ്ട പ്രസ്തുത പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസറിനെ ഏല്പിച്ചതിന്റെ കാരണവും വ്യക്തമല്ല. മേൽ സൂചിപ്പിച്ച ഫർണ്ണീച്ചറുകൾ ബന്ധപ്പെട്ട അങ്കണവാടികൾ/സാംസ്കാരിക നിലയങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. അപാകതകളുടെ വെളിച്ചത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം നിരാകരിച്ച തുക ഒഴികെ ബാക്കി **82640 രൂപ തടസ്സപ്പെടുത്തുന്നു.** സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### <u>4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം</u>

1. <u>മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)</u>

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 27 | 102500 | 102500 | - | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

2. <u>മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)</u>

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | ബാധകമല്ല | 0 | 0 | - | - |

3. <u>മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-07-2024 -31-7-24 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)</u>

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 0 | ബാധകമല്ല | 0 | 0 | - |

4. <u>മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)</u>

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 28.2.2025 | 0 | 0 | 0 | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 22.8.2025 & 23.8.2025 | കെ.എസ്.എ.പിറ്റിഎ.പി6-1115/25 തീയതി 16.10.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 1630000 | ലൈഫ് പദ്ധതി ജനറൽ (17/25) | 1630000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 114986 | അംഗൻവാടി പോഷകാഹാരം (55/25) | 114986 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (219/25) | 300000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 430000 | ലൈഫ് പട്ടികവർഗ്ഗം പാർപ്പിടം (51/25) | 430000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 800000 | ലൈഫ് പട്ടികജാതി പാർപ്പിടം (51/25) | 800000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 417135 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (7/25) | 417135 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 750000 | ഇടവിള കൃഷി ബാലൻസ് തുക നൽകൽ (386/25) | 750000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 298465 | പ്രൈമറി പാലിയേറ്റീവ് കെയർ (9/25) | 298465 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 30000 | ലൈഫ് പട്ടികവർഗ്ഗം പാർപ്പിടം (51/25) | 30000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 2110000 | ലൈഫ് പട്ടികജാതി പാർപ്പിടം (51/25) | 2110000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 363579 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (7/25) | 363579 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽകിണർ മെയിന്റനൻസ് (322/25) | 16000 | 0 | 16000 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (45/25) | 89795 | 0 | 89795 |
| | മാടമൺ അളുംബനാംകുഴി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (50/25) | 115000 | 0 | 115000 |
| | സ്ട്രീറ്റ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (315/25) | 200000 | 0 | 200000 |

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശ്യം | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | 7947738 | 9807192 | 17754930 | 2878827 | | 14876103 |

| പദ്ധതി | | | | | | |
|---|---|---|---|---|---|---|

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2023-24 | 1-21 | 6000 | ശ്രീമതി ലക്ഷ്മിക്കുട്ടി (ഗുണഭോക്താവ്) | 124090011/3.4.2024 |
| | ആകെ | **6000** | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 മുതൽ 2010-11 വരെ | 3-1 | 2013-14 | മണ്ണിര കമ്പോസ്റ്റ് | പരാമർശം നിലനിൽക്കുന്നു |
| | 3-3 | | ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തിയായില്ല | |
| | 3-4 | | റിവോൾവിംഗ് ഫണ്ട് | |
| 2011-12 | 3-5 | 2013-14 | വാട്ടർ ടാങ്ക് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |
| | 3-7 | | ഖരമാലിന്യ നിർമ്മാർജ്ജനം | |
| | 3-8 | | കുടിവെള്ള പൈപ്പ്ലൈൻ | |
| | 3-10 | | വാട്ടർ അതോറിറ്റിക്ക് മോട്ടർ വാങ്ങിയത് | |
| | 3-11 | | പൊതുടാപ്പ് വെള്ളക്കരം | |
| 2014-15 | 2-4, 2-5 | 2016-17 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | പരാമർശം നിലനിൽക്കുന്നു |

## 4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,72,59,992 | ₹18,60,76,159 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,12,62,006 | ₹18,04,98,895 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **₹6,11,657** | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **₹59,56,985** | |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (1-22) | ₹1,00,000 | ശ്രീ മനോജ് വൈ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 (1-25) | ₹2,77,477 | ശ്രീമതി ശ്രീതി റ്റി.എസ്, കൃഷി ഓഫീസർ |
| 3-3 (1-38) | ₹86,520 | ശ്രീമതി ശ്രീതി റ്റി.എസ്, കൃഷി ഓഫീസർ |
| 3-4 (1-33) | ₹32,100 | ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5 (1-35) | ₹1,15,560 | ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | **₹6,11,657** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | ₹5,81,550 | ശ്രീ. സുനിൽകുമാർ എൻ, സെക്രട്ടറി |
| 1-23 | ₹5,25,000 | ശ്രീ. സുനിൽകുമാർ എൻ, സെക്രട്ടറി |
| 1-24 | ₹19,500 | ശ്രീ. സുനിൽകുമാർ എൻ, സെക്രട്ടറി |
| 1-27 | ₹9,22,600 | ശ്രീ. സുനിൽകുമാർ എൻ, സെക്രട്ടറി |
| 1-29-1 | ₹4,50,000 | ശ്രീ. ഷൈജു സി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29-2 | ₹3,03,000 | ശ്രീ സുജിത് എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-31 | ₹2,53,405 | ശ്രീ ബിജു തോമസ്, ഹെഡ് മാസ്റ്റർ, ട്രൈബൽ LP സ്കൂൾ, അട്ടത്തോട്. |
| 1-32 | ₹96,840 | ശ്രീ ബിജു തോമസ്, ഹെഡ് മാസ്റ്റർ, ട്രൈബൽ LP സ്കൂൾ, അട്ടത്തോട്. |
| 1-33 | ₹221880 | ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-34 | ₹27,475 | ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-35 | ₹82640 | ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-36 (1) | ₹1,80,000 | ശ്രീമതി ഷൈജ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 (2) | ₹6,76,005 | ശ്രീമതി ഷൈജ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 (3) | ₹2,89,790 | ശ്രീ പ്രവീൺ സി ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | ₹22,500 | ശ്രീമതി ശ്രീതി റ്റി.എസ്, കൃഷി ഓഫീസർ |
| 1-40 | ₹12,14,800 | ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 1-42 | ₹90,000 | ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | **₹59,56,985** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽകുമാർ എൻ, സെക്രട്ടറി | സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | കടാക്ഷം, കൈത സൗത്ത്, ചെട്ടിക്കുളങ്ങര പി.ഒ, ആലപ്പുഴ ജില്ല 690106 |
| ശ്രീ. ഷൈജു സി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പെരിങ്ങര ഗ്രാമപഞ്ചായത്ത് | വേളകൊമ്പിൽ, കടത്തൂർ, തഴവ പി.ഒ, കൊല്ലം ജില്ല 690523 |
| ശ്രീ മനോജ് വൈ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് | വിനോദ് കോട്ടേജ്, നമ്പിയത്തി, പുതിയതുറ പി.ഒ, തിരുവനന്തപുരം ജില്ല 695526 |
| ശ്രീമതി ശ്രീതി റ്റി.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് | ലാൽ ഭവൻ, പുതുമല, അടൂർ, പത്തനംതിട്ട ജില്ല |
| ശ്രീമതി അർച്ചന യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് | അർച്ചന വിലാസം, ഇടപന, കൊല്ലം ജില്ല 691579 |
| ശ്രീ സുജിത് എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് | സോപാനം പള്ളിക്കൽ പി.ഒ |
| ശ്രീ ബിജു തോമസ്, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ട്രൈബൽ LP സ്കൂൾ, അട്ടത്തോട്. | മാമൂട്ടിൽ, അമ്പൂരി പി.ഒ, തിരുവനന്തപുരം, Pin:695505 |
| ശ്രീമതി ഷൈജ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിയർ, പേരയം ഗ്രാമപഞ്ചായത്ത് | ഷംന മൻസിൽ, ചവറ പി ഒ, കൊല്ലം |
| ശ്രീ പ്രവീൺ സി ജി, അസിസ്റ്റന്റ് എഞ്ചിനീയർ | (അവധിയിലാണ്) | ഫ്ലാറ്റ് നം.C2,അനിടെക്ക് ബ്ലോസ്സം,സെക്കന്റ് മെയിൻ VGP, സെൽവനഗർ, വളാച്ചേരി , ചെന്നൈ. |

**<u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി5-72/06 | 2-9, 2-10 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി5-366/08 തീയതി 5.4.09/31.12.09 | 2-4 ബി, 3-15, 3-16, 3-19, 3-29 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി5-247/2010 തീയതി 4.9.2010/29.7.2011 | 3-18 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി8-855/11 തീയതി 20.12.2011/18.3.2014 | 3-2, 3-18 |
| 2006-07 To 08-09 | എൽ.എഫ്.പിറ്റിഎ.പി6-669/12 തീയതി 4.9.2012/18.3.2014 | 3-4, 3-5, 3-11, 3-14, 3-15, 3-18, 3-20, 3-21, 3-22, 3-24, 3-25 3-26, 3-28, 3-35, 3-36, 3-37, 3-38 |
| 2009-10 To 10-11 | എൽ.എഫ്.പിറ്റിഎ.പി6-774/13 തീയതി 4.2.2014/13.3.2014 | 2-4, 3-1, 3-2, 3-3, 3-6, 3-7, 3-9 മുതൽ 3-18 വരെ |
| 2011-12 | എൽ.എഫ്.പിറ്റിഎ.പി6-775/2013 തീയതി 24.1.2014/18.3.2014 | 2-1, 3-4, 3-2, 3-3, 3-4, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-21, 3-25, 3-26, 3-27, 3-28 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി6-216/15, തീയതി 15.7.2015/21.7.2015 | 3-2, 3-5, 3-6, 3-7, 3-8, 3-12(3), 3-13 |
| 2013-14 To 14-15 | എൽ.എഫ്.പിറ്റിഎ.പി12-170/16 തീയതി 22.3.2016 | 2-1, 2-4, 2-5, 3-1(1), (2), (3), 3-2, 3-3, 3-7, 3-8, 3-10 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി6-1317(എ))/16 തീയതി 7.12.2016 | 2-2, 2-6, 2-10, 2-11, 3-2, 3-3, 3-5, 3-7, 3-11, 3-12, 3-13, 3-19, 3-22, 3-25 |
| 2016-17 | കെ.എസ്.എ .പിറ്റിഎ.പി6-727/17 തീയതി 14.7.2017 | 2-2, 2-3, 2-4, 2-6, 2-8, 3-5, 3-7, 3-8, 3-10, 3-11, 3-12,3-13, 3-14, 3-15 |
| 2017-18 | നം.കെ.എസ്.എ.പിറ്റിഎ.പി3-19/19 തീയതി 14.1.2019 | 1-12, 1-13, 2-1, 2-2, 2-3, 2-4,2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12,3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 4-1,4-2, 4-7, 4-8, 4-10, 4-11 |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി3-707/19 തീയതി 6.9.2019 | 2-1, 2-6, 3-3, 3-6, 3-10, 3-11, 3-14, 3-15, 3-17 |
| 2019-20 | നം.കെ.എസ്.എ.പിറ്റിഎ.പി6-247/22 തീയതി 18.3.22 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-24, 1-26, 3-1, 3-2 |
| 2020-21 | നം.കെ.എസ്.എ.പിറ്റിഎ.പി6-248/22 തീയതി 22.5.2023 | 1-2,1-9,1-11 മുതൽ 1-42 വരെ, 3-1,4-1,4-7 |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി6-922/2022 തീയതി 6.6.2023 | 1-1,1-2,1-4,1-5,1-9,1-11 മുതൽ 1-35 വരെ, 4-2, 4-7, 4-10 |
| 2022-23 | കെ.എസ്.എ.പിറ്റിഎ.പി6-1097/23 തീയതി 27.3.2024 | 1-1-13,1-1-21,1-13,1-14,1-15,1-16,1-17,1-19,1-20,1-21,1-24,<br>1-25, 1-26, 1-27,1-28, 1-29, 1-31, 1-32, 1-33, 1-34, 1-36, 1-37, 1-39, 1-40, 1-41, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, 1-58, 1-59,3-1, 3-2, 3-3, 3-4, 3-5, 3-6, 4-2, 4-7, 4-9, 4-10 |

| | | |
|---|---|---|
| 2023-24 | കെ.എസ്.എ.പിറ്റിഎ.പി6-1210/24 തീയതി 13.12.2024 | 1-1-1 മുതൽ 1-1-27 വരെ, 1-4, 1-5, 1-9, 1-11 മുതൽ 1-25 വരെ, 1-27 മുതൽ 1-48 വരെ, 3-1, 3-2, 4-2, 4-7, 4-9, 4-10 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 13-06-2025 and submitted on 20-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the RANNY PERUNADU Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of RANNY PERUNADU Grama Panchayat as on 31-03-2025

**Date: 16/10/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of RANNY PERUNADU Grama Panchayat for the Year 2024-2025.

### 1.Major Observations

1. Error occurred in calaculation of depreciation. Depreciation was calculated at 2.5 times the value of the fixed asset. There is no increase in the fixed asset.
2. Accounting of assets is not accurate. The value of Grama panchayat land not accounted yet.

### 2.Other Observations

1. All the notes as per accounting rules are not included in the annual accounts.

2. The accuracy of the cash flow statement is not certified in the audit. As per the cash flow statement the net increase in cash and cash equivalents is Rs. 3762384. But in the same schedule the net generated by operating+investing+financing activity is Rs. 5919834.

3, Demand entries are not recorded in a timely manner.

4. Under the Finance Commission Grant, the treasury received Rs 830034 and Rs 6774864 in basic and tied categories respectively.

However, this amount is not included in the annual accounts. The balance as per Schedule B4 does not match with Rp 40 (b).

5. The accounting of Sabarimala grants is inaccurate.

6. The accuracy of the balance amount in Schedule B4 could not be acertained.

7. Schedule B4:- The documents required to verify the accuracy of the balance of loans, advances, and deposits were not provided.

8. No clarity on NREGS recoupment.

9. The amount of Surcharge on the Property Tax is not accurate.

10. No documents is produced for verification of withdrawl of investment.

11. The accuracy of amount of property tax is not convincing

12. The accuracy of prior period income schedule is not convincing.

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്